2020 മാർച്ച്
30
തിങ്കൾ
1195 മീനം 17

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

ലോക്ക് പൊളിച്ച് ആയിരങ്ങൾ

ഇതരസംസ്ഥാന തൊഴിലാളികൾ **പ്രതിഷേധവുമായി തെരുവിൽ**

ചങ്ങനാശേരി പായിപ്പാട്ട് **സംഘർഷം, ലാത്തിച്ചാർജ്**

നാടുകളിൽ പോകാൻ **സൗകര്യമൊരുക്കണമെന്ന് ആവശ്യം**

അപ്രതീക്ഷിത തെരുവുസമരം **അധികൃതരെ ഞെട്ടിച്ചു**

സമരത്തിനിറങ്ങിയവർക്കെതിരേ **കേസ് ചാർജ് ചെയ്തു**

സ്വന്തം ലേഖകർ

കോട്ടയം/ചങ്ങനാശേരി: കൊവിഡ് 19 മുൻകരുതൽ ലോക്ക് ഡൗൺ ഉത്തരവു ലംഘിച്ച് ചങ്ങനാശേരി പായിപ്പാട്ട് നാലായിരത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ തെരുവിലിറങ്ങി. നാട്ടിലേക്കു മടങ്ങാൻ സൗകര്യം ഒരുക്കിനൽകണമെന്നാവശ്യപ്പെട്ടാണ് പായിപ്പാട് കവലയിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിലായി കഴിയുന്ന ഇതരസംസ്ഥാനക്കാർ അപ്രതീക്ഷിതമായി സംഘടിച്ചത്.

ഇന്നലെ രാവിലെ 10 മണിയോടെയാണ് സംഭവങ്ങൾക്കു തുടക്കം. തൃക്കൊടിത്താനം സിഐ സാജു വർഗീസിന്റെ നേതൃത്വത്തിലെത്തിയ പൊലീസ് സംഘം ഇവരെ പിരിച്ചുവിടാൻ ശ്രമിച്ചെങ്കിലും കൂട്ടാക്കാൻ തയാറായില്ല. ഇതിനിടെ അവരുടെ എണ്ണവും പ്രതിഷേധവും നിയന്ത്രണാതീതമായി. അതോടെ പൊലീസ് മൈക്കിലൂടെ ഹിന്ദി, ബംഗാളി, ആസമീസ് ഭാഷകളിലൂടെ സംസാരിച്ചു.

തഹസിൽദാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വിവിധ സംഘടനാ നേതാക്കളും പ്രതിഷേധക്കാരോട് സംസാരിച്ചുവെങ്കിലും സ്ഥിതി വഷളായി. അതോടെ ചങ്ങനാശേരി ഡിവൈഎസ്പി എസ്. സുരേഷ് കുമാറിന്റെ നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹം നിരന്നു. തുടർന്ന് കോട്ടയം ജില്ലാ കലക്റ്റർ പി.കെ. സുധീർബാബു, ജില്ലാ പൊലീസ് മേധാവി ജി. ജയദേവ്, പത്തനംതിട്ട ജില്ലാ കലക്റ്റർ പി.ബി. നൂഹ്, മാത്യു ടി. തോമസ് എംഎൽഎ തുടങ്ങിയവരും പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടുവെങ്കിലും ഇവർ തയാറായില്ല.

സമരക്കാർ റോഡിൽ കുത്തിയിരിക്കാൻ ശ്രമിച്ചതോടെ തഹസിൽദാർ ജിനു പുന്നൂസ് കാര്യങ്ങൾ ഇവരെ പറഞ്ഞു ബോധ്യപ്പെടുത്തി. നാട്ടിലേക്ക് പോകുന്നതിനുള്ള ക്രമീകരണം ഇപ്പോൾ നടത്താൻ കഴിയില്ലെന്നും കമ്മ്യൂണിറ്റി കിച്ചനുകളിൽ തയ്യാറാക്കുന്ന ഭക്ഷണം വേണ്ടാത്തവർക്ക് സ്വയം ഭക്ഷണം പാകം ചെയ്യുന്നതിനുള്ള അവശ്യ സാധനങ്ങൾ എത്തിച്ചു നൽകുമെന്നും തഹസിൽദാർ അറിയിച്ചു. ഇതിനിടെ ഒരു വിഭാഗം കൂക്കിവിളിക്കുകയും ഉദ്യോഗസ്ഥരെ കൈയേറ്റം ചെയ്യുന്നതിലേക്കും കടന്നതോടെ പൊലീസ് ചെറിയ തോതിൽ ബലം പ്രയോഗിച്ചു. ഇതിനിടെ ചാഞ്ഞോടി ഭാഗത്തേക്ക് നീങ്ങിയ നൂറോളം പേർ പൊലീസിനു നേരെ തട്ടിക്കയറി. അതോടെ ലാത്തിച്ചാർജ് നടത്തി എല്ലാവരെയും പിരിച്ചയച്ചു.

തുടർന്ന് മന്ത്രി പി. തിലോത്തമൻ പായിപ്പാട്ടെത്തി മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. തുടർന്ന് ചങ്ങനാശേരി ടിബിയിൽ മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു.

അപ്രതീക്ഷിത സംഘം ചേരലിനു പിന്നിൽ ഗൂഢാലോചനയും വാട്സ് ആപ് സന്ദേശം പ്രചരിപ്പിക്കലുമുണ്ടെന്ന ആരോപണം ഉയർന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ചു അന്വേഷണം നടത്താൻ ജില്ലാ പൊലീസ് മേധാവിയെ യോഗം ചുമതലപ്പെടുത്തി. മുൻ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, മധ്യ മേഖലാ ഡിഐജി കാളിരാജ് മഹേഷ് കുമാർ സിപിഎം ജില്ലാ സെക്രട്ടറി വി.എൻ വാസവൻ, ഡിസിസി പ്രസിഡന്റ് ജോഷി ഫിലിപ്പ്, മറ്റു നേതാക്കൾ ജനപ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

തങ്ങളെ നാട്ടിലേക്ക് മടക്കിവിടണമെന്നാവശ്യപ്പെട്ട് ആയിരക്കണക്കിന് ഇതരസംസ്ഥാന തൊഴിലാളികൾ ചങ്ങനാശേരി പായിപ്പാട് ജംക്ഷനിൽ പ്രതിഷേധവുമായി ഒത്തുകൂടിയപ്പോൾ.

സുരേഷ് മാമ്മൂട്

ഗൂഢശക്തികൾ പ്രവർത്തിച്ചതായി സൂചന: മുഖ്യമന്ത്രി

ചങ്ങനാശേരി പായിപ്പാട്ട് കൂട്ടത്തോടെ ഇതരസംസ്ഥാനക്കാർ തെരുവിലിറങ്ങിയതിനു പിന്നിൽ സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കാൻ ശ്രമിക്കുന്ന ചില ശക്തികളുണ്ട് എന്ന സൂചനയുണ്ട്. അത്തരം ഗൂഢാലോചന നടത്തിയവരെ അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരും.

തൊഴിലാളികൾക്കെന്നല്ല ആർക്കും സഞ്ചരിക്കാൻ ഇപ്പോൾ അനുവാദമില്ല. നിന്നിടത്തു തന്നെ നിൽക്കുക. സ്വന്തം നാടുകളിലേക്ക് തിരിച്ചുപോവുക എന്ന അവരുടെ ആവശ്യം അംഗീകരിക്കാൻ നിർവാഹമില്ല. അതെല്ലാവർക്കും അറിയാം. എന്നിട്ടും അവർക്കിടയിൽ നാട്ടിലേക്ക് പോകാമെന്ന വ്യാമോഹം ഉണർത്തിയവരെയും അതിനുതകുന്ന സന്ദേശങ്ങൾ അയച്ചവരെയും പ്രചാരണം നടത്തിയവരെയും തിരിച്ചറിയേണ്ടതുണ്ട്. അവർക്കിടയിൽ തെറ്റിദ്ധാരണ പരത്തി ഇളക്കിവിടാൻ നടന്ന ശ്രമം ഈ നാടിനെതിരായ നീക്കമാണ്.

പായിപ്പാട് സംഭവം സമൂഹത്തിൽ രൂക്ഷമായ പ്രതികരണം സൃഷ്ടിച്ചിട്ടുണ്ട്. ശാരീരിക അകലം പാലിക്കാതെ കൂട്ടത്തോടെ തെരുവിലിറങ്ങിയത് കൊറോണ പ്രതിരോധത്തിന്റെ അടിസ്ഥാന സ്വഭാവത്തിനു തന്നെ വിരുദ്ധമാണ് എന്ന് ജനങ്ങളാകെ കരുതുകയാണ്.

മികച്ച രോഗപ്രതിരോധ പ്രവർത്തനം നടത്തുന്ന നാടിന് ഇത് അംഗീകരിക്കാനാവില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിലപാടെടുക്കും.

1000 കടന്ന് രോഗബാധിതർ, 27 മരണം

- ലോകമൊട്ടാകെ മരണം 31,412
- ജർമൻ സംസ്ഥാനത്തെ ധനമന്ത്രി ജീവനൊടുക്കി

ന്യൂഡൽഹി: രാജ്യത്ത് ഇന്നലെ 106 പേർക്കു കൂടി കൊവിഡ് 19 സ്ഥിരീകരിച്ചതോടെ ആകെ രോഗബാധിതരുടെ എണ്ണം 1024 ആയി ഉയർന്നു. 27 പേർ മരിച്ചു. മഹാരാഷ്ട്രയും കേരളവുമാണ് രോഗബാധിതരുടെ പട്ടികയിൽ മുന്നിൽ. മഹാരാഷ്ട്രയിൽ ഏഴു പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. ഇവിടെ 203 പേരാണു ചികിത്സയിലുള്ളത്. കേരളത്തിൽ 181 പേർ ചികിത്സയിലുണ്ട്. മൂന്നാം സ്ഥാനത്തുള്ള കർണാടകയിൽ 83 പേർക്കു വൈറസ് ബാധ സ്ഥിരീകരിച്ചു.

ലോകമൊട്ടാകെ മരണസംഖ്യ 31,412 ആയി ഉയർന്നു. ഇവരിൽ മൂന്നിൽ രണ്ടും യൂറോപ്യൻ രാജ്യങ്ങളിൽ. 183 രാജ്യങ്ങളിലായി 6,67,090 പേർക്കാണ് ഇതേവരെ രോഗം സ്ഥിരീകരിച്ചത്. ഇവരിൽ 1,34,700 പേർക്ക് രോഗം ഭേദമായി.

ഇറ്റലിയിൽ മരണം 10023 ആയി. 92,384 പേർ ചികിത്സയിലുണ്ട്. സ്പെയ്ൻ- 6,528, ഇറാൻ- 2,640, ഫ്രാൻസ്- 2,314 , യുഎസ്- 2,191 എന്നിങ്ങനെയാണു മരണ സംഖ്യ. മഹാമാരിയുടെ പ്രഭവകേന്ദ്രമായ ചൈനയിൽ 3295 പേരാണു മരിച്ചത്. യുഎസിൽ 1.24 ലക്ഷം പേർ ചികിത്സയിലുണ്ട്.

അതിനിടെ, വൈറസ് ബാധയെയും സാമ്പത്തിക പ്രതിസന്ധിയെയും എങ്ങനെ നേരിടുമെന്ന സമ്മർദത്തിൽ ജർമനിയിലെ ഹെസ്സെ സംസ്ഥാനത്തെ ധനമന്ത്രി ജീവനൊടുക്കി. തോമസ് ഷെഫറിനെ (54) യാണ് റെയ്ൽവേ പാളത്തിനരികിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ജർമനിയുടെ സാമ്പത്തിക തലസ്ഥാനം ഫ്രാങ്ക്ഫർട്ട് ഉൾപ്പെടുന്ന സംസ്ഥാനമാണ് ഹെസ്സെ. 10 വർഷമായി ഇവിടത്തെ ധനമന്ത്രിയായിരുന്ന ഷെഫർ ദിവസങ്ങളായി വിശ്രമമില്ലാതെ ഓഫിസിൽ ജോലിയിലായിരുന്നു.

അടുത്തകാലത്തായി വലിയ സമ്മർദത്തിലായിരുന്നെന്നും ഹെസ്സെ പ്രധാനമന്ത്രി വോൾക്കർ ബൗഫർ. ചാൻസലർ ഏഞ്ജല മെർക്കലിന്റെ വിശ്വസ്തനായിരുന്നു ഷെഫർ. ഭാര്യയും രണ്ടു മക്കളുമുണ്ട്.

സംസ്ഥാനത്ത് 20 പേർക്ക് കൂടി കൊവിഡ്

- ആരോഗ്യ പ്രവർത്തകനും രോഗം
- 1,41,211 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: ഇന്നലെ കേരളത്തിൽ 20 പേർക്ക് കൊവിഡ് 19 രോഗബാധ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. കണ്ണൂർ ജില്ലയിൽ നിന്ന് എട്ടു പേർക്കും കാസർഗോഡ് ജില്ലയിൽ നിന്ന് ഏഴുപേർക്കും തിരുവനന്തപുരം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നും ഓരോരുത്തർക്കും. ഇവരിൽ 18 പേർ വിദേശത്തു നിന്ന് എത്തിയവരാണ്. രണ്ടുപേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.

തിരുവനന്തപുരം ജില്ലയിൽ രോഗം സ്ഥിരീകരിച്ചയാൾ മെഡിക്കൽ കോളെജ് ഐസൊലേഷൻ ഐസിയുവിൽ ചികിത്സയിലാണ്. എറണാകുളം ജില്ലയിലെ ഒരു ആരോഗ്യ പ്രവർത്തകനും രോഗം സ്ഥിരീകരിച്ചു. പത്തനംതിട്ട ജില്ലയിൽ ചികിത്സയിലായിരുന്ന നാലുപേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്.

കേരളത്തിൽ 202 പേർക്കാണ് ഇതുവരെ രോഗബാധ സ്ഥിരീകരിച്ചത്. നിലവിൽ 181 പേരാണ് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. വിവിധ ജില്ലകളിലായി 1,41,211 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,40,618 പേർ വീടുകളിലും 593 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

നിരീക്ഷണത്തിൽ ഇരുന്നയാൾ മരിച്ചു

കണ്ണൂർ: കണ്ണാടിപ്പറമ്പിൽ കൊവിഡ് 19 നിരീക്ഷണത്തിലുണ്ടായിരുന്നയാൾ മരിച്ചു. ചേലേരി അബ്ദുൽ ഖാദർ ആണ് മരിച്ചത്. ഹൃദയ സംബന്ധമായ അസുഖമുണ്ടായിരുന്ന ഇദ്ദേഹം ഈ മാസം 21നാണ് ദുബായിൽ നിന്ന് എത്തിയത്. കൊവിഡ് പരിശോധനാ ഫലം ലഭിച്ച ശേഷം മാത്രമേ മൃതദേഹം വിട്ടുനൽകൂ.

ദുബായിൽ നിന്ന് എത്തിയപ്പോൾ തന്നെ അബ്ദുൽ ഖാദർ വീട്ടിൽ നിരീക്ഷണത്തിലായിരുന്നു. തനിച്ച് മറ്റൊരു വീട്ടിലേക്ക് താമസം മാറി. ഭക്ഷണം വീടിനു പുറത്തുവയ്ക്കാനാണ് കുടുംബത്തോട് ആവശ്യപ്പെട്ടത്. ഇന്നലെ വച്ച ഭക്ഷണം എടുക്കാതിരുന്നതോടെ ബന്ധുക്കൾ കയറിനോക്കിയപ്പോഴാണ് മരിച്ച നിലയിൽ കണ്ടത്. അബ്ദുൽ ഖാദറിനോ അദ്ദേഹവുമായി ഇടപഴകിയവർക്കോ ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചിട്ടില്ല.

വീട്ടിലിരിക്കാൻ പറഞ്ഞതിൽ ക്ഷമിക്കുക: മോദി

- ഈ യുദ്ധത്തിൽ ഇന്ത്യ ജയിക്കണം

ന്യൂഡൽഹി: കൊറോണയ്ക്ക് എതിരെ പോരാടാൻ മറ്റൊരു വഴിയും ഇല്ലാത്തതു കൊണ്ടാണ് എല്ലാവരും ദിവസം വീട്ടിലിരിക്കാൻ പറഞ്ഞതെന്നും അതിന് തന്നോടു ക്ഷമിക്കണമെന്നും മൻ കി ബാത്ത് റേഡിയോ പ്രഭാഷണത്തിൽ ജനങ്ങളോടു പ്രധാനമന്ത്രി നരേന്ദ്ര മോദി.

നിങ്ങൾക്ക് അനേകം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നിട്ടുണ്ട്, വിശേഷിച്ചും ദരിദ്രരായവർക്ക്. വീട്ടിൽ അടച്ചിരിക്കാൻ പറഞ്ഞതിന്റെ പേരിൽ ഒരുപാടുപേർക്ക് അനിഷ്ടവും ഉണ്ടായിക്കാണണം. പക്ഷേ, വേറെ വഴിയില്ല. കൊറോണയ്ക്കെതിരെയുള്ള പോരാട്ടം ജീവിതത്തിനും മരണത്തിനുമിടയ്ക്കുള്ള പോരാട്ടമാണ്. ഇതിൽ ജയിക്കേണ്ടതുണ്ട്. അതുകൊണ്ട് കടുത്ത നടപടി ആവശ്യമായിരുന്നു. രോഗത്തോടും അതിന്റെ വ്യാപനത്തോടും തുടക്കത്തിലേ പോരാടേണ്ടതാണ്. പിന്നീട് രോഗം നശിപ്പിക്കുക എന്നത് അസാധ്യമാകും, അപ്പോൾ ചികിത്സയും പ്രയാസമാകും.

ചിലർ കരുതുന്നത് ലോക്ഡൗൺ പാലിക്കുന്നതു വഴി അവർ മറ്റാർക്കോ ഉപകാരം ചെയ്യുകയാണെന്നാണ്. ഈ ധാരണ ശരിയല്ല. ലോക്ഡൗൺ സ്വന്തം രക്ഷയ്ക്കാണ്. സ്വയം കാക്കണം, കുടുംബത്തെയും കാക്കണം. ലോക്ഡൗൺ ലംഘിച്ചാൽ വൈറസിൽ നിന്നു രക്ഷപ്പെടുക പ്രയാസമാകും. ലോകമെങ്ങും പലർക്കും ഈ തെറ്റിദ്ധാരണയുണ്ടായിരുന്നു. ഇന്ന് അവരെല്ലാം പശ്ചാത്തപിക്കുകയാണ്. ഏറെ വെല്ലുവിളി നിറഞ്ഞ യുദ്ധമാണ് നയിക്കുന്നത്.

അതുകൊണ്ട് ഈ അവസരത്തിൽ എടുക്കുന്ന തീരുമാനങ്ങളും ലോകചരിത്രത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതുമായിരിക്കും. ഈ യുദ്ധം ജയിച്ചേ മതിയാകൂ. തീർച്ചയായും അതിൽ ജയിക്കുമെന്നും മോദി.

സ്വർണം

ഗ്രാം	- 3,830
പവൻ	- 30,640

www.facebook.com/metrovaarthaofficial

അതിർത്തികൾ അടയ്ക്കണം, പലായനം തടയണം: കേന്ദ്രം

ന്യൂഡൽഹി: കുടിയേറ്റ തൊഴിലാളികൾ കൂട്ടത്തോടെ സ്വന്തം നാടുകളിലേക്കു മടങ്ങുന്നതു തടയാൻ അതിർത്തികൾ കർശനമായി അടച്ചിടണമെന്ന് സംസ്ഥാനങ്ങളോടു കേന്ദ്ര സർക്കാർ. രാജ്യത്തു പലയിടത്തും ഇത്തരം കൂട്ടപലായനങ്ങളും അതിനുള്ള ശ്രമങ്ങളും നടക്കുന്ന സാഹചര്യത്തിലാണിത്. ഇങ്ങനെ ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്ക് 14 ദിവസത്തെയെങ്കിലും ക്വാറന്റൈൻ ഏർപ്പെടുത്തണമെന്നും കേന്ദ്രം നിർദേശിച്ചു. ചീഫ് സെക്രട്ടറിമാരും ഡിജിപിമാരുമായുള്ള വിഡിയോ കോൺഫറൻസിലാണ് ക്യാബിനറ്റ് സെക്രട്ടറി രാജീവ് ഗൗബയും ആഭ്യന്തര സെക്രട്ടറി അജയ് ഭല്ലയും സംസ്ഥാനങ്ങളോട് ഇക്കാര്യം ആവശ്യപ്പെട്ടത്.

നഗരങ്ങളിലും ഹൈവേകളിലും ജനങ്ങൾ വലിയ തോതിൽ ഇറങ്ങുന്ന സാഹചര്യം ഒഴിവാക്കണം. സംസ്ഥാന, ജില്ലാ അതിർത്തികൾ കടന്നുള്ള യാത്രകൾ കർശനമായി തടയണമെന്നു നിർദേശമുള്ളതാണ്. ജില്ലാ മജിസ്ട്രേറ്റുമാർക്കും എസ്പിമാർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ട്. ലോക്ക്ഡൗൺ ഫലപ്രദമാകാൻ അതു പാലിക്കപ്പെടണം. അതേസമയം, ചരക്കുനീക്കത്തിനു തടസം സൃഷ്ടിക്കരുതെന്നും നിർദേശം.

കുടിയേറ്റ തൊഴിലാളികൾക്കടക്കം പാവപ്പെട്ട എല്ലാവർക്കും ഭക്ഷണവും താമസവും സംസ്ഥാനങ്ങൾ ഉറപ്പുവരുത്തണം. തൊഴിലാളികളുടെ ശമ്പളം വെട്ടിക്കുറയ്ക്കാതെ സമയത്തിനു കിട്ടുന്നു എന്നുറപ്പാക്കണം. വീട്ടുവാടക ചോദിക്കരുത്. തൊഴിലാളികളോടും വിദ്യാർഥികളോടും വീടൊഴിഞ്ഞുപോകാൻ ആവശ്യപ്പെടുന്നവർക്കെതിരേ നടപടിയെടുക്കണം. ലോക്ക്ഡൗൺ പ്രഖ്യാപിച്ച ശേഷമുള്ള സ്ഥിതിഗതികൾ 24 മണിക്കൂറും നിരീക്ഷിച്ചുവരുന്നുണ്ട്. കാര്യങ്ങൾ ഏറെക്കുറെ തൃപ്തികരമാണ്- കേന്ദ്ര സർക്കാർ വ്യക്തമാക്കി.

കഴിഞ്ഞ ദിവസങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറ്റ തൊഴിലാളികൾ അവർ താമസിക്കുന്ന വീടുകളിൽ നിന്ന് ഇറക്കിവിടപ്പെടുകയും സ്വയം ഇറങ്ങി തെരുവുകളിലെത്തുകയും ചെയ്തിരുന്നു. ഡൽഹിയിൽ നിന്ന് ആയിരങ്ങളാണ് ഉത്തർപ്രദേശിലേക്കും ബിഹാറിലേക്കുമായി ഇറങ്ങിത്തിരിച്ചത്. കൈയിൽ പണമില്ല, ഭക്ഷണമില്ല തുടങ്ങി ഇപ്പോൾ നിൽക്കുന്ന സ്ഥലങ്ങളിൽ ജീവിക്കാനാവാത്ത കാരണങ്ങൾ പലത്.

നൂറു കണക്കിന് കിലോമീറ്ററുകൾ അകലെയുള്ള സ്വന്തം വീടുകളിൽ എത്താൻ കാൽനടയായി യാത്ര തിരിച്ചവർ നിരവധിയാണ്. ഇവരുടെ ക്ലേശങ്ങൾ കണ്ട് ചില സംസ്ഥാനങ്ങൾ ഗതാഗത, താമസ, ഭക്ഷണ സൗകര്യങ്ങൾ ഒരുക്കി.

ഡൽഹിയിൽ നിന്നും ബിഹാറിൽ നിന്നുമായി യുപിയിലേക്കു തിരിച്ച് അതിർത്തികളിൽ കുടുങ്ങിയവരെ നാട്ടിലെത്തിക്കാൻ 1500 ബസുകളാണ് യോഗി ആദിത്യനാഥ് സർക്കാർ ഏർപ്പാടാക്കിയത്. നോയ്ഡ, ഗാസിയാബാദ്, ബുലന്ദ്ശഹർ, അലിഗഡ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഈ ബസുകൾ കുടിയേറ്റ തൊഴിലാളികളെ സ്വന്തം നാട്ടിൽ കൊണ്ടുവന്നു.

ഇന്നലെയും ഡൽഹിയിൽ നിന്ന് നിരവധി പേർ യുപി ലക്ഷ്യമാക്കി ഇറങ്ങിയിരുന്നു. പക്ഷേ, ഇവർ ബസ് സ്റ്റേഷനിൽ തമ്പടിക്കുന്നത് പൊലീസ് ബാരിക്കേഡ് കെട്ടി തടഞ്ഞു. റെയിൽവേ ട്രാക്കിലൂടെ നടക്കാൻ ശ്രമിക്കുന്നവരെയും പൊലീസ് പിന്തിരിപ്പിച്ചു. വൈദ്യുതി, കുടിവെള്ളം കണക്ഷനുകൾ പോലും ഡൽഹി സർക്കാർ വിച്ഛേദിച്ചുവെന്നും ജീവിക്കാൻ വേണ്ടതൊന്നും കിട്ടുന്നില്ലെന്നുമാണ് ഇവരുടെ പരാതി. എന്നാൽ, കുടിയേറ്റ തൊഴിലാളികൾക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുമെന്ന് മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഉറപ്പുനൽകി.

കുടിയേറ്റത്തൊഴിലാളികളുടെ പലായനത്തിനെതിരേ മഹാരാഷ്ട്ര സർക്കാരും രംഗത്തുവന്നിട്ടുണ്ട്.

കർണാടകയിലേക്ക് കുടിയേറ്റ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട 60 പേരെ കടത്തുകയായിരുന്ന കണ്ടെയ്നർ ട്രക്കും ടെംപോയും ഇന്നലെ പുലർച്ചെ മുബൈയിൽ പൊലീസ് പിടികൂടി.

സർക്കാർ നിർദേശങ്ങൾ ലംഘിക്കുന്നതായ് ആക്ഷേപം

തേഞ്ഞിപ്പലം: ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചേളാരി ബോട്ലിംഗ് പ്ലാന്റിലെ ടാങ്കർ ലോറി തൊഴിലാളികൾ സർക്കാർ നിർദ്ദേശം ലംഘിക്കുന്നതായ് ആക്ഷേപം. ഐഒസിയിലേക്ക് അന്യസംസ്ഥാന നിന്നു വരുന്ന ടാങ്കർ ലോറി ഡ്രൈവർമാർ കോവിഡ് ഭീതിയെ തുടർന്ന് സർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ ബാധകമല്ലെന്ന വിധത്തിലാണ് പെരുമാറ്റം. സർക്കാർ നിർദ്ദേശ പ്രകാരം നിശ്ചിത അകലം പാലിക്കുകയോ, മാസ്ക് ധരിക്കുക യോ ചെയ്യുന്നില്ല. മാത്രമല്ല ഐഒസി അധികതർ ഇതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണെന്നുമാണ് ആരോപണം.

പാചക വാതകവു മായ് പ്ലാന്റിലേക്ക് വരുന്നതും പോകുന്ന വരുമായ ടാങ്കർ ലോറി തൊഴിലാളികളിൽ ഭൂരിപക്ഷവും അന്യ സംസ്ഥാനക്കാരാണ്. ഐഒസി യിൽ ബില്ലും ബസപ്പെട്ട രേഖകളും ശേഖരിക്കുന്നത് ഐഒസി ക്ക് മുൻവശമുള്ള കണ്ടറിന് സമീപം നിശ്ചിത അകലം പാലിക്കാതെ കൂട്ടമായി നിൽക്കുന്നതായി കണ്ടുവരുന്നു. മാത്രമല്ല ലോറി പാർക്കിംഗ് സ്ഥലത്തും ഇവർ തോന്നിയതു പോലെ സംഘം ചേരുകയാണ്. കോവി ഡ്- 19 ഇത്രയധികം ഭീതിജനകമായിട്ടും അന്യ സംസ്ഥന ടാങ്കർ തൊഴിലാളികളെ നിരീക്ഷിക്കുന്നതിനോ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ യെന്ന് ഉറപ്പു വരുത്താൻ കഴിയാത്തത് വൻ ആക്ഷേപത്തിനിടയാക്കിയിട്ടുണ്ട്. ഐഒസി ജനകീയ സമര സമിതി ചെയർമാൻ പി എം മുഹമ്മദലി ബാബു ഇതുമായ് ബഡപ്പെട്ട് കഴിഞ്ഞ ദിവസം അധികൃതർക്ക് പരാതി നൽകിയിട്ടും നടപടി യെടുത്തില്ലെന്ന് ആക്ഷേപം.

കോഴിക്കോട് 10762 പേർ നിരീക്ഷണത്തിൽ

കോഴിക്കോട് : കോവിഡ് 19 മായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഇന്ന് (മാർച്ച് 29) ആകെ 10762 പേർ നിരീക്ഷണത്തിലുള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി. ജയശ്രീ അറിയിച്ചു. ഇതിൽ 108 പേർ പുതുതായി നിരീക്ഷണത്തിൽ വന്നവരാണ്. മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള 21 പേരാണ് ആകെ ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. ജില്ലയിൽ ഇന്നും പുതിയ പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഇന്ന് ഒരു സ്രവസാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതുവരെയായി ആകെ 227 എണ്ണത്തിന്റെ പരിശോധന ഫലം ലഭിച്ചതിൽ 218 എണ്ണം നെഗറ്റീവാണ്. ഒൻപത് പോസിറ്റീവ് കേസുകളിൽ ആറ് പേർ കോഴിക്കോടും മൂന്ന് പേർ ഇതര ജില്ലക്കാരുമാണ്. ഇനി 16 പേരുടെ പരിശോധന ഫലം കൂടി ലഭിക്കാൻ ബാക്കിയുണ്ട്.

കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ

മാനസിക സംഘർഷം കുറയ്ക്കുന്നതിനായി ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ മെന്റൽ ഹെൽത്ത് ഹെൽപ്പ്ലൈനിലൂടെ 40 പേർക്ക് ഇന്ന് (29/3) കൗൺസലിംഗ് നൽകി. കൂടാതെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 53 പേർ ഫോണിലൂടെ സേവനം തേടി. സോഷ്യൽ മീഡിയയിൽ കൂടിയുള്ള ബോധവൽക്കരണം തുടർന്ന് വരുന്നു. കൊറോണയെ സംബന്ധിച്ച പോസ്റ്ററുകളും വീഡിയോകളും കീഴ്സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്തു. വാട്സാപ്പിലൂടെയും എൻ.എച്ച്.എം, മാസ്മീഡിയ വിങ് കോഴിക്കോട് ഫെയ്സ്ബുക്ക് പേജിലൂടെയും കൊറോണ സന്ദേശങ്ങൾ പ്രചരിപ്പിച്ചു. ജില്ലയിൽ തയ്യാറാക്കിയ പോസ്റ്ററുകളും ലഘുലേഖകളും കീഴ്സ്ഥാപനങ്ങളിലേയ്ക്ക് വിതരണത്തിനായി കൈമാറി.

ആരോഗ്യവകുപ്പ് ഡയറക്റ്റർ ജില്ലയിലെ കൺട്രോൾ റൂമിലെ ജീവനക്കാരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ ജില്ലാ സർവെലൻസ് ഓഫീസർ പങ്കെടുത്തു. ജില്ലാ മെഡിക്കൽ ഓഫീസർ ബീച്ച് ആശുപത്രിയിലെ ഡോക്റ്റർമാർക്കും നഴ്സുമാർക്കും വീഡിയോ കോൺഫറൻസ് നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വൈറസ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ച് ഫയർ സ്റ്റേഷനിലെ ഉദ്യോഗസ്ഥർ കോഴിക്കോട് നടക്കാവ് മത്സ്യമാർക്കറ്റും പരിസരവും അണുവിമുക്തമാക്കുന്നു

ലോക് ഡൗൺ: മരുന്ന് വാങ്ങിക്കൂട്ടുന്ന പ്രവണത വർധിച്ചു

കോഴിക്കോട് : കോവിഡ് 19 നിയന്ത്രിക്കുന്നതിന് നഗരങ്ങളിലും ടൗണുകളിലും കൂടുതലാളുകൾ എത്താതിരിക്കാൻ അധികൃതർ ശ്രമിക്കുമ്പോഴും മെഡിക്കൽ ഷോപ്പുകളിൽ കച്ചവടം കൂടുന്നു. മെഡിക്കൽ ഷോപ്പുകളിൽ എത്തുന്നവർ വലിയ തോതിലാണ് മരുന്നുകൾ വാങ്ങിക്കുട്ടുന്നത്. ഭാവിയിൽ കുടുതൽ നിയന്ത്രണങ്ങൾ വന്നാൽ മരുന്നുകൾ കിട്ടാതാകുമോ എന്ന ഭയമാണ് ആളുകളെ മരുന്നുകൾ വൻ തോതിൽ വാങ്ങിക്കൂട്ടുന്നതിന് പ്രേരിപ്പിക്കുന്നതെന്ന് ഫാർമസി രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. കോവിഡ് 19 പിടിവിട്ടു പോയാൽ വീടിന് പുറത്തിറങ്ങുക കൂടുതൽ അപകടകരമാകുമെന്ന ഭയവും ആളുകളെ വൻ തോതിൽ മരുന്ന് വാങ്ങിക്കൂട്ടാൻ പ്രേരിപ്പിക്കുന്നു. അരിയും പല വ്യഞ്ജനങ്ങളും വാങ്ങുന്നതു പോലെ മരുന്നുകളും വാങ്ങിക്കൂട്ടുന്ന പ്രവണതയാണ് കാണുന്നത്. തിരക്ക് ക്രമാതീതമാവുമ്പോൾ ടോക്കണുകൾ നൽകുകയാണ് മെഡിക്കൽ ഷോപ്പുകാർ ചെയ്യുന്നത്.

അതേ സമയം മരുന്നുകൾ അവശ്യ വസ്തു ആയതിനാൽ ഇവയുടെ ലഭ്യതക്ക് ഒരു കാലത്തും കുറവ് വരില്ല. ഇതറിയാതെയാണ് പലരും മരുന്നുകൾ വലിയ തോതിൽ വാങ്ങിക്കൂട്ടുന്നത്. സാധാരണ ഗതിയിൽ പത്തും പതിനഞ്ചും ദിവസത്തേക്ക് വാങ്ങുന്നവർ രണ്ടും മൂന്നും മാസത്തേക്ക് മരുന്ന് വേണം എന്നാണ് ഇപ്പോൾ ആവശ്യപ്പെടുന്നത്. പ്രമേഹം, കൊളസ്ട്രോൾ, ഹൃദ്രോഗം, നാഡീരോഗം എന്നിവക്കുള്ള മരുന്നുകളാണ് കൂടുതലായും ചെലവാകുന്നത്. സ്ഥിരമായി ഇങ്ങനെ ആളുകളെത്താൻ തുടങ്ങിയതോടെ അവർ പറയുന്ന അളവിൽ മരുന്ന് കൊടുക്കാനില്ലെന്ന് മെഡിക്കൽ ഷോപ്പുകാർക്ക് പറയേണ്ടി വരുന്നു. രണ്ടു മാസത്തേക്ക് ആവശ്യപ്പെടുന്നവർക്ക് ഒരു മാസത്തേക്ക് നൽകിയും മറ്റും താത്കാലികമായി പ്രശ്നം പരിഹരിക്കുകയാണിപ്പോൾ മെഡിക്കൽ ഷോപ്പുകാർ.

മരുന്നിന് ക്ഷാമമുണ്ടാകുമെന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങുമോയെന്ന് മെഡിക്കൽ ഷാപ്പുകാർക്ക് ആശങ്കയുണ്ട്. അതേ സമയം മൊത്ത കച്ചവടക്കാരിൽ നിന്നും മെഡിക്കൽ ഷോപ്പുകാർക്ക് ആവശ്യത്തിന് മരുന്ന് കിട്ടാത്ത സാഹചര്യവും നിലനിൽക്കുന്നു. ഡിമാന്റ് കൂടിയതിനാലാണ് ഇതെന്നാണറിയുന്നത്. പണം മുൻകൂറായി നൽകണമെന്ന് പലപ്പോഴും മൊത്ത കച്ചവടക്കാർ ആവശ്യപ്പെടുന്നുണ്ട്.



നീട്ടുപാറയിൽ വാഷും വാറ്റുപകരണങ്ങളും പിടികൂടിയപ്പോൾ

മൊബൈൽ റീചാർജ് ഷോപ്പുകൾ അവശ്യസർവീസായി അനുവദിക്കും

മലപ്പുറം: ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ മലപ്പുറം ജില്ലയിൽ മൊബൈൽ റീചാർജ് ഷോപ്പുകളും കൊറിയർ സേവനങ്ങളും അവശ്യസർവീസായി അനുവദിക്കുമെന്ന് ജില്ലാകലക്ടർ അറിയിച്ചു. മൊബൈൽ റീചാർജ് ഷോപ്പുകൾക്കും കൊറിയർ സ്ഥാപനങ്ങൾക്കും രാവിലെ ഏഴ് മുതൽ വൈകീട്ട് അഞ്ചുവരെ പ്രവർത്തിക്കാം. കൂടാതെ കൊറിയർ ഡെലിവറി രാത്രി എട്ട് വരെ പ്രവർത്തിക്കാനുള്ള അനുമതിയുമുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയുന്നവർക്ക് സ്ഥാപനത്തിന്റെ ഐ.ഡി കാർഡുകൾ നിർബന്ധമാണ്.ഹോട്ടലുകൾക്കും രാവിലെ ഏഴ് മുതൽ വൈകീട്ട് അഞ്ച് വരെ പ്രവർത്തിക്കാം. പാർസൽ സേവനങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ. രാത്രി എട്ടു വരെ ഭക്ഷണത്തിന്റെ ഹോം ഡെലിവറി നൽകാം. ഹോട്ടൽ ജീവനക്കാർ സ്വന്തം ഐ.ഡി കാർഡുകൾ കയ്യിൽ കരുതേണ്ടതുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കലക്ടർ പൊലീസിന് നിർദേശം നൽകിയിട്ടുണ്ട്.

നീട്ടുപാറയിൽ വാഷും വാറ്റുപകരണങ്ങളും പിടികൂടി

പേരാമ്പ്ര : മലയോര മേഖലകളിൽ വ്യാജവാറ്റ് വീണ്ടും സജിവമാകുന്നു. പെരുവണ്ണാമൂഴി പൊലീസ് പട്ടാണിപ്പാറ നീട്ടുപാറ പ്രദേശത്ത് നടത്തിയ റെയ്ഡിൽ വ്യാജമദ്യ ഉല്പാദന കേന്ദ്രം കണ്ടെത്തി. ഇവിടെ കരിങ്കൽ ക്വാറിയോട് ചേർന്ന ആൾ താമസമില്ലാത്ത പറമ്പിൽ നിന്നും 20 ലിറ്റർ വാഷും വാറ്റുപകരണങ്ങളും കണ്ടെത്തി. നീട്ടുപാറ കേന്ദ്രവ്യാപകമായി വ്യാജമദ്യം വിൽപന നടത്തുന്നു എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നീട്ടുപാറ പെരുവണ്ണാമൂഴി പൊലീസ് ഇൻസ്പക്റ്റർ പി, രാജേഷിന്റെയും സബ്ബ് ഇൻസ്പെക്റ്റർ എ.കെ ഹസ്സന്റെയും നേതൃത്വത്തിലാണ് റെയ്ഡ് നടത്തിയത്.

വിശാലമായ പ്രദേശമായതിനാൽ രണ്ട് സ്ക്വാഡായാണ് റെയ്ഡ് നടത്തിയത്. എഎസ്ഐ മാരായ വിശ്വനാഥൻ, മനോജ് കുമാർ, എസ്സിപിഒമാരായ എൻ.എം. റസാഖ്, സുരേഷ് ബാബു, കെഎടിഎസ് സേനാംഗം റിജേഷ്, ഷീബ കൂരാട്ട്, ഡ്രൈവർ ജയകൃഷ്ണൻ എന്നിവർ റെയ്ഡിൽ പങ്കെടുത്തു. റെയിഡിൽ കണ്ടെത്തിയ വാഷ് സ്ഥലത്ത് നശിപ്പിച്ചു വാറ്റ് ഉപകരണങ്ങൾ കസ്റ്റഡിയിൽ എടുത്തു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പരിശോധന കർശനമാക്കുമെന്ന് പൊലീസ് അറിയിച്ചു.

പേരാമ്പ്ര ബൈപാസ്: സ്ഥലമേറ്റെടുക്കൽ വിജ്ഞാപനമായി

പേരാമ്പ്ര: ബൈപാസിന് വേണ്ടി 3.7534 ഹെക്റ്റർ സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിന് വിജ്ഞാപനമായി. അതോടൊപ്പം വീടും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ, പുന:സ്ഥാപന പാക്കേജിനും സർക്കാർ അംഗീകാരം നൽകി. വീട് നഷ്ടപ്പെടുന്ന രണ്ട് ആളുകൾക്ക് 3 ലക്ഷം വീതം നൽകും. ഉപജീവന ഗ്രാന്റായി 60000 രൂപ വീതവും ഗതാഗത ചെലവിലേക്ക് 50000 രൂപ വീതവും നൽകും പുന:സ്ഥാപനത്തിന് 5000 വീതമാണ് പ്രഖ്യാപിച്ചത്.തൊഴുത്ത് നഷ്ടപ്പെട്ട ഒരാൾക്ക് 25000 രൂപയാണ് പ്രഖ്യാപിച്ചത്. മൂന്ന് സ്ഥാപനത്തിന്റെ ഉടമകൾക്ക് 50000 രൂപ വീതം നഷ്ടപരിഹാരവും രണ്ട് പേർക്ക് പുന:സ്ഥാപനത്തിന് 50000 രൂപ വീതവും നൽകും. രണ്ട് വാടകക്കാരന് 2 ലക്ഷം വീതവും പ്രഖ്യാപിച്ചു. ഒരാൾക്ക് പുന:സ്ഥാപനത്തിന് 50000 രൂപയും വകയിരുത്തി. സ്ഥാപനങ്ങളിലെ 14 ജീവനക്കാർക്ക് 36000 രൂപ വീതം നഷ്ടപരിഹാരം നൽകും. മൊത്തം 21. 49 ലക്ഷം രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. മാർച്ച് 23 ലെ അസാധാരണ ഗസറ്റിലാണ് വിജ്ഞാപനം ചെയ്തത്. കോഴിക്കോട് റോഡിൽ കക്കാട് നിന്ന് തുടങ്ങി കുറ്റ്യാടി റോഡിൽ എൽ.ഐ.സി ഓഫീസിനു സമീപം അവസാനിക്കുന്നതാണ് പേരാമ്പ്ര ബൈപാസ് . മേഞ്ഞാണ്യം, എരവട്ടൂർ വില്ലേജുകളിലെ 45 സർവേ നമ്പറുകളിലെ ഭൂമിയാണ് ഏറ്റെടുത്തത്. കിഫ്ബി മുഖേനയാണ് ഫണ്ട് അനുവദിച്ചത്.

മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ

കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു

തേഞ്ഞിപ്പലം : സർക്കാർ ആവിഷ്കരിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിക്ക് ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ തുടക്കമായി. കുടുംബശ്രീ യൂണിറ്റായ 'വി വൺ' ഫുഡ് യൂണിറ്റിന്റെ നേതൃത്യത്തിലാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുന്നത്. ദേവകി അമ്മ ആർക്കിടെക്ചർ കോളെജിന്റെ കാന്റീനിലെ ആധുനിക സൗകര്യങ്ങളുള്ള അടുക്കളയിലാണ് ഭക്ഷണം പാകം ചെയ്യുന്നത്. പാകം ചെയ്ത ഭക്ഷണം പാർസൽ ചെയ്തു വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ്തല സന്നദ്ധ പ്രവർത്തകരാണ് അർഹരായവർക്ക് എത്തിക്കുന്നത്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി. രാജേഷ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ സി. ശിവദാസൻ, വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ അസീസ് പാറയിൽ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബി. സുനിൽ, ഹെൽപ്പ് ഇൻസ്പെക്റ്റർ, പി വി.മിനി, സി. ഡി. എസ്. ചെയ്ർ പേഴ്സൺ വി.മിനി തുടങ്ങിയവർ നേതൃത്വം നൽകി. പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന പോലീസ്, ആരോഗ്യ വകുപ്പ് ജീവനക്കാർക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭക്ഷണമെത്തിക്കുന്നുണ്ട്.

തലശേരി : കോവിഡിനെ അതിജീവിക്കാനുള്ള കമ്മ്യൂണിറ്റി കിച്ചൺ തലശേരിയിലും സജീവം. നഗരസഭയുടെ നേതൃത്വത്തിൽ രണ്ട് കേന്ദ്രങ്ങളിൽ വച്ചാണ് ഭക്ഷണം തയ്യാറാക്കുന്നത് .വീട്ടിൽ ആഹാരമുണ്ടാക്കാൻ കഴിയാത്തവർ, തെരുവിൽ കഴിയുന്നവർ, അതിഥി തൊഴിലാളികൾ എന്നിവരെല്ലാം പദ്ധതിയിൽ ഉൾപ്പെടുന്നു. തലശേരി ടൗൺ ഹാളിലും, കോടിയേരിയിലുമാണ് കിച്ചൺ സജ്ജികരിച്ചിട്ടുള്ളത്. തലശേരി നഗരസഭ ചെയർമാൻ സി.കെ രമേശനാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജനപ്രതിനിധികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് വിടുകളിലേക്കും മറ്റും ആവശ്യമായ ഭക്ഷണം തയ്യാറാക്കുന്നത്. സന്നദ്ദ പ്രവർത്തകരും, കുടുംബശ്രീ പ്രവർത്തകരും, പാചക തൊഴിലാളികളും കമ്മ്യൂണിറ്റി കിച്ചണിൽ സജീവമാണ്.

തേഞ്ഞിപ്പലം: കോവിഡ്- 19 കാരണം പ്രയാസം അനുഭവിക്കുന്നവർക്ക് പരിഹാര മാർഗമായി മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. പടിക്കൽ ജി.എം.എൽ.പി സ്കൂളിൽ വെച്ചാണ് പദ്ധതി നടത്തുന്നത്. കുടുംബശ്രീയുടെ സഹായത്തോടെ പാചകം ചെയ്ത ഭക്ഷണം ഓരോ വാർഡിലെയും തെരെഞ്ഞെടുക്കപ്പെട്ട പ്രത്യേക വളണ്ടിയർമാർ മുഖേന ദിവസവും 700 ഓളം പേർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുട്ടശ്ശേരി ശരീഫ, വൈസ്പ്രസിഡന്റ് എൻ.എം അൻവർ സാദത്ത്, സ്ഥിരം സമിതി ചെയർമാൻ എം.എ അസീസ്, അസിസ്റ്റന്റ് സെക്രട്ടറി സുബാഷ്കുമാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ നേതൃത്വം നൽകി.

യുജിസി റഗുലൈസേഷൻ അട്ടിമറിച്ച് ഇടത് അധ്യാപകനെ പ്രിൻസിപ്പലാക്കാൻ നീക്കമെന്ന്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ യുജിസി റഗുലൈസേഷൻ അട്ടിമറിച്ച് ഇടത് അധ്യാപകനെ പ്രിൻസിപ്പളാക്കാൻ നീക്കം നടക്കുന്നതായ് എംഎസ്എഫ് ആരോപിച്ചു - കോഴിക്കോട് ഫാറൂഖ് ടെയ്നിങ് കോളെജിൽ ഇടതുപക്ഷ അധ്യാപക സംഘടനാ പ്രതിനിധിയെയാണ് പ്രിൻസിപ്പലാക്കാൻ യു.ജി.സി റെഗുലേഷൻ അട്ടിമറിച്ച് കാലിക്കറ്റ് സർവകലാശാല ഉത്തരവിറക്കിയതെന്ന് ആരോപണം. യു.ജി.സി റെഗുലേഷൻ അതേപടി നടപ്പിലാക്കാനുള്ള അക്കാദമിക് കൗൺസിൽ തീരുമാനം നിലനിൽക്കെ ഇത് അട്ടിമറിച്ച് കൊണ്ടാണ് ഇടതുപക്ഷ അധ്യപകന്റെ നിയമന ഉത്തരവിറങ്ങിയത് . .കാലിക്കറ്റിലെ ഇടത് രാഷ്ട്രീയ അതിപ്രസരമാണ് ഇതിന് പിന്നിലെന്നും ഉത്തരവ് പിൻവലിക്കണമെന്നും എം.എസ്.എഫ് ആവശ്യപ്പെട്ടു. . കൊറോണ ഭീതിക്കിടയിൽ

എൻ.സി.ടി.ഇ യുടെ റെക്കഗ്നീഷ്യനുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അസ്ഥാനത്ത് ഉപയോഗിച്ച് യോഗ്യത പൂർത്തീകരിക്കാത്ത വ്യക്തിയെ പ്രിൻസിപ്പൽ സ്ഥാനത്ത് തിരുകി കയറ്റാനുള്ള ഇടത് രാഷ്ട്രീയ നീക്കം നിയമപരമായി നേരിടും . ഈ രീതിയിൽ രാഷ്ട്രീയ താൽപര്യം മാത്രം സംരക്ഷിക്കുന്ന യൂണിവേഴ്സിറ്റിയുടെ എകാതിപത്യ നടപ്പടിക്കെതിരെ ശക്തമായ പ്രക്ഷോപങ്ങളുമായി എംഎസ്എഫ് കടന്നു വരുമെന്ന് സംസ്ഥാന പ്രസിഡന്റ്പി.കെ നവാസും ജനറൽ സെക്രട്ടറി ലത്തീഫ് തുറയൂരും വ്യക്തമാക്കി.

യൂത്ത്ലീഗ് ഒരുമുറം പച്ചക്കറി നൽകും

തിരൂരങ്ങാടി: സമൂഹ അടുക്കളയിലേക്ക് മുസ്‌ലിം യൂത്ത്ലീഗ് തിരൂരങ്ങാടി നിയോജക മണ്ഡലം കമ്മിറ്റി ഒരുമുറം പച്ചക്കറി നൽകും. തിരൂരങ്ങാടി, പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിലേയും നന്നമ്പ്ര, തെന്നല, പെരുമണ്ണ ക്ലാരി, എടരിക്കോട് പഞ്ചായത്തിലേയും സമൂഹ കിച്ചണുകളിലേക്കാണ് മുസ്‌ലിം യൂത്ത്ലീഗ് പച്ചക്കറികൾ നൽകുന്നത്. കൂടിയാലോചന യോഗത്തിൽ പി അലി അക്ബർ, യു.എ റസാഖ്, അനീസ് കൂരിയാടൻ, പി.ടി സലാഹു, ഷരീഫ് വടക്കയിൽ, കെ.പി നാസർ, സാലിം പെരുമണ്ണ, നവാസ് ചെറമംഗലം, ടി.പി സലാം, യുഷാഫി, ടി മമ്മുട്ടി പ്രസംഗിച്ചു.

മാസ്ക് വിതരണം നടത്തി

കുറ്റ്യാടി: കോവിഡ് പ്രതിരോധ,സന്നദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി എഐവൈഎഫ് മരുതോങ്കര മേഖലാ കമ്മറ്റി നിർമിച്ച മാസ്ക് മരുതോങ്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ വിതരണം ചെയ്തു. സിപിഐ മണ്ഡലം സെക്രട്ടറി പി. ഗവാസ് മെഡിക്കൽ ഓഫീസർ ഡോ: ഇ.വി. ആനന്ദിന് നൽകി. ലോക്കൽ സെക്രട്ടറി കെ. കെ. മോഹൻ ദാസ്, എഐഎസ്എഫ് മണ്ഡലം പ്രസിഡന്റ്എസ്. പി. ആനന്ദ് എന്നിവർ പങ്കെടുത്തു. വരും ദിവസങ്ങളിലും മാസ്ക് വിതരണം തുടരുമെന്ന് ഭാരവാഹികൾ അറിയിച്ചു.

എഐവൈഎഫ് മരുതോങ്കര മേഖലാ കമ്മറ്റി മാസ്ക് വിതരണം ചെയ്യുന്നു

മലപ്പുറം ജില്ലയിൽ ഒരാൾക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു

മലപ്പുറം: ജില്ലയിൽ ഒരാൾക്കു കൂടി കൊവിഡ് 19 സ്ഥിരീകരിച്ചു. ദുബായിൽ നിന്നെത്തിയ മഞ്ചേരി പയ്യനാട് സ്വദേശിയായ 41 കാരനാണ് വൈറസ് ബാധ. ഇയാൾ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ ചികിത്സയിലാണെന്ന് ജില്ലാ കലക്ടർ ജാഫർ മലിക് അറിയിച്ചു. ഇതോടെ ജില്ലയിൽ വൈറസ് ബാധയുള്ളവരുടെ എണ്ണം ഒമ്പതായി.

19 നാണ് പുതുതായി രോഗബാധ സ്ഥിരീകരിച്ചയാൾ ജില്ലയിലെത്തിയത്. ദുബായിൽ നിന്ന് എസ്.ജി - 54 സ്പൈസ് ജെറ്റ് വിമാനത്തിൽ രാത്രി 9.30 ന് കരിപ്പൂർ വിമാനത്താവളത്തിൽ എത്തി. പരിശോധനകൾ പൂർത്തിയാക്കി സഹോദരന്റെ കാറിൽ മഞ്ചേരി പയ്യനാടുള്ള സ്വന്തം വീട്ടിലെത്തി ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം പൊതു സമ്പർക്കമില്ലാതെ സ്വയം നിരീക്ഷണം ആരംഭിച്ചു. മാതാപിതാക്കളേയും കുടുംബാംഗങ്ങളേയും സഹോദരന്റെ വീട്ടിലേക്കു മാറ്റി തനിച്ചാണ് വീട്ടിൽ കഴിഞ്ഞത്. 20,21,22,23 തീയ്യതികളിലും വീട്ടിൽതന്നെ സ്വയം നിരീക്ഷണത്തിൽ കഴിഞ്ഞു. 24ന് രോഗ ലക്ഷണങ്ങൾ അനുഭവപ്പെട്ടതിനെ തുടർന്ന് രാവിലെ 11.30ന് മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ഐസൊലേഷനിൽ പ്രവേശിച്ചു. ഇയാളുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു.

ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ പൂർണമായും പാലിച്ച് മാതൃകാപരമായ സമീപനമാണ് പയ്യനാട് സ്വദേശിയും കൈക്കൊണ്ടത്. ഇത് മാതൃകാപരമാണെന്ന് ജില്ലാ കലക്ടർ പറഞ്ഞു. ഇയാൾക്കൊപ്പം 19 ന് രാത്രി 9.30 ന് ദുബായിൽ നിന്ന് കരിപ്പൂരിലെത്തിയ എസ്.ജി - 54 സ്പൈസ് ജെറ്റ് വിമാനത്തിൽ സഞ്ചരിച്ച യാത്രക്കാർ ജില്ലാതല കൺട്രോൾ സെല്ലുമായി ബന്ധപ്പെട്ട് നിർബന്ധമായും സ്വയം നിരീക്ഷണത്തിൽ കഴിയണം. ആരോഗ്യ പ്രശ്നങ്ങളുണ്ടെങ്കിൽ നേരിട്ട് ആശുപത്രികളിൽ പോകാതെ കൺട്രോൾ സെല്ലിൽ വിളിച്ച് ലഭിക്കുന്ന നിർദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

കൺട്രോൾ സെൽ നമ്പറുകൾ - 0483 2737858, 2737857, 2733251, 2733252, 2733253

നിരീക്ഷണത്തിലുള്ളത് 11,625 പേർ

കൊവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 100 പേർക്ക് ഇന്നലെ മുതൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഇതോടെ ജില്ലയിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 11,625 ആയതായി ജില്ലാ കലക്ടർ ജാഫർ മലിക് കൊവിഡ് പ്രതിരോധ മുഖ്യ സമിതി അവലോകന യോഗത്തിൽ വ്യക്തമാക്കി. 82 പേരാണ് വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. കൊവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ 64 പേരാണ് ഐസൊലേഷനിലുള്ളത്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 10, തിരൂർ ജില്ലാ ആശുപത്രിയിലും തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലും നാലു പേർ വീതവും ഐസൊലേഷൻ വാർഡുകളിലുണ്ട്. 11,517 പേർ വീടുകളിലും 26 പേർ കൊവിഡ് കെയർ സെന്ററുകളിലും സ്വയം നിരീക്ഷണത്തിൽ കഴിയുന്നു.

ഇതരസംസ്ഥാനങ്ങളിലെ മലയാളികളുടെ കാര്യത്തിൽ സർക്കാർ ശ്രദ്ധിക്കണം: പ്രവാസി ലീഗ്

തേഞ്ഞിപ്പലം: ഇതരസംസ്ഥാന മലയാളികളുടെ കാര്യത്തിൽ സർക്കാർ ശ്രദ്ധിക്കണമെന്ന് പ്രവാസി ലീഗ്. തൊഴിലിനും കച്ചവട ആവശ്യങ്ങൾക്കായി തമിഴ്നാട്ട ആന്ധ്ര, മഹാരാഷ്ട്ര, കർണാടക അടക്കമുള്ള സംസ്ഥാനങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന മലയാളികളുടെ ജീവിതം ദുസ്സഹമായി വരുന്നുണ്ട്. കേരളം ചെയ്യുന്നതു പോലെ ആവശ്യമായ ഭക്ഷണമോ മറ്റു സുരക്ഷാ സംവിധാനങ്ങളോ ആരോഗ്യ സേവനമോ ഇത്തരക്കാർക്ക് ലഭിക്കുന്നില്ല അവിടുത്തെ സർക്കാരുകൾ സ്വദേശികൾക്കു മാത്രമാണ് സേവനങ്ങൾ നടത്തുന്നത്. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത കുറഞ്ഞു വരുന്നുണ്ട്. ഇപ്പോൾ മലയാളി സംഘടകളുടെ ഇടപെടൽ മാത്രമാണ് കാര്യമായിട്ടുള്ളത് അതിർത്തികൾ അടച്ചതിനാൽ നാട്ടിലെക്ക് മടങ്ങാനും സാധ്യമല്ല.

കേരളത്തിന് പുറത്ത് കഴിയുന്ന മലയാളി തൊഴിലാളികൾ, സ്വയംതൊഴിൽ ചെയ്യുന്നവർ വിദ്യാർത്ഥികൾ, കുടുംബങ്ങൾ എന്നിവർക്ക് സുരക്ഷയും ഭക്ഷണ സൗകര്യങ്ങളും ലഭിക്കുന്നതിന് സംസ്ഥാന മുഖ്യമന്ത്രി മാരോട് ഇടപെടൽ നടത്തണമെന്ന് പ്രവാസി ലീഗ് സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ ആവശ്യപെട്ടു. .അവർക്ക് നമ്മുടെ സർക്കാരിന്റെ കീഴിൽ ചെയ്യാവുന്ന സഹായങ്ങളും മറ്റും ചെയ്യണമെന്നും കെരള ത്തിന് പുറത്ത് താമസിന്നവരും വിവിധ ഇടങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരുടെ വിഷയങ്ങൾ പരിഹരിക്കുന്നതിനും ഇടപെടുന്നതിനും വേണ്ടി പ്രത്യേകം സമിതിയെ ചുമതലപ്പെടുത്തണമെന്നും മുഖ്യമന്ത്രിക്കയച്ച നിവേദനത്തിൽ ആവശ്യപ്പെട്ടു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 89 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

രാംചരണിനു രാജമൗലി കൊടുത്ത പിറന്നാൾ സമ്മാനം

300 കോടി ബജറ്റിൽ ഒരുങ്ങുന്ന ചിത്രത്തിൽ ജൂനിയർ എൻ.ടി.ആറാണ് രാം ചരണിനൊപ്പം ഒരു പ്രധാന വേഷം അവതരിപ്പിക്കുന്നത്.

രാംചരണിന്റെ പിറന്നാളായിരുന്നു കഴിഞ്ഞ ദിവസം. ഈ വേളയിൽ താരത്തിന് സംവിധായകൻ രാജമൗലി സമ്മാനിച്ച പിറന്നാൾ സമ്മാനമാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്.

ബാഹുബലി എന്ന ബ്രഹ്മാണ്ഡ ചിത്രത്തിന് ശേഷം രാജമൗലി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ രാം ചരണാണ് ഒരു മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

ആർആർആർ എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ പൂർണ രൂപം 'രുധിരം രണം രൗദ്രം' എന്നാണ്. ചിത്രത്തിന്റെ പുതിയ ടീസറാണ് രാംചരണിന് പിറന്നാൾ സമ്മാനമായി രാജമൗലി പുറത്ത് വിട്ടിരിക്കുന്നത്. രാം ചരൺ അവതരിപ്പിക്കുന്ന കഥാപാത്രത്തെ ആരാധകർക്ക് പരിചയപ്പെടുത്തുന്ന തരത്തിലുള്ള ടീസറാണ് പുറത്ത് വിട്ടിരിക്കുന്നത്. 300 കോടി ബജറ്റിൽ ഒരുങ്ങുന്ന ചിത്രത്തിൽ ജൂനിയർ എൻ.ടി.ആറാണ് രാം ചരണിനൊപ്പം ഒരു പ്രധാന വേഷം അവതരിപ്പിക്കുന്നത്.

1920കളിലെ അല്ലൂരി സീതാരാമ രാജു, കോമരം ഭീം എന്നീ സ്വാതന്ത്ര്യ സമര സേനാനികളുടെ കഥയാണ് ഈ ചിത്രം പറയുന്നത്. സ്വാതന്ത്ര്യത്തിന് മുമ്പ് തെലങ്കാനയിലെ ആദിവാസി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത സമര നേതാക്കളാണ് ഇവർ.

ബോളിവുഡ് താരങ്ങളായ ആലിയ ഭട്ട്, അജയ് ദേവ്ഗൺ എന്നിവരും ചിത്രത്തിൽ മുഖ്യ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട് എന്നതാണ് മറ്റൊരു പ്രത്യേകത. ബ്രിട്ടീഷ് നടി ഡെയ്സി എഡ്ജർ ജോൺസും ചിത്രത്തിൽ ഒരു സുപ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്.

സൂപ്പർ മാർക്കറ്റിൽ എത്തിയ അല്ലു അർജുൻ

രാജ്യം സമ്പൂർണ ലോക്ഡൗണിലേക്ക് നീങ്ങിയിരിക്കുകയാണ്. മെഡിക്കൽ ഷോപ്പുകൾ, പലചരക്കു കടകൾ എന്നീ അത്യാവശ്യ വിഭാഗങ്ങൾ മാത്രമാണ് രാജ്യത്ത് പ്രവർത്തിക്കുന്നുള്ളു. ഇതിനിടെ നടൻ അല്ലു അർജുൻ സൂപ്പർമാർക്കറ്റിൽ എത്തിയ ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്.

മാസ്ക് ധരിച്ച് സൂപ്പർമാർക്കറ്റിൽ എത്തിയ ചിത്രങ്ങൾ സോഷ്യൽ മീഡിയ ഏറ്റെടുത്തിരിക്കുകയാണ്. കൊറോണ വൈറസുമായി ബന്ധപ്പെട്ട പ്രതിസന്ധികളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്ന് സംസ്ഥാനങ്ങൾക്ക് ഒരുകോടി ഇരുപത്തഞ്ച് ലക്ഷം രൂപയുടെ സഹായം നൽകും.

ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങൾക്ക് അൻപത് ലക്ഷം രൂപ വീതവും

കേരളത്തിന് 25 ലക്ഷം രൂപയും സാമ്പത്തിക സഹായമായി അല്ലു നൽകും. കൊറോണ ഭീഷണിയിൽ സിനിമാ ഇൻഡസ്ട്രി നിശ്ചലമായപ്പോൾ കേരളത്തിലെ ഫെഫ്ക ജീവനക്കാർക്ക് സഹായം നൽകാമെന്ന് അല്ലു പറഞ്ഞിരുന്നു.

ട്രെഡീഷണൽ ലുക്കിൽ ജാക്വിലിൻ

ബോളിവുഡ് താരം ജാക്വിലിൻ ഫെർണാണ്ടസിന്റെ ട്രെഡീഷണൽ ലുക്കിലുള്ള ചിത്രങ്ങളാണ് ഇപ്പോൾ ഫാഷൻലോകത്ത് ശ്രദ്ധേയമാകുന്നത്. ചുവപ്പും വെള്ളയും നിറത്തിലുള്ള സാരിയിൽ അതിസുന്ദരിയായാണ് താരം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഒരു മ്യൂസിക് വിഡിയോയ്ക്ക് വേണ്ടിയുള്ള ചിത്രങ്ങളാണിത്.

പ്രശസ്ത ഫാഷൻ ഡിസൈനർ മനീഷ് മൽഹോത്ര ഡിസൈൻ ചെയ്ത സാരിയിൽ ബംഗാളി ട്രെഡീഷണൽ ലുക്കിലാണ് താരം. ചുവപ്പ് നിറത്തിലുള്ള ബ്ലൗസാണ് താരം ധരിച്ചത്. രണ്ട് കൈകളിലും ചുവപ്പ് വളകളും വലിയ ജിമ്മിക്കിയും പരമ്പരാഗത രീതിയിലുള്ള മാലകളും വലിയ വട്ടപ്പൊട്ടുമൊക്കെയായി സുന്ദരിയായാണ് താരമെത്തിയിരിക്കുന്നത്. പ്രശസ്ത താരം ഗായകൻ ബാദ്ഷായുടെ ഗാനത്തിന് വേണ്ടിയാണ് താരം ഈ ലുക്കിൽ എത്തിയത്.

താരം തന്നെയാണ് ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്.

ഹൃദയത്തോട് ഒട്ടിച്ചേർന്ന് കാരമൽ

സ്ട്രീം ടുഡേ

നീതു ചന്ദ്രൻ

ബ്യൂട്ടിപാർലറിൽ ജോലി ചെയ്യുന്ന മൂന്നു പെണ്ണുങ്ങൾ പിന്നെ അവർക്കു ചുറ്റുമുള്ള പെൺകാഴ്ചകളുടെ മറ്റൊരു ലോകവും... കാരമൽ എന്ന ലെബനീസ് ചിത്രം മുന്നോട്ടു പോകുന്നത് പെൺജീവിതങ്ങളിലൂടെയാണ്.

വിവാഹിതനായ പുരുഷനുമായി പ്രണയത്തിൽ അകപ്പെട്ടു പോയ ലയോള, വീട്ടുകാർ വിവാഹം നിശ്ചയിച്ചതോടെ അനിശ്ചിതാവസ്ഥയിലാകുന്ന നിസ്രിൻ, ബ്യൂട്ടിപാർലറിൽ സ്ഥിരമായെത്തുന്ന കുടുംബസ്ഥയായ സ്ത്രീയിൽ പ്രണയം കണ്ടെത്തുന്ന റിമ, ജീവിതത്തിന്റെ സായാഹ്നത്തിൽ പ്രണയം തേടിയെത്തുന്ന റോസ്, കൈവിട്ടു പോയ യൗവനത്തെ തിരിച്ചു പിടിക്കാൻ ശ്രമിച്ച് നിരാശപ്പെടുന്ന ജമേൽ... അങ്ങനെ കാരമൽ പോലെ മധുരിച്ചും ജീവിതത്തോട് ഒട്ടിപ്പിടിച്ചും മുന്നോട്ടു പോകുന്ന ചിത്രം. പാരമ്പര്യത്തെ മുറുക്കിപ്പിടിക്കുന്ന കുടുംബങ്ങൾ മുതൽ പ്രണയവും വിരഹവും നിരാശകളുമെല്ലാം നിറഞ്ഞു നിൽക്കുന്ന ലെബനീസ് പെൺജീവിതമാണ് നദീൻ ലബാക്കി കാരമൽ എന്ന ചിത്രത്തിലൂടെ പകർത്തിയിരിക്കുന്നത്.

ഭാഷ- ലെബനീസ്
സംവിധാനം- നദീൻ ലബാക്കി
സമയദൈർഘ്യം- 96 മിനിറ്റ്

താരങ്ങളുടെ ലോക് ഡൗൺ വിശേഷങ്ങൾ

ലോക് ഡൗൺ കാലത്ത് തിരക്കിട്ട പണിയിൽ ആണ് താരങ്ങൾ. കൊറോണ വൈറസ് വ്യാപനം തടയാൻ വേണ്ടി സിനിമ ചിത്രീകരണം, സ്റ്റേജ് ഷോകൾ യാത്രകൾ എല്ലാം മാറ്റി വെച്ച് താരങ്ങൾ വീട്ടിൽ കുടുംബത്തോടൊപ്പം സമയം ചിലവഴിക്കുകയാണ്. തങ്ങളുടെ സമയം എങ്ങനെ ചിലവഴിക്കുന്നു എന്നും എന്ത് ചെയ്യുന്നുവെന്നും താരങ്ങൾ തന്നെയാണ് ആരാധകരെ അറിയിക്കുന്നത്. താരങ്ങൾ പങ്കുവച്ച 'വർക്ക് ഫ്രം ഹോം' വിഡിയോകളും ചിത്രങ്ങളും ഇതിനോടകം വൈറായികൊണ്ടിരിക്കയാണ്.

നസ്രത് ജഹാൻ

വീട്ടുജോലിയിൽ മുഴുകിയും ആസ്വദിച്ചും ജീവിക്കുകയാണ് നടിയും എംപിയുമായ നസ്രത് ജഹാൻ. വീട്ടിൽ കഴിയുന്ന താരം ബിരിയാണി വെക്കുന്ന വീഡിയോയാണ് ആരാധകർക്കായി പങ്കുവെച്ചിരിക്കുന്നത്. ബിരിയാണി എങ്ങനെ രുചികരമായി ഉണ്ടാക്കാം, എങ്ങനെ ദം ഇടാം എന്നും താരം പോസ്റ്റ് ചെയ്ത വീഡിയോയിൽ പറയുന്നുണ്ട്. ബിരിയാണി ഉണ്ടാക്കി കഴിഞ്ഞ ശേഷം എങ്ങിനെ നല്ല ഉപ്പുമാവ് ഉണ്ടാക്കാം എന്ന വീഡിയോയും താരം ഇൻസ്റ്റയിൽ പങ്കുവച്ചിട്ടുണ്ട്..

പാർവൈ മുനിയമ്മ അന്തരിച്ചു

അഭിനേത്രിയും നാടൻപാട്ടു കലാകാരിയുമായ പാർവൈ മുനിയമ്മ അന്തരിച്ചു. നിരവധി ഹിറ്റ് ഗാനങ്ങളിലൂടെ പ്രേക്ഷകരുടെ പ്രിയങ്കരിയായിരുന്നു മുനിയമ്മ. മലയാളത്തിൽ മമ്മൂട്ടി ചിത്രം പോക്കിരാരാജയിലും പാടി അഭിനയിച്ചിരുന്നു. 83 വയസായിരുന്നു. മധുരയിലെ പാർവൈയിൽ ജനിച്ച മുനിയമ്മ നാടൻ പാട്ടുകളിലൂടെയാണ് ശ്രദ്ധ നേടുന്നത്. പിന്നീട് 2003 ൽ വിക്രം ചിത്രം ദൂളിലൂടെ സിനിമയിലെത്തി. ചിത്രത്തിലെ സിംഗം പോലെ പാട്ട് പാടിയതും മുനിയമ്മയായിരുന്നു. ചിത്രത്തിലെ പ്രകടനം മുനിയമ്മയെ തമിഴകത്തിന്റെ മുത്തശ്ശിയാക്കി മാറ്റുകയായിരുന്നു. വിജയ്, അജിത്ത്, ധനുഷ്, ചിമ്പു, ശിവ കാർത്തികേയൻ തുടങ്ങിയ താരങ്ങൾക്കൊപ്പം അഭിനയിച്ചിട്ടുണ്ട്.

മൂപത്തിയഞ്ചോളം സിനിമകളിൽ അഭിനയിച്ചിട്ടുള്ള മുനിയമ്മ അവയിൽ മിക്കതിലും പാട്ടുകൾ പാടുകയും ചെയ്തിട്ടുണ്ട്.

തൊരണൈ, കോവിൽ, തമിഴ്പടം, മൻ കരാട്ടെ, വെങ്കൈ, വീരം, തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. കുറച്ചുനാൾ മുമ്പായിരുന്നു ശിവ കാർത്തികേയൻ മുനിയമ്മയെ കാണാൻ എത്തിയതും ചികിത്സയ്ക്കുള്ള സൗകര്യം ഒരുക്കിയതും.

വീണ്ടും ചില്ലിലൂടെ പകർത്തിയ മകന്റെ ചിത്രം പങ്കുവച്ച് സുഹാസിനി

കൊറോണ വൈറസ് ബാധയുടെ സമൂഹ വ്യാപനത്തെ തടയുന്നതിനായി രാജ്യമെങ്ങും ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന കാലമാണല്ലോ. എല്ലാവരേയും പോലെ സിനിമാതാരങ്ങളും വീട്ടിൽ അടച്ചിരുപ്പാണ്. വിദേശ രാജ്യങ്ങളിൽ നിന്നെത്തിയവരാകട്ടെ സ്വന്തമായി ഐസൊലേഷനിലേയ്ക്ക് പോയിട്ടുമുണ്ട്. അത്തരത്തിൽ സ്വയമായി ഐസൊലേഷനിൽ ഇരിക്കുന്നയാളാണ് നടി സുഹാസിനിയുടേയും സംവിധായകൻ മണിരത്നത്തിന്റേയും മകൻ നന്ദൻ.

ലണ്ടനിൽ നിന്ന് മടങ്ങി എത്തിയശേഷം നന്ദൻ സ്വയം ഹോം ക്വാറന്റൈനിൽ കഴിയുകയാണ്. നടി സുഹാസിനി തന്നെയാണ് ഈ വിവരം ആരാധകരോട് തന്റെ ഇൻസ്റ്റഗ്രാമിലൂടെ പങ്കുവെച്ചിരുന്നത്. ഇപ്പോഴിതാ നന്ദന്റെ ക്വാറന്റൈൻ കാലം അവസാനിക്കാൻ പോകുകയാണെന്ന സന്തോഷ വാർത്ത സുഹാസിനി തന്നെ ഇൻസ്റ്റയിലൂടെ പങ്കുവച്ചിരിക്കുകയാണ്. നന്ദൻ കഴിയുന്ന മുറിയുടെ പുറത്ത് നിന്ന് ചില്ലിലൂടെ പകർത്തിയ ഒരു ചിത്രവും താരം പങ്കുവെച്ചിട്ടുണ്ട്.

നന്ദൻ ഇപ്പോൾ ഏറെ സന്തോഷത്തിലാണെന്നും അവന് ഏറ്റവും പ്രിയപ്പെട്ട പാസ്ത താനുണ്ടാക്കി കൊടുത്തുവെന്നും ഉച്ചയ്ക്ക് നല്ല സദ്യ കഴിക്കുന്നുണ്ടെന്നും ചിത്രത്തോടൊപ്പം സുഹാസിനി കുറിച്ചിട്ടുണ്ട്. നന്ദന്റെ ക്വാറന്റൈൻ കാലം അവസാനിക്കാറായെന്നും ക്വാറന്റൈനിലും അവൻ തനിച്ചല്ലെന്നും കൂട്ടിന് അവന്റെ പുസ്തക കൂമ്പാരവും പ്രിയപ്പെട്ട നായക്കുട്ടി ഷെല്ലിയുമുണ്ടെന്നും സുഹാസിനി കുറിച്ചിരുന്നു.

ദീപികയുടെ വീക്കെൻഡ് ട്രിപ്പ് പ്ലാൻ

കൊറോണ ഭീതിയിലിരിക്കെ രാജ്യം സമ്പൂർണമായും ലോക്ഡൗൺ ചെയ്തിരിക്കുകയാണ്. വീട്ടിൽ തന്നെ സ്വയം ഐസൊലേഷനിൽ കഴിയുകയാണ് ജനങ്ങൾ. ഇതിനിടെ വീക്കെൻഡ് ട്രിപ്പ് പ്ലാൻ ചെയ്തിരിക്കുകയാണ് ബോളിവുഡ് താരം ദീപിക പദുക്കോൺ.

'വീക്കെൻഡ് ട്രിപ്പിന്റെ പ്ലാൻ' എന്ന ക്യാപ്ഷനോടെയാണ് താരം ഫോട്ടോ പങ്കുവച്ചിരിക്കുന്നത്. സ്വന്തം വീടിന്റെ പ്ലാനാണ് താരം പങ്കുവച്ചിരിക്കുന്നത്. വളരെ ഗംഭീരമായ പ്ലാൻ തന്നെയാണെന്നാണ് ആരാധകരുടെ കമന്റുകൾ. തങ്ങളുടെ പ്ലാനുകളും ഇതൊക്കെ തന്നെയാണ് എന്നുമാണ് ചിലരുടെ കമന്റുകൾ



വിജയ്‌യുടെ വിഡിയോ കോൾ

ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ പ്രിയപ്പെട്ടവരെ കാണാനും ഒന്നിച്ച് സമയം ചെലവിടാനും കഴിയാതെ സങ്കടപ്പെടുന്നവരാണ് മിക്കവരും. പലരും ഈ അകലത്തെ വീഡിയോ കോളുകളിലൂടെയാണ് മറികടക്കുന്നത്. അകലെയെങ്കിലും അരികിലെത്താൻ വീഡിയോ കോളുകളാണ് അവർക്കുള്ള മാർഗം. അങ്ങനെ തന്റെ പ്രിയപ്പെട്ടവരുമായി വീഡിയോ കോളിൽ സംസാരിച്ചിരിക്കുകയാണ് നടൻ വിജയ്.

തന്റെ പുതിയ സിനിമയായ മാസ്റ്ററിലെ നായിക മാളവിക മോഹൻ, സംഗീത സംവിധായകൻ അനിരുദ്ധ് തുടങ്ങിയവരൊണ് താരം വീഡിയോ കോളിലൂടെ ബന്ധപ്പെട്ടത്. ഇതിന്റെ സ്ക്രീൻ ഷോട്ട് മാളവികയാണ് ആരാധകരുമായി പങ്കുവച്ചത്.

മാളവിക പങ്കുവച്ച സ്ക്രീൻ ഷോട്ടിന്റെ ചിത്രം സോഷ്യൽ മീഡിയയിൽ ഇതിനോടകം തന്നെ വൈറലായി മാറിയിരിക്കുകയാണ്. കൊറോണ ഭീതിയെ തുടർന്ന് സ്വകാര്യ ചടങ്ങായിട്ടായിരുന്നു മാസ്റ്ററിന്റെ ഓഡിയോ ലോഞ്ച് നടന്നത്.

ചിത്രത്തിലെ പാട്ടിലെ വരിയോടുകൂടിയായിരുന്നു മാളവിക സ്ക്രീൻ ഷോട്ട് പങ്കുവച്ചത്. മാസ്റ്റർ ടീം സാമൂഹിക അകലം പാലിക്കുകയാണ്. നിങ്ങളും അങ്ങനെ ചെയ്യുന്നില്ലേയെന്നും താരം ആരാധകരോടായി ചോദിക്കുന്നു. മാസ്റ്റർ സംവിധാനം ചെയ്യുന്നത് ലോകേഷ് കനകരാജാണ്. വിജയ് സേതുപതിയാണ് ചിത്രത്തിൽ വില്ലനായി എത്തുന്നത്.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 17 ശഅ്ബാൻ 4
2020 മാർച്ച് 30 തിങ്കൾ

കരുതലുണ്ടാകണം ഇതര സംസ്ഥാന തൊഴിലാളികൾക്കും

ജോലിയും കൂലിയും ഭക്ഷണവും കിട്ടാതെ ബുദ്ധിമുട്ടുകൾ നേരിടുന്നതു മൂലം തങ്ങളെ സ്വന്തം നാട്ടിലേക്കു മടക്കി അയയ്ക്കണമെന്ന ആവശ്യവുമായി ആയിരത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ഇന്നലെ കോട്ടയം ജില്ലയിൽ റോഡ് ഉപരോധിക്കുന്നതടക്കമുള്ള പ്രത്യക്ഷ സമരത്തിലേക്കിറങ്ങി. ചങ്ങനാശേരിക്കു സമീപം പായിപ്പാട്ടാണ് നൂറുകണക്കിനു തൊഴിലാളികൾ തെരുവിലിറങ്ങിയത്. ഇവർ സ്വമേധയാ ഇറങ്ങിത്തിരിച്ചതല്ലെന്നും നാട്ടുകാരായ ചിലരുടെ പ്രേരണയാൽ ഇവരെ തെരുവിലിറക്കിയതാണെന്നും അഭ്യൂഹങ്ങളുണ്ട്. ഏതായാലും ജില്ലാഭരണകൂടത്തിന്റെ ശക്തമായ നടപടികളെത്തുടർന്ന് ഇവർ പ്രക്ഷോഭത്തിൽ നിന്നു താൽക്കാലികമായി പിന്മാറിയിരിക്കയാണ്. പക്ഷേ, ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ എന്തു പരിഹാരമെന്ന് കണ്ടുതന്നെ അറിയണം.

കൊവിഡ് 19 പ്രതിസന്ധിയെത്തുടർന്നു രാജ്യത്തെമ്പാടും കർഫ്യൂ നിലനിൽക്കുന്ന സാഹചര്യത്തിൽ ചങ്ങനാശേരിയിൽ നടന്നത് ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിൽത്തന്നെ കോഴിക്കോട്, കണ്ണൂർ, എറണാകുളം, കോട്ടയം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ പ്രധാന ഇടങ്ങളിലെല്ലാം ഈ പ്രതിസന്ധിയുണ്ട്. രാജ്യത്തിന്റെ ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ളവർ കേരളത്തിൽ ജോലി തേടി വരുന്നുണ്ട്. ഇവരുടേതടക്കമുള്ള കാര്യങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനു മുൻപ്, മണിക്കൂറുകൾ പോലും ബാക്കിയില്ലാതെയാണു ദേശീയ തലത്തിൽ വാഹന സൗകര്യങ്ങൾ പോലും റദ്ദാക്കിക്കൊണ്ടുള്ള കർഫ്യൂ നിലവിൽ വന്നത്. താമസ സ്ഥലത്തു നിന്ന് ഒഴിഞ്ഞു പോകാനോ, ആവശ്യമായ ഭക്ഷണ വസ്തുക്കൾ വാങ്ങി സംഭരിക്കാനോ ഇവർക്കു കഴിഞ്ഞില്ല. പിന്നീടിങ്ങോട്ടുള്ള ദിവസങ്ങളിൽ ജോലിയുമില്ല.

പല സ്ഥലങ്ങളിലായി കൂലിപ്പണിയടക്കമുള്ള ജോലികൾ ചെയ്യുന്നതിനാൽ ഇവർക്കു കൃത്യമായ തൊഴിലുടമകളുമില്ല. തദ്ദേശ സ്ഥാപനങ്ങളടക്കമുള്ള സ്ഥാപനങ്ങളും നിരുത്തരവാദപരമായ നിലപാടുകൾ സ്വീകരിച്ചതോടെയാണ് രക്ഷ തേടി സ്വന്തം നാട്ടിലേക്കു മടങ്ങണമെന്ന് ഇവർ വാശിപിടിച്ചത്.

ചങ്ങനാശേരിയിലേത് ഒറ്റപ്പെട്ട സംഭവമല്ല. സംസ്ഥാനത്തെമ്പാടുമായി മുപ്പതു ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികളാണുള്ളത്. ഇവരിൽ മൂന്നു ലക്ഷത്തോളം പേർ മടങ്ങിപ്പോയിട്ടുണ്ടെന്നാണു കരുതുന്നത്. അവശേഷിക്കുന്നവരെല്ലാം ഇവിടെത്തന്നെയുണ്ട്. അവരുടെ താമസവും ഭക്ഷണവും വലിയ വെല്ലുവിളി തന്നെയാണ്. സംസ്ഥാന സർക്കാർ ഇടപെട്ട് ഇവർക്കു വേണ്ടി 4,603 ക്യാംപുകൾ തുറന്നിട്ടുണ്ട്. അവിടെയെല്ലാം കൂടി 1,44,145 പേരെയാണു താമസിപ്പിച്ചിരിക്കുന്നത്. അവർക്കു ഭക്ഷണത്തിനും മറ്റ് അത്യാവശ്യകാര്യങ്ങൾക്കും വലിയ ബുദ്ധിമുട്ടില്ല. അവശേഷിക്കുന്നവരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും അതതു പ്രദേശങ്ങളിലെ തദ്ദേശ സ്ഥാപനങ്ങൾക്കും ഇവരെ ജോലിക്കു നിയോഗിച്ചിരിക്കുന്ന തൊഴിലുടമകൾക്കുമാണ് ഉത്തരവാദിത്വം. കൊറോണ പ്രതിരോധത്തിന്റെ ഈ കാലഘട്ടത്തിൽ പ്രക്ഷോഭത്തിന്റെ പേരിലാണെങ്കിൽപ്പോലും വലിയ തോതിൽ ആളുകൾ കൂട്ടം കൂടുന്നത് അപകടമാണ്. അതുകൊണ്ടു തന്നെ വിലക്കുകൾ ലംഘിച്ചു റോഡിലിറങ്ങിയവർക്കും അവരെ അതിനു പ്രേരിപ്പിച്ചവർക്കുമെതിരേ പൊലീസ് നടപടികൾ സ്വീകരിക്കുമെന്നു കരുതാം.

എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡ് ഉടമകൾക്കും 15 മുതൽ 35 കിലോഗ്രാം വരെ അരിയും ആയിരം രൂപ വരെ വിലയുള്ള പലചരക്കു സാധനങ്ങളുടെ കിറ്റും തികച്ചും സൗജന്യമായി വിതരണം ചെയ്യാൻ ഉത്തരവായിരിക്കുകയാണ് സംസ്ഥാന സർക്കാർ. ഇതിൽ ഒരു വിഹിതം കേന്ദ്ര സർക്കാരിന്റേതുമാണ്. അതിൽ ഒരു ഭാഗം ഇതര സംസ്ഥാന തൊഴിലാളികൾക്കു കൂടി നീക്കിവയ്ക്കണം.

ഇതിനു പുറമേ, കൊവിഡ് വൈറസ് പരിശോധനയ്ക്ക് ഒരാൾക്കു ചുരുങ്ങിയതു മൂവായിരം രൂപ എങ്കിലും വേണം. രോഗം ഉറപ്പായാൽ ചികിത്സയ്ക്കുള്ള പണം വേറെയും വേണം. സംസ്ഥാനത്ത് കൊവിഡ് പരിശോധനയും തുടർ ചികിത്സയും തികച്ചും സൗജന്യമാണ്. ഏഴായിരത്തോളം പേരുടെ സാമ്പിളുകളാണ് ഇതുവരെ പരിശോധിച്ചത്. സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാലും കൊവിഡ് നിയന്ത്രണം മൂലമുള്ള വരുമാനമാർഗങ്ങൾ അടഞ്ഞതിനാലും പൊതുഖജനാവിലേക്കുള്ള വരുമാനം വളരെ കുറഞ്ഞുപോയ കാലഘട്ടമാണിത്. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനടക്കം പൊതുജനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം സമാഹരിക്കുകയാണു മുഖ്യമന്ത്രി പിണറായി വിജയനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. ഇതര സംസ്ഥാന തൊഴിലാളികൾ മുതൽ എപിഎൽ-ബിപിഎൽ വ്യത്യസമില്ലാതെ നാം ഓരോരുത്തരും ഗുണഭോക്താക്കളായ ഈ പുനരധിവാസ പാക്കെജിൽ സാധ്യമായ എല്ലാവരും പങ്കാളികളാവണം. ഇങ്ങനെ സമാഹരിക്കുന്ന ചില്ലിക്കാശു പോലും പാഴാക്കുകയോ, അനർഹരിലെത്തുകയോ ചെയ്യാതെ സുതാര്യവും സത്യസന്ധവുമായി വിനിയോഗിച്ച് കൊവിഡ് പ്രതിരോധത്തിൽ ലോകത്തിനു തന്നെ നമുക്കു മാതൃകയാകാനുള്ള അവസരം കൂടിയാണിത്.

മെട്രോ മെയിൽ

കൊറോണക്കാലത്ത് തണ്ണീർമുക്കം ബണ്ട് മറക്കരുത്

തണ്ണീർമുക്കം ബണ്ട് തുറക്കുന്നതു നീണ്ടു പോകുന്നതോടെ വേമ്പനാട്ടു കായലിലെ മലിനീകരണം രൂക്ഷമാകുന്നു. കുട്ടനാട്ടിലെ കൊയ്ത്ത് പൂർത്തിയാകാത്തതിനാൽ ബണ്ട് തുറക്കുന്നതു നീളാൻ സാധ്യത. സാധാരണ നടപടി ക്രമം അനുസരിച്ച് 15 ന് ബണ്ട് തുറക്കേണ്ടതാണ്. മാർച്ച് രണ്ടാം ആഴ്ചയോടെ ആലപ്പുഴ- കോട്ടയം കലക്റ്റർമാരുടെ നേതൃത്വത്തിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ബണ്ട് തുറക്കുന്നതു സംബന്ധിച്ച് ചേരാറുള്ളതാണ്. കൊവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ യോഗം സാധിക്കില്ല.വിഡിയോ കോൺഫറൻസിങ് സംവിധാനത്തിലൂടെ യോഗം നടത്താം. വൈകി വിതച്ച പാടങ്ങളിലും കൊയ്ത്തു കഴിയണമെങ്കിൽ മേയ് പകുതി വരെ നീളും.

ഉപ്പ് കയറി ഇറങ്ങിയില്ലങ്കിൽ ഈ മേഖയിലെ പ്രകൃതിയുടെ താളം തെറ്റും അതിനാൽ അധികൃതർ വേണ്ട നടപടികൾ സ്വീകരിക്കണം. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും കാർഷിക കലണ്ടർ ഇനിയും പ്രാവർത്തികമായിട്ടില്ല. ആറു മേഖലകളായി തിരിച്ച് കുട്ടനാടിനു കാർഷിക കലണ്ടർ നേരത്തേ തന്നെ തയാറാക്കിയതാണ്. രണ്ടാം കുട്ടനാട് പാക്കെജിന്റെ ആലോചനകളുടെ ഭാഗമായി ഇതു വീണ്ടും സർക്കാരിനു നൽകിയിട്ടുണ്ട്.

സമ്പത്ത് കാലത്ത് തൈ പത്തു വച്ചാൽ...

പ്രൊഫ.കെ.വി. തോമസ്
(മുൻ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി)

കൊവിഡ് വ്യാപന ദുരിതത്തിൽ കഴിയുന്ന ജനങ്ങളെ ചേർത്തുപിടിച്ച് സംരക്ഷണം നൽകുന്നതിന് ഭക്ഷണവും മറ്റ് ആശ്വാസ സഹായ ധനവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

130 കോടിയിലേറെ ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യയെപ്പോലെ വളരെ സങ്കീർണമായ പ്രദേശത്ത് മൂന്നാഴ്ചയോളം പുറത്തിറങ്ങാൻ കഴിയാത്ത, തൊഴിൽ ചെയ്യാൻ കഴിയാത്ത ജനങ്ങൾക്ക് അവശ്യ വസ്തുക്കളും കരുതൽ ധനവും യഥാവിധി അർഹരായവരിൽ എത്തിക്കുക എന്നത് ശ്രമകരവും അങ്ങേയറ്റം പ്രയാസം നിറഞ്ഞതുമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന സഹായങ്ങൾ വസ്തുക്കളായാലും പണമായാലും താമസം കൂടാതെ യഥാർഥ കൈകളിൽ എത്തിക്കാൻ കഴിയുന്നത് മൻമോഹൻ സിങ് നേതൃത്വം നൽകിയ രണ്ട് യുപിഎ ഗവൺമെന്റുകൾ മാനദണ്ഡവും ചട്ടവും ചട്ടക്കൂടും അടിസ്ഥാനമാക്കി കൈക്കൊണ്ട ദീർഘവീക്ഷണമുള്ള നടപടികളിലൂടെയാണ്. തന്മൂലം വളരെ വേഗത്തിൽ ആശ്വാസ നടപടികൾ ജനങ്ങളിലേത്തിക്കാൻ ഇന്നു സർക്കാരിനു കഴിയും.

2013 ലെ രണ്ടാം യുപിഎ സർക്കാരിന്റെ കേന്ദ്ര ഭക്ഷ്യ-പൊതു വിതരണ മന്ത്രിയായിരിക്കെ ഞാൻ കൊണ്ടുവന്ന ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഇന്ന് ജനങ്ങൾ പട്ടിണിയും, പ്രയാസവുമില്ലാതെ കഴിയുന്നതിന് അടിസ്ഥാനമായി. രാജ്യത്തെ മുഴുവൻ ജനങ്ങളെയും മുൻഗണന- ഇതര പട്ടികയിൽപ്പെടുത്തി, വീട്ടമ്മമാരുടെ പേരിൽ റേഷൻ കാർഡുകൾ നൽകി, അവർക്ക് നിശ്ചിത അളവിൽ ഭക്ഷ്യധാന്യം ഉറപ്പാക്കി. സംഭരണ കേന്ദ്രം-റേഷൻ കടകൾ - ഉപഭോക്താവ് വരെ എല്ലാം നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ചു. തങ്ങൾക്ക് അവകാശപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്രയെന്നും, അതിന്റെ ഗുണനിലവാരം, ഏത് കടയിൽ നിന്നും വാങ്ങാനാവും തുടങ്ങിയവയെല്ലാം മൊബൈൽ ഫോണിലൂടെ ഉപഭോക്താവിന് വീട്ടിലിരുന്ന് അറിയാനും കഴിയുന്ന സംവിധാനവുമായി.

വൻകിട മുതലാളിത്ത രാജ്യങ്ങളിൽ പോലുമില്ലാത്ത സംവിധാനവും സമ്പ്രദായവുമാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലൂടെ നാം സൃഷ്ടിച്ചത്. 2013 ൽ രാഷ്ട്രീയമായി ഈ നിയമത്തെ എതിർത്തവരെല്ലാം ഇന്ന് ഈ നിയമം അടിസ്ഥാനമാക്കിയാണ് സഹായം നൽകുന്നത്. ദേശീയ ദുരന്തമോ, വെള്ളപ്പൊക്കമോ മറ്റ് കെടുതികളോ ഉണ്ടായാൽ ജനങ്ങൾ പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടെ ഭക്ഷ്യധാന്യങ്ങളായ അരി, ഗോതമ്പ്, കടല, പയർ, പരിപ്പ്, റാഗി, മില്ലെറ്റ് എന്നിവ മൂന്നു വർഷത്തേക്ക് സംഭരിച്ചുവയ്ക്കാനുള്ള സൈലോകളും, കൂറ്റൻ സംഭരണ ശാലകളും യുപിഎ ഗവൺമെന്റ് സ്ഥാപിച്ചു. എഫ്സിഐ ഗോഡൌണുകളിൽ മൂന്നു മാസത്തേക്കുള്ള സ്റ്റോക്ക് നിലനിർത്തണമെന്ന് നിഷ്കർഷിച്ചു. ഗർഭിണികൾക്കും, പ്രായമായവർക്കും, കുട്ടികൾക്കും പ്രത്യേക പരിരക്ഷ നൽകി.

കൊറോണയുടെ കെടുതിയിൽ എല്ലാ വിഭാഗത്തെയും കരുതലോടെ കാത്തു സംരക്ഷിക്കാൻ ഇടയാക്കുന്നത് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പഴുതടച്ച ചട്ടങ്ങളാണ്.

ബാങ്കുകളിൽ എല്ലാവർക്കും സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, സബ്സിഡികൾ നേരിട്ട് ഓരോ വ്യക്തിയുടെയും വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റുന്നതിനുമുള്ള സംവിധാനം കൊണ്ടു വന്നതും മൻമോഹൻ സിങ്ങിന്റെ യുപിഎ ഗവൺമെന്റാണ്.

ഇന്ന് എല്ലാ ക്രമീകരണങ്ങളുടേയും കേന്ദ്ര ബിന്ദു ആധാറാണ്. യുപിഎ സർക്കാരിന്റെ. കാലഘട്ടത്തിൽ ധനമന്ത്രിയായിരുന്ന പി.ചിദംബരം കൊണ്ടുവന്ന ആധാറിനെതിരെ തെരുവിലും പാർലമെന്റിലും നിരവധി പ്രക്ഷോഭങ്ങൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും ഇന്നത്തെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ജനങ്ങളെ കണ്ടെത്താനും സഹായം നൽകാനും കൈത്താങ്ങാവുന്നത് ആധാറാണ്. ആധാറില്ലാത്ത ഒരു കുട്ടി പോലും ഉണ്ടാവരുതെന്ന ലക്ഷ്യമായിരുന്നു യുപിഎ സർക്കാരിന്.

ജനങ്ങളുടെ സമ്പൂർണ വിവരശേഖരണം ഇപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കാര്യങ്ങൾ എളുപ്പമാക്കി. ഗ്രാമങ്ങളിലെ നിർധനരായ ജനങ്ങളെ സഹായിക്കുന്നതിനും അവരുടെ മനുഷ്യ പ്രയത്നം രാജ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി കൊണ്ടുവന്ന തൊഴിലുറപ്പു പദ്ധതിയാണ് കൊറോണയുടെ കശക്കിയേറിൽ ദുരിതബാധിതരായ ജനങ്ങളെ ചേർത്ത് പിടിക്കാൻ ഇന്ന് സർക്കാരിന് പിടിവള്ളിയായത്. പല ബജറ്റുകളിലും തൊഴിലുറപ്പ് പദ്ധതി വിഹിതം കുറച്ചു കൊണ്ടു വന്ന് ഇല്ലായ്മ ചെയ്യാൻ ശ്രമിച്ച ബിജെപി ഗവൺമെന്റ് ഇപ്പോൾ ആ പദ്ധതിയിലൂടെ ജനങ്ങൾക്ക് സഹായമെത്തിക്കാൻ ഒരുങ്ങുന്നു എന്നത് ആശ്വാസകരം.

നാടിന്റെ നട്ടെല്ലായ കർഷകരെ സംരക്ഷിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവിലയും കൃഷിയിറക്കുന്നതിന് സഹായവും എന്ന നിലയ്ക്കാണ് കിസാൻ കാർഡ് പദ്ധതി യുപിഎ ഗവൺമെന്റ് കൊണ്ടുവന്നത്. ഈ കഷ്ടകാലത്ത് കർഷകർക്ക് ആശ്വാസ ദീപമാകാൻ അടിസ്ഥാനമാകുന്നത് യുപിഎ ഗവൺമെന്റിന്റെ ഈ പദ്ധതി തന്നെ.

യുപിഎ - കോൺഗ്രസ് സർക്കാരുകൾ രാജ്യത്തിന് എന്തു ചെയ്തു, ജനങ്ങൾക്ക് എന്തു നൽകിയെന്ന ചോദ്യത്തിന്റെ ഉത്തരം ഇപ്പോൾ ബോധ്യപ്പെടുന്നുണ്ടാവും. അടുക്കും ചിട്ടയും ജനക്ഷേമകരമായ പദ്ധതികളുമാണ് ഒരു ക്ഷേമ രാഷ്ട്രത്തിന് അഭികാമ്യമെന്ന് ഇപ്പോൾ എല്ലാവരും അനുഭവത്തിലൂടെ അറിയുന്നുണ്ടാവും.

ഭാരതം സ്വതന്ത്രമാവുമ്പോൾ അന്ന് രാജ്യത്തെ ജനങ്ങൾക്ക് മൂന്നു മാസം കഴിഞ്ഞുകൂടാനുള്ള ഭക്ഷ്യധാന്യമേ സംഭരണകേന്ദ്രങ്ങളിൽ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 130 കോടി ജനങ്ങളെ മൂന്നു വർഷം മൂന്നു നേരം ഊട്ടാനുള്ള ഭക്ഷ്യധാന്യങ്ങൾ നമ്മുടെ സംഭരണ കേന്ദ്രങ്ങളിൽ ഉണ്ടെന്നത് തന്നെയാണ് യുപിഎ ഗവൺമെന്റ് നൽകിയ നേട്ടം. ആരുടെയും അന്നം മുട്ടില്ലെന്ന് ധൈര്യമായി പറയാൻ ആത്മവിശ്വാസം ഉണ്ടായത് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഗുണഫലമാണെന്ന കാര്യം മറന്നുകൂടാ.

മഞ്ഞ, വെള്ള, നീല, പിങ്ക്, കാർഡുടമകൾക്ക് സൗജന്യ റേഷൻ കൃത്യമായി റേഷൻ കടകളിൽ നിന്ന് വാങ്ങാൻ ഇടയാക്കുന്നതും ഈ നിയമം തന്നെ. ഒരു മണി അരി പോലും പാഴായി പോകില്ലെന്നും കരിഞ്ചന്തയിൽ എത്തില്ലെന്നും ഈ നിയമം ഉറപ്പു വരുത്തുന്നു. ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിന്റെ ഭക്ഷ്യവിതരണ രംഗം തകർത്തുവെന്ന് ഇനി ആരും ആക്ഷേപം ഉന്നയിക്കാനിടയില്ല.

ഭക്ഷ്യ ഉത്പാദന രംഗത്ത് നാം വളരെ മുന്നിലാണ്. 1947 ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യമാവുമ്പോൾ ബർമയിൽ നിന്ന് അരിയും അമേരിക്കയിൽ നിന്നു ഗോതമ്പും ഇംഗ്ലണ്ടിൽ നിന്നു തുണിത്തരങ്ങളും എത്തണമായിരുന്നു. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ ആസൂത്രണ നേതൃത്വം നൽകിയ പഞ്ചവത്സര പദ്ധതിയിലൂടെ കാർഷിക- വ്യവസായിക രംഗത്ത് നാം കാര്യക്ഷമമായ നേട്ടം ഉണ്ടാക്കി. 2018-19 ൽ 283.37 മില്യൺ ഭക്ഷ്യധാന്യമാണ് നാം ഉത്പാദിപ്പിച്ചത്. ഇത് മുൻ വർഷങ്ങളേക്കാൾ 17.6 മില്യൺ കൂടുതലാണ്. 100 മില്യൺ ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി ശേഖരിക്കുവാൻ കഴിയുന്ന ആധുനിക സംഭരണ ശാലകൾ പൊതു-സ്വകാര്യ മേഖലയിൽ നമുക്കുണ്ട്.

യുപിഎ ഗവൺമെന്റ് സമസ്ത ജനങ്ങളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് നടപ്പിലാക്കിയ ദേശീയ ആരോഗ്യ മിഷൻ നമ്മുടെ നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലും അധിവസിക്കുന്ന ജനങ്ങളിൽ ആരോഗ്യ വിപ്ലവും ശുചിത്വബോധവും സൃഷ്ടിച്ചു. ലോകത്തെ വൻകിട രാജ്യങ്ങൾ കൊവിഡിന് മുമ്പിൽ, വിറങ്ങലിച്ചു നിൽക്കുമ്പോഴും രോഗബാധിതരുടെ എണ്ണം കുറഞ്ഞതും മരണ നിരക്ക് വളരെയേറെ കുറച്ചതും ദേശീയ ആരോഗ്യ മിഷന്റെ കഴിഞ്ഞ പതിറ്റാണ്ടിലുണ്ടായ വിജയകരമായ പ്രവർത്തനത്തിന്റെ ഒരു ഘടകമാണ്. ഇന്നും നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളും ആരോഗ്യ സംരക്ഷണത്തിൽ മുൻപന്തിയിൽ നിൽക്കുന്നതിനും ജനങ്ങളിൽ ആത്മവിശ്വാസം സൃഷ്ടിക്കുന്നതിനും കാരണം ദേശീയ ആരോഗ്യ മിഷനാണ്.

ആധാർ, കിസാൻ കാർഡ്, ജൻധൻ അക്കൗണ്ട്, ദേശീയ ഭക്ഷ്യ സുരക്ഷ നിയമം, തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യ മിഷൻ തുടങ്ങി യുപിഎ ഗവൺമെന്റ് ദീർഘദൃഷ്ടിയോടെ കൊണ്ടുവന്ന ജനക്ഷേമകരവും സുതാര്യവുമായ പദ്ധതികളാണ് ഈ കൊറോണക്കാലത്ത് ഇന്ത്യയിലെ ജനങ്ങളെ കരുതലോടെ ചേർത്ത് നിർത്താനും അവർക്ക് ആത്മവിശ്വാസം നൽകാനും ഇടയാക്കിയതെന്ന സത്യം ഇനിയെങ്കിലും തിരിച്ചറിയുക.

പ്രതാപങ്ങൾ തകർക്കുന്ന നിലവിളികൾ ഉയരുന്നു

ഡോ. ആസാദ്

ലോകം വല്ലാതെ മാറുകയാണ്. കൊറോണ അതിന്റെ മാരകരൂപത്തിൽ ഭൂഖണ്ഡങ്ങളെ പിടിച്ചു കുലുക്കുന്നു. സകല പ്രതാപങ്ങൾക്കും താഴെ വെറും മനുഷ്യരുടെ നിലവിളികൾ കേട്ടു തുടങ്ങിയിരിക്കുന്നു. ഭരണകൂടങ്ങൾ അവയുടെ പരിമിതികൾ അംഗീകരിച്ചു തുടങ്ങി.

2008നു ശേഷം അമെരിക്കൻ സമ്പദ്ഘടന പ്രതിസന്ധിയിലേക്കു നീങ്ങുന്നു. 2008ൽ അമെരിക്കൻ സമ്പദ് വ്യവസ്ഥയുടെ ആഭ്യന്തര പ്രതിസന്ധിയാണ് ഹേതുവെങ്കിൽ ഇപ്പോൾ കോവിഡ് 19എന്ന പകർച്ചവ്യാധിയാണ്. മനുഷ്യനെയും പ്രകൃതിയെയും തീരെ പരിഗണിക്കാത്ത മുതലാളിത്ത മത്സരാവേശം വിനാശത്തിന്റെ വിളവെടുക്കുന്നു.

യൂറോപ്യൻ സാമ്പത്തിക രംഗവും രൂക്ഷമായ പ്രതിസന്ധി നേരിടുന്നു. പഴയ പ്രതാപമെല്ലാം കൊഴിഞ്ഞുപോവുകയാണ്. യൂറോപ്യൻ യൂണിയനെവിടെ എന്ന് അംഗരാഷ്ട്രങ്ങളാണ് വിലപിക്കുന്നത്. മുതലാളിത്ത ദുർന്നടത്തങ്ങളുടെ പരിഹാരമെന്ത് എന്നവർ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. സ്പെയ്നിൽ സ്വകാര്യ ആശുപത്രികളും ആരോഗ്യരക്ഷാ സംവിധാനങ്ങളും പെട്ടെന്ന് ദേശസാൽക്കരിച്ചു. കടങ്ങളും ബാധ്യതകളും ഇറ്റലി എഴുതിത്തള്ളി. ഫ്രാൻസും പുതിയ പ്രഖ്യാപനങ്ങൾ നടത്തി. നികുതിയും വാടകയും മറ്റും ഒഴിവാക്കി ജനങ്ങളെ കൂടെ നിർത്തുന്നു. അമെരിക്കൻ സ്റ്റേറ്റുകളിൽ ലക്ഷക്കണക്കായ ഭവനരഹിതരെ പാർപ്പിക്കാൻ ഇടം തേടുന്നു. കാലിഫോർണിയയിൽ മാത്രം വീടില്ലാത്തവർ ഒരു ലക്ഷത്തിലേറെ വരും.

അതിവേഗം പടർന്നു പിടിക്കാവുന്ന രോഗത്തിന്റെ വാഹകരാവുക ചലനാത്മക സമൂഹമാണ്. അതു മിക്കവാറും അടിത്തട്ടു മനുഷ്യരുടേതാണ്. എല്ലാ ധനമുതലാളിത്ത വികസനങ്ങളിലും പുറംതള്ളപ്പെട്ട അനേകർ തങ്ങളുടെ സുരക്ഷയ്ക്കു ഭീഷണിയാവുമെന്ന് സമ്പന്ന ലോകം അറിഞ്ഞു തുടങ്ങി. ബ്രിട്ടനിലും ബ്രസീലിലും പ്രതാപികളായ ഭരണാധികാരികൾ കോവിഡ് തീണ്ടി കിടപ്പാണ്. ട്രമ്പ് ടവറും വെള്ളകൊട്ടാരവും ഭയത്തിന്റെ നിഴലിലാണ്. അതിനാൽ 'എല്ലാവരും ഏതിടത്താണോ അവിടേക്ക് ഒതുങ്ങുവിൻ' എന്നു ഭരണകൂടങ്ങൾ നിർത്താതെ നിലവിളിക്കുന്നു.

അമെരിക്കയിൽ കോവിഡ് ബാധിതരുടെ എണ്ണം ലക്ഷം കവിഞ്ഞതു അതിവേഗമാണ്. ചൈനയെയും ഇറ്റലിയെയും പിന്തള്ളുന്ന ധൃതി. വികസിത രാജ്യങ്ങൾ ഒന്നൊന്നായി തല കുനിക്കുന്നു. അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചു പഠിക്കുന്ന പണ്ഡിതന്മാർ ലോകക്രമം മാറുകയാണെന്ന് പ്രവചിക്കുന്നു. മുതലാളിത്തം അതിജീവിക്കാൻ നടത്തുന്ന യുദ്ധമാണെന്ന് വിശദീകരിക്കുന്നു.

പണ്ടൊക്കെ പകർച്ചവ്യാധികൾ ആദ്യമെത്തുക ദരിദ്ര ജീവിതങ്ങളിലാണ്. തെരുവുതിണ്ണകളിലും ചേരികളിലുമാണ്. രോഗം പതിനായിരങ്ങളെ കൊണ്ടു പോകും. ഇപ്പോഴാവട്ടെ അതു മുകൾത്തട്ടിലും മധ്യവർഗത്തിലും വിത്തിട്ടേ താഴേയ്ക്കിറങ്ങൂ. വിമാനമേറിയാണ് രോഗ സഞ്ചാരം. അടിത്തട്ടു മനുഷ്യരിലെത്തിയാൽ അതെമ്പാടും അതിദ്രുതം പടരും. കെട്ടിപ്പൊക്കിയ സമ്പദ്ക്രമങ്ങൾ തകരും.

ഏറ്റവും ചലനാത്മകമായ ഘടകം പണമല്ല. ഉത്പാദനത്തൊഴിലാളികളാണ്. പുറംതള്ളപ്പെട്ടവരും നാടോടികളുമാണ്. അവരുടെ സ്വപ്ന റിപ്പബ്ലിക്കിനെ എരിയിച്ചു കളയാൻ മുതലാളിത്തത്തിനു വൈറസ്സുകൾ ഏറെയുണ്ട്. ഇപ്പോഴാവട്ടെ പരക്കുന്നത് ആത്മനാശത്തിന്റെ വ്യാധിവൈറസുകളാവും. ഭസ്മാസുര മുതലാളിത്തം ആ ഞെട്ടലിൽനിന്നു വിമുക്തമല്ല. അടിത്തട്ടു ജീവിതങ്ങളെ പിടിച്ചു കെട്ടി വേണം മുതലാളിത്തത്തിനു രക്ഷാനേട്ടം.

പട്ടിണിരാജ്യങ്ങളിൽ പകർച്ചരോഗങ്ങൾ പടരുമ്പോൾ കൂടുതൽ വായ്പയാവാമെന്ന് ഉദാരരാവുന്ന വികസിത രാജ്യങ്ങൾ ഇപ്പോൾ പതറിയിരിക്കുന്നു. ചൈനയിൽനിന്നോ കൊറിയയിൽനിന്നോ മറുമരുന്നാവാമെന്ന് യുഎസുപോലും വഴങ്ങുന്നു. ലോകജനതയുടെ പാതിയും വീടുകളിലും കേമ്പുകളിലും അടയ്ക്കപ്പെട്ടു കഴിഞ്ഞു. തങ്ങൾക്കു മാത്രം തുറന്ന ലോകത്ത് സമ്പദ്ഘടനകളുടെ യുദ്ധം അതിന്റെ അധീശ ശക്തിയെ തേടുകയാണ്.

എല്ലാ യുദ്ധത്തിലുമെന്നതുപോലെ വലിയ നാശം സാധാരണ മനുഷ്യർക്കാവും. എങ്കിലും ഈ യുദ്ധം നൽകുന്ന മുഖ്യപാഠം വീടില്ലാത്ത, തൊഴിലില്ലാത്ത മനുഷ്യരുണ്ടാവരുത് എന്നതാണ്. ഇരകളെ, പുറംതള്ളപ്പെടുന്നവരെ സൃഷ്ടിക്കുന്ന വികസനം മനുഷ്യരാശിയുടെ നിലനിൽപ്പിനു ഭീഷണിയാണ് എന്നതാണ്. പ്രകൃതിയെയും ജീവപ്രപഞ്ചത്തെയും മനുഷ്യനെയും മറന്ന് ഇനി ഒരു ചുവടും മുന്നോട്ടു വെയ്ക്കരുത് എന്നാണ്.

തിളങ്ങാൻ തയാറെടുത്ത് ഇന്ത്യ

തോൽക്കില്ല നമ്മൾ 4

സി.പി. രാജശേഖരൻ

ഓരോ പരാജയവും വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്. കഴിഞ്ഞ നാലു വർഷമായി തളരുന്ന ഇന്ത്യൻ സമ്പദ്ഘടന കൂടുതൽ ദുർബലമാകാനുള്ള സാധ്യതകൾ പലതുണ്ട്, കൊവിഡ് ദുരിതകാലത്ത് പാഠമാക്കാൻ. പക്ഷേ, ഇതൊരു അവസരമായി കണക്കിലെടുത്ത് പൊരുതാനുറച്ചാൽ ഇന്ത്യയെപ്പോലെ സാമ്പത്തികമായി വളരാൻ സാധ്യതയുള്ള രാജ്യങ്ങൾ അപൂർവമാണെന്നു കരുതുന്ന നിരവധി സാമ്പത്തിക ശാസ്ത്രജ്ഞരും സംഘടനകളുമുണ്ട്. കൊവിഡിനെ വളരെ വേഗത്തിൽ നിയന്ത്രിക്കാൻ കഴിയുന്നു എന്നതാണ് ഒന്നാമത്തെ നേട്ടം. കൊറോണ രോഗം റിപ്പോർട്ട് ചെയ്ത് കൃത്യം രണ്ടു മാസം കഴിഞ്ഞപ്പോഴാണ് കൊവിഡ് 19 സ്ഥിരീകരിച്ചവരുടെ എണ്ണം മൂന്നക്കം കടക്കുന്നത്. ഇന്നലെ ഉച്ചവരെ ലഭിക്കുന്ന കണക്കു പ്രകാരം മരണ സംഖ്യ 25ഉം. ജനങ്ങളെ വിശ്വാസത്തിലെടുത്ത ഭരണകൂടവും ഭരണകർത്താക്കളെ പൂർണമായി അനുസരിക്കുന്ന ജനങ്ങളും അടുത്ത നേട്ടം.

ചൈന, യുഎസ്, ഇറ്റലി, സ്പെയ്ൻ തുടങ്ങിയ രാജ്യങ്ങൾ സ്വീകരിച്ചതിനെക്കാൾ വളരെ വേഗത്തിലും പലപ്രദവുമായാണ് ഇന്ത്യ ഈ മാരക വൈറസിനെ നേരിട്ടത്. സമൂഹവ്യാപനത്തിന്റെ സാധ്യത നിലനിൽക്കുന്നുണ്ടെങ്കിലും രണ്ടര മണിക്കൂറിനുള്ളിൽ മാരക കീടത്തെ മനുഷ്യരിൽ തിരിച്ചറിയാനുള്ള പരിശോധനാ കിറ്റ് വികസിപ്പിച്ചെടുത്ത മിനാൽ ദഖവേ ഭോസലെയുടെയും കോവിഡ് വിരുദ്ധ പോരാട്ടത്തിൽ സ്വന്തം ജീവൻ പോലും മറന്നു പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെയും നാടാണ് ഇന്ത്യ എന്നത് അടുത്ത നേട്ടം. ലോകത്തേക്കും കുറഞ്ഞ നിരക്കിലാണ് ഇന്ത്യയിലെ സാംപിൾ പരിശോധന എന്ന പേരുദേഷത്തിന് മിനാലിന്റെ കണ്ടുപിടിത്തം ഇനി മറുപടി പറഞ്ഞുകൊള്ളും.

കൊവിഡ് 19 വർഗത്തിൽപ്പെട്ട മറ്റു വൈറസുകളെ കീഴ്പ്പെടുത്തുന്ന വാക്സിനുകൾ ഈ വൈറസിനെയും ചെറുക്കുമെന്ന കണ്ടെത്തലും നേട്ടമായി. എച്ച്ഐവി വൈറസുകൾക്കു നൽകുന്ന ആന്റി വൈറസുകളെ കൊറോണ രോഗിയിൽ വിജയകരമായി പരീക്ഷിച്ചു വിജയിച്ച കളമശേരി മെഡിക്കൽ കോളെജിന്റെ നേട്ടം വേറേ. ഇതിനെല്ലാം പുറമേ, സോഷ്യൽ ഡിസ്റ്റൻസിങ് എന്ന ഒറ്റമൂലി പ്രഖ്യാപിച്ചും കർശനമായി നടപ്പാക്കുക വഴി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഉജ്വല വിജയം നേടുന്നതും കാണാതിരുന്നുകൂടാ. ഇതെല്ലാം വിളിച്ചുപറയുന്നത് ഒരേ മുദ്രാവാക്യം- തോൽക്കില്ല നമ്മൾ, ഈ പോരാട്ടം വിജയിക്കുക തന്നെ ചെയ്യും.

കൊവിഡിനെ വിജയകരമായി കീഴ്പ്പെടുത്തുമ്പോഴേക്കും ലോകം സാമ്പത്തികത്തളർച്ചയിലാകുമെന്ന പ്രവചനം ഓരോ ദിവസവും ശക്തമാകുകയാണ്. ആഗോള ജിഡിപിയിൽ രണ്ടര ശതമാനത്തിന്റെ ഇടിവുണ്ടാകും. ഇത് ഇന്ത്യക്കും ബാധകമാണ്. പക്ഷേ, മറികടക്കാൻ ഒരുപാടു വഴികളുണ്ട് നമുക്ക്. 21 ദിവസത്തെ ലോക്ക് ഡൗൺ മുഖേനയുണ്ടായ ഉത്പാദന നഷ്ടമാണ് നികത്താൻ കഴിയാത്തത്. പന്ത്രണ്ടു കോടിയിൽപ്പരം വരുന്ന അസംഘടിത താൽക്കാലിക തൊഴിലാളികളുടെ കൂട്ടപ്പലായനവും കാണാതിരിക്കാൻ കഴിയില്ല. എന്നാൽ, 2008ലെ ആഗോള മാന്ദ്യം മറികടക്കാൻ ആഭ്യന്തര ഉത്പാദന- കയറ്റുമതി- തൊഴിൽ മേഖലകളിൽ യുഎസ് നടത്തിയ അതിശക്തമായ നടപടികൾ ഇന്ത്യയും ആവർത്തിച്ചേ മതിയാകൂ. കൊറോണയെയും കഴിഞ്ഞ ഏതാനും വർഷമായി തുടരുന്ന സാമ്പത്തിക മാന്ദ്യത്തെയും മറികടക്കാനുള്ള മറുമരുന്ന് യഥേഷ്ടം സ്റ്റോക്കുണ്ട് ഇന്ത്യയുടെ സാമ്പത്തിക ലോക്കറിൽ. വിദേശ കരുതൽ മൂലധനമാണ് അതിൽ പ്രധാനം. 194 രാജ്യങ്ങളുടെ സാമ്പത്തിക കരുതൽ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം മുകളിൽ നിന്ന് ഏഴാമതാണ്.

ലോകത്തെ ഏറ്റവും വലിയ നാലാമത്തെ സാമ്പത്തിക ശക്തിയാണു നമ്മൾ. ക്രയശേഷിയിൽ ലോകത്തു മൂന്നാം സ്ഥാനത്തും. 2014 മുതൽഡ 18 വരെ തുടർച്ചയായി ഏറ്റവും വേഗത്തിൽ വളരുകയായിരുന്ന സാമ്പത്തിക ശക്തി. കറൻസി നിർവ്യാപനത്തിന്റെയും ജിഎസ്ടിയുടെയും ദുരിതം വന്നുപെട്ടില്ലായിരുന്നില്ലെങ്കിൽ വളർച്ചാ നിരക്ക് ഒരു ഘട്ടത്തിൽ ഇരട്ടയക്കത്തിലെത്തുമെന്നു പോലും കരുതിയതാണ്. എന്നാൽ കൊറോണ വരുന്നതിനു മുൻപേ ലോകത്തെ ബാധിച്ച തളർച്ച ഇന്ത്യയെ ബാധിച്ചില്ലായിരുന്നില്ലെങ്കിൽ വളർച്ചയിൽ ഇന്ത്യ എത്രയോ മുന്നിലാകുമായിരുന്നു.

കൊവിഡ് 19 ബാധമൂലം രാജ്യത്തിന് ഒൻപതു ലക്ഷം കോടി രൂപയുടെ ഉത്പാദന നഷ്ടം സംഭവിക്കുമെന്ന ആശങ്കയുണ്ട്. പക്ഷേ, അതു മറികടക്കാനുള്ള മരുന്നും ഇവിടെത്തന്നെയുണ്ട്. അന്താരാഷ്ട്ര വിപണിയിൽ കൂപ്പുകുത്തിയ ക്രൂഡ് വിലയാണത്. 2014ൽ നൂറു ഡോളറിലേക്കു കുതിക്കുകയായിരുന്ന ക്രൂഡ് വില ഇപ്പോൾ 26 ഡോളറിലേക്കു തകർന്നടിഞ്ഞു. ഒപ്പെക് രാജ്യങ്ങളുടെ തൊഴുത്തിൽക്കുത്തും കൊവിഡ് പ്രതിസന്ധിയുടെ സാമ്പത്തിക നഷ്ടവും മൂലം സൗദി, ഇറാക്ക്, റഷ്യ തുടങ്ങിയ വൻകിട ഉത്പാദകർ വില്പന സമ്മർദത്തിലാണ്. വരുംദിവസങ്ങളിൽ ക്രൂഡ് വില ഇനിയും കുറഞ്ഞേക്കും. വന്നുവന്ന് അത് 12 ഡോളർ വരെ ഇടിഞ്ഞാലും അത്ഭുതമില്ല. ഇപ്പോൾത്തന്നെ 50 ദശലക്ഷം ഡോളറിന്റെ ഇറക്കുമതി നേട്ടമാണു ക്രൂഡ് വിലത്തകർച്ച മൂലം ഇന്ത്യക്കു ലഭിക്കുന്നത്. ഇത് ഇനിയും വർധിക്കും. 100-120 ദശലക്ഷം ഡോളറിന്റെ അധിക സാമ്പത്തിക നേട്ടത്തിന് ഇതു വഴിവയ്ക്കുമെന്നാണ് ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് മന്ത്രാലയത്തിന്റെ പ്രതീക്ഷ. കൊവിഡ് പ്രതിരോധ യുദ്ധത്തിന് ആവശ്യമായ സാമ്പത്തിക പിൻബലം ഇതാണെന്നും വിദഗ്ധർ കരുതുന്നു.

ഉറപ്പുള്ള കേന്ദ്ര സർക്കാരും അഞ്ചു ലക്ഷം കോടി ഡോളറിന്റെ വൻശക്തിയാകുക എന്ന ലക്ഷ്യവുമുള്ളതിനാൽ വളരെ കരുതലോടെയാണ് കേന്ദ്ര സർക്കാരിന്റെ ഫണ്ട് വിനിയോഗം എന്നതിനാൽ വരും വർഷങ്ങളിൽ സാമ്പത്തിക വളർച്ചയുടെ ഗതിവേഗം കൂടുമെന്നു വേണം കരുതാൻ. എന്നാൽ എല്ലാവരും ആശങ്കപ്പെടുന്നതു പോലെ അതു കോർപ്പറേറ്റ് സെക്റ്ററിൽ മാത്രമായി ഒതുങ്ങരുത്. കോർപ്പറേറ്റുകൾക്കു ലാഭക്കൊയ്ത്തിനുള്ള അവസരം സ്വരുക്കൂട്ടുമ്പോൾത്തന്നെ രാജ്യത്തെ 52 കോടിയിൽപ്പരം വരുന്ന തൊഴിലാളി വർഗത്തിന്റെ നിലനില്പിന്റെ കാര്യം കൂടി കേന്ദ്ര സർക്കാർ വളരെ സജീവമായി പരിഗണിക്കേണ്ടതുണ്ട്. അടിസ്ഥാനവർഗ തൊഴിൽ മേഖലയും കോർപ്പറേറ്റ് സെക്റ്ററും പൊതുമേഖലയും ഒരുപോലെ വളർന്നാൽ മാത്രമേ രാജ്യത്തിനു പൊതു നീതി ഉറപ്പു വരുത്താനാവൂ. ഇന്ത്യൻ തൊഴിലാളി വർഗത്തിന്റെ 85 ശതമാനവും അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ദിവസ വേതനക്കാരാണ്. കൃഷി, കച്ചവടം, പരമ്പരാഗത തൊഴിൽ, ശുചീകരണം, കൈത്തൊഴിൽ, സ്വയംതൊഴിൽ തുടങ്ങിയ മേഖലകളിലാണ് ഇവർ ജോലി ചെയ്യുന്നത്. ഈ മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ട പതിനായിരങ്ങളാണു രാജ്യത്തിന്റെ പ്രധാന നഗരങ്ങളിൽ നിന്നു പലായനം ചെയ്യുന്നത്. കൊറോണ വിരുദ്ധ പോരാട്ടം പോലെ തന്നെ പ്രധാനമാണ് ഇവരുടെ പുനരധിവാസം.

സംഘടിത മേഖലകളിലും പ്രതിസന്ധി വളരെ രൂക്ഷമാണ്. ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലയിൽ മാത്രം പ്രതിവർഷം മൂന്നു കോടി ആളുകൾക്കു തൊഴിൽ നഷ്ടപ്പെടുമെന്ന് ഫെഡറേഷൻ ഓഫ് അസോസിയേഷൻസ് ഇൻ ഇന്ത്യൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി പ്രസിഡന്റും പ്രമുഖ വ്യവസായിയുമായ ഗരീഷ് ഒബറോയി ചൂണ്ടിക്കാട്ടുന്നു. രാജ്യത്തെ ഹോട്ടൽ, റിസോർട്ട്, ടൂറിസം ഡസ്റ്റിനേഷനുകൾ എന്നിവയുടെ 90 ശതമാനവും ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം ഇവയുടെ പുനരുജ്ജീവനം അസാധ്യമാണെന്നും ഒബറോയി. നിലവിൽ കൊവിഡ് പ്രതിസന്ധി രൂക്ഷമായ രാജ്യങ്ങളിൽ നിന്നുള്ള അതിഥികൾക്കു വേണ്ടി ബുക്ക് ചെയ്തിരുന്ന എല്ലാ കരാറുകളും റദ്ദാക്കപ്പെട്ടു. ഇതുവഴി ഏവിയേഷൻ, ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റാലിറ്റി മാനെജ്മെന്റ്, ഇവന്റ് ആൻഡ് എന്റർടൈൻമെന്റ് തുടങ്ങിയ മേഖലകളും സ്തംഭിച്ചു. ഉത്പാദന മേഖല, ഓട്ടോ മോബീൽസ്, അഗ്രോ ട്രെയ്ഡ് തുടങ്ങിയവയും ഭീഷണി നേരിടുന്നു. ഇതിനെല്ലാം പറ്റുന്ന മികച്ച ഉത്തേജക പാക്കെജുകളും ആഭ്യന്തര വ്യവസായികൾക്ക് വൻതോതിലുള്ള നികുതി ഇളവുകളും സംരംഭകത്വ സഹായവുമാണ് ഇപ്പോൾ ഒരുക്കേണ്ടത്. ഇറക്കുമതി നിയന്ത്രിക്കുകയും കയറ്റുമതി പരമാവധി പ്രോത്സാഹിപ്പിക്കുകയും വേണം.

കാർഷിക മേഖലയുടെ ഉണർവും എംഎസ്എംഇ വ്യവസായങ്ങളുടെ വികാസവുമാണു തൊഴിൽമേഖലയുടെ ഉണർവിന് ഏറ്റവും ആദ്യം ചെയ്യേണ്ടത്. നിലവിൽ പ്രഖ്യാപിച്ചതടക്കം 22 ദിവസത്തെ കർഫ്യൂ ദിവസങ്ങൾ മൂലമുണ്ടായ ഉത്പാദന നഷ്ടം നികത്താൻ തൊഴിലുടമകളും തൊഴിലാളികളും സർക്കാരും ഒരുമിച്ചു കൈകോർക്കണം. 1995ൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് രോഗം അതിജീവിച്ചു വൻ തിരിച്ചു വരവ് നടത്തിയ സൂററ്റ് മാതൃകയിൽ തളിരിടട്ടെ കൊവിഡിനു ശേഷമുള്ള ഇന്ത്യയുടെ വ്യവസായ വളർച്ച. ലോകത്തെ ഒന്നാമത്തെ സാമ്പത്തികശക്തിയാകുക എന്നത് ഇന്ത്യയുടെ സ്വപ്നമല്ല. പത്തൊൻപതാം നൂറ്റാണ്ടു വരെ ലോകത്തിനു മുന്നിൽ ഇന്ത്യ അലങ്കരിച്ചിരുന്ന സ്ഥാനമായിരുന്നു അത്. നമ്മളതു തിരിച്ചുപിടിക്കും. കൊറോണയുടെ കണ്ണി പൊട്ടിച്ചെറിയാൻ കാണിക്കുന്ന ഇതേ വീറോടെ. അതിനെക്കാൾ വാശിയോടെ.

(അവസാനിച്ചു)

വിധവാ പെൻഷൻ പട്ടികയിൽ നിന്ന് ആയിരങ്ങൾ പുറത്തേക്ക്

■ സർക്കാരിന്റെ പുതിയ നിബന്ധന വിനയാകുന്നു

സ്വന്തം ലേഖകൻ

കോഴിക്കോട്: കൊവിഡ് 19 ഭീഷണി ശക്തമായ പശ്ചാത്തലത്തിൽ സർക്കാർ അടിയന്തരമായി വിതരണം ചെയ്യുന്ന രണ്ടുമാസത്തെ വിധവാ പെൻഷൻ പട്ടികയിൽ നിന്ന് ആയിരങ്ങൾ പുറത്തേക്ക്. പതിറ്റാണ്ടുകളായി പെൻഷൻ വാങ്ങിയ നിരാലംബ സ്ത്രീകളെയാണ് സാങ്കേതികത്വത്തിന്റെ കുരുക്കിട്ട് പട്ടികയുടെ പുറത്താക്കിയത്.

ക്ഷേമ പെൻഷനുകൾ നിയന്ത്രിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കമാണ് ഇതിനു കാരണമായിരിക്കുന്നത്. പത്തും ഇരുപതും വർഷങ്ങളായി വാങ്ങുന്നവർക്ക് പുതിയ നയമനുസരിച്ച് ഇനി മുതൽ പെൻഷൻ നിഷേധിക്കപ്പെടും. ഭർത്താവ് മരണപ്പെട്ടവർക്കും ഏഴു വർഷമായി ഭർത്താവിനെ കാണാനില്ലാത്ത പുനർവിവാഹം കഴിക്കാത്തവർക്കുമാണ് വിധവാ പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ഡിസംബറിൽ ഇറക്കിയ സർക്കുലറിൽ മരണ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഭർത്താവ് ഉപേക്ഷിച്ച് പോയതാണെങ്കിൽ റവന്യൂ അധികൃതർ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ മാത്രമേ ഇനി പെൻഷനുള്ളൂ എന്നാണു പറഞ്ഞിരിക്കുന്നത്. എന്നാൽ ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കേസുകളിൽ ഉപേക്ഷിക്കപ്പെട്ടു എന്ന സർട്ടിഫിക്കറ്റ് മാത്രമാണ് റവന്യൂ അധികൃതർ നൽകുന്നത്. വിധവയാണെന്ന് നൽകാൻ നിയമപരമായി കഴിയില്ലെന്നാണ് റവന്യൂ അധികൃതർ പറയുന്നത്. ഇതു സംബന്ധിച്ച് പൊലീസ് അധികൃതരുടെ സാക്ഷ്യപത്രം നിർബന്ധമായി വരുന്നു. കാണാതായതായി പൊലീസിൽ എഫ്ഐആർ ഉള്ള കേസുകളിൽ മാത്രമേ പൊലീസ് സാക്ഷ്യപത്രം നൽകൂ. ഭർത്താവ് ഉപേക്ഷിച്ച് പോയ സ്ത്രീകളിൽ ഇപ്പോൾ പെൻഷൻ വാങ്ങുന്നവരിലെ വലിയ ശതമാനം പൊലീസിൽ റിപ്പോർട്ട് ചെയ്യാത്തവരുമുണ്ട്. പത്തും ഇരുപതും വർഷങ്ങളായി പെൻഷൻ വാങ്ങുന്നവരാണ് ഇവർ. അജ്ഞതയും സഹായിക്കാൻ ആളില്ലാത്തതും മൂലം പൊലീസിൽ പലരും വിവരമറിയിച്ചിട്ടില്ല. വിവാഹത്തട്ടിപ്പിലും മറ്റും കുടുങ്ങി ഏറെ കയ്പുനീരു കുടിച്ചവരും ഇവരിലുണ്ട്. പുതിയ സർക്കുലർ പ്രകാരം ഇവർക്കൊക്കെ എന്നന്നേക്കുമായി പെൻഷൻ നിഷേധിക്കപ്പെടും.

പതിറ്റാണ്ടുകളായി പെൻഷൻ വാങ്ങുന്നവർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്നത് ക്രൂരതയാണെന്ന വിമർശനമുയർന്നു കഴിഞ്ഞു. നിയമം നടപ്പിലാക്കുമ്പോൾ മാനുഷികതക്ക് തീരെ പ്രാമുഖ്യം നൽകിയില്ലെന്നാണ് ആക്ഷേപം. ഇതുവരെ പെൻഷൻ വാങ്ങിയവരെ ഒഴിവാക്കാതെ, പുതിയ അപേക്ഷകൾ പുതിയ മാനദണ്ഡങ്ങൾ പ്രകാരം സ്വീകരിക്കുകയാണ് വേണ്ടതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭർത്താവില്ലാത്തതിനാൽ ജോലി ചെയ്ത് ഒറ്റയ്ക്ക് കുടുംബം പോറ്റുന്ന സ്ത്രീകൾക്ക് മാസം 1,200 രൂപ എന്ന നിലയിൽ ലഭിക്കുന്ന പെൻഷൻ വലിയ അനുഗ്രഹമായിരുന്നു. പെൻഷൻ തുടർന്നും ലഭിക്കാൻ ആരെങ്കിലും ഇടപെടുമെന്ന പ്രതീക്ഷയിലാണിവർ.

സത്യവാങ്മൂലം, വെഹിക്കിൾ പാസ് ഓൺലൈനിലും

തിരുവനന്തപുരം: കൊവിഡ് 19നെ തുടർന്നുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് അത്യാവശ്യ സാഹചര്യത്തിൽ യാത്ര ചെയ്യുന്നതിനാവശ്യമായ സത്യവാങ്മൂലം, വെഹിക്കിൾ പാസ് എന്നിവ ലഭിക്കുന്നതിന് ഓൺലൈനിലും സംവിധാനം സജ്ജമാക്കിയാതായി സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

https://pass.bsafe.kerala.gov.in എന്ന ലിങ്ക് വഴി ഈ സൗകര്യം പ്രയോജനപ്പെടുത്താം. സൈബർ ഡോം നോഡൽ ഓഫിസർ കൂടിയായ എഡിജിപി മനോജ് എബ്രഹാമിന്റെ നേതൃത്വത്തിൽ സൈബർ ഡോമിലെ വിദഗ്ധ സംഘമാണ് ഓൺലൈൻ സംവിധാനം വികസിപ്പിച്ചത്. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ യാത്ര ചെയ്യുന്നതിനാവശ്യമായ സത്യവാങ്മൂലം ഓൺലൈനിൽ ലഭിക്കാൻ യാത്രക്കാർ പേര്, മേൽവിലാസം, വാഹന നമ്പർ, സഹയാത്രികന്റെ പേര്, യാത്ര പോകേണ്ടതും തിരിച്ചു വരേണ്ടതുമായ സ്ഥലം, തീയതി, സമയം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയതിനു ശേഷം യാത്രക്കാരന്റെ ഒപ്പ് അപ്‌ലോഡ് ചെയ്യണം.

ഈ വിവരങ്ങൾ പൊലീസ് കൺട്രോൾ സെന്ററിൽ പരിശോധിച്ചശേഷം സത്യവാങ്മൂലം അംഗീകരിച്ച ലിങ്ക് യാത്രക്കാരന്റെ മൊബൈൽ നമ്പറിലേക്കു മെസേജ് ആയി നൽകും. യാത്രാവേളയിൽ പൊലീസ് പരിശോധനയ്ക്കായി ഈ ലിങ്കിൽ ലഭിക്കുന്ന സത്യവാങ്മൂലം കാണിച്ചാൽ മതിയാകും. അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ ആ വിവരം മൊബൈൽ നമ്പറിലേയ്ക്കു മെസേജ് ആയി ലഭിക്കും. ഒരു ആഴ്ചയിൽ ഓൺലൈൻ മുഖാന്തിരം ഉള്ള സത്യവാങ്മൂലം പ്രകാരം പരമാവധി മൂന്നു തവണ മാത്രമേ യാത്ര അനുവദിക്കൂ.

വെഹിക്കിൾ പാസ് ഓൺലൈനായി നൽകുന്നത് മരണം, ഒഴിവാക്കാനാകാത്ത ആശുപത്രി സന്ദർശനം മുതലായ തികച്ചും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രം ഉപയോഗിക്കാനാണ്. പേര്, മേൽ വിലാസം, മൊബൈൽ നമ്പർ എന്നിവ ചേർത്തശേഷം ഫോട്ടോ, ഒപ്പ് ഒഫീഷ്യൽ ഐഡി കാർഡ് എന്നിവയുടെ ഇമേജ് അപ്‌ലോഡ് ചെയ്യണം. പരിശോധനയ്ക്കു ശേഷം പാസ് യാത്രക്കാരന് മെസേജ് ആയി ലഭിക്കും. ഇതും ആഴ്ചയിൽ പരമാവധി മൂന്നുതവണയേ ലഭിക്കൂ. നൽകുന്ന വിവരങ്ങൾ തെറ്റാണെന്ന്തെളിഞ്ഞാൽ നിയമനടപടി സ്വീകരിക്കും. ഈ സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്നവർക്കെതിരേയും നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

രാജ്യത്തെ 'ഹോട്ട് സ്പോട്ട്' ലിസ്റ്റിൽ കാസർഗോഡും

കാസർഗോഡ്: കൊറോണ വൈറസ് പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും അപകടമായ രീതിയിൽ കോവിഡ് ബാധിച്ച സ്ഥലങ്ങളുടെ പട്ടികയിൽ കാസർഗോഡും. ലിസ്റ്റിൽ ഡൽഹി നോയിഡയിലെ ജിബി നഗർ, രാജസ്ഥാനിലെ ഭിൽവാഡ എന്നിവയാണ് മറ്റു പ്രദേശങ്ങൾ. അവിടെയും കോവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം കൂടുതലാണ്.

ഈ 'ഹോട്ട് സ്പോട്ടുകളി'ലാണ് സർക്കാർ ഇപ്പോൾ ശ്രദ്ധിക്കുന്നതെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. ലിസ്റ്റിൽപ്പെടുത്തുമ്പോൾ 82 കോവിഡ് രോഗികളായിരുന്നു കാസർഗോട്ടുണ്ടായിരുന്നത്. ഇന്നലെ വൈകിട്ട് അത് 89 ആയി. ഏറ്റവും കൂടുതൽ രോഗബാധയുള്ളത് ആദ്യം രോഗം സ്ഥിരീകരിച്ച കളനാട് സ്വദേശിയുടെ പഞ്ചായത്തായ ചെമ്മനാട്ടിൽ. 15 പേർക്കാണ് ഇവിടെ രോഗം സ്ഥിരീകരിച്ചത്. ഏറെ പേരും ഗൾഫിൽ നിന്ന് എത്തിയവരാണെങ്കിലും നാലുപേർ സമ്പർക്കം വഴി രോഗികളായവരാണ്.

കാസർഗോഡ് നഗരസഭയിൽ 13 പേർക്കാണ് കൊവിഡ് രോഗബാധ. രണ്ടാമത് രോഗം സ്ഥിരീകരിച്ച ഏരിയാൽ സ്വദേശിയുടെ പഞ്ചായത്തിൽ 9 പേർക്കാണ് ബാധയുള്ളത്. രോഗവ്യാപനം വർധിക്കുന്ന ജില്ലയിൽ ഇപ്പോൾ 7,042 പേരാണ് നിരീക്ഷണത്തിലുള്ളത്. 127 പേർ ആശുപത്രിയിലും 6,915 പേർ വീടുകളിലും നിരീക്ഷണത്തിൽ കഴിയുകയാണ്. പത്തുപേരെ ഇന്നലെ പുതുതായി ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു

വനിതാ ലീഗ് ദേശീയ ജനറൽ സെക്രട്ടറിക്കെതിരേ കേസ്

- ക്വാറന്റൈൻ ലംഘിച്ച് മകളുടെ വിവാഹം
- നൂർബിന റഷീദിനും മകനുമെതിരേ കേസ്

കോഴിക്കോട്: ക്വാറന്റൈൻ നിബന്ധന ലംഘിച്ച് മകളുടെ വിവാഹം നടത്തിയയെന്ന പരാതിയിൽ വനിതാ ലീഗ് ദേശീയ ജനറൽ സെക്രട്ടറി അഡ്വ. നൂർബിന റഷീദിനും മകനുമെതിരേ കേസ്. ഐപിസി 269, 188 വകുപ്പുകൾ പ്രകാരമാണ് ചേവായൂർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്.

മകൻ കൊറോണ നിരീക്ഷണത്തിലിരിക്കെ സർക്കാർ നിർദേശം ലംഘിച്ച് നൂർബിന റഷീദ് മകളുടെ വിവാഹം നടത്തിയെന്നും ഇതിൽ അൻപതോളം പേർ പങ്കെടുത്തെന്നും കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗം പരാതി നൽകിയിരുന്നു.

ഈ മാസം 14നാണ് മകൻ അമേരിക്കയിൽ നിന്നെത്തിയത്. 21ന് നൂർബീനയുടെ വീട്ടിൽ വച്ചായിരുന്നു വിവാഹച്ചടങ്ങ്. കൊറോണ നിരീക്ഷണത്തിലിരിക്കുന്ന മകനും വിവാഹച്ചടങ്ങിൽ പങ്കെടുത്തിരുന്നു.

അതേസമയം, തനിക്കെതിരായ പരാതി അടിസ്ഥാന രഹിതമാണെന്ന് നൂർബിന പറഞ്ഞു. ഹാളിൽ വച്ച് നടത്താൻ തീരുമാനിച്ച വിവാഹം കൊവിഡ് മുൻകരുതലിന്റെ ഭാഗമായി വീട്ടിലേക്കു മാറ്റുകയായിരുന്നു. വിവാഹം നടക്കുമ്പോൾ നിരോധനാജ്ഞ നിലവിൽ വന്നിരുന്നില്ല. മകൻ വന്നത് ഹൂസ്റ്റണിൽ നിന്നാണ്. അവിടെ ഹൈ റിസ്ക് ഉണ്ടായിരുന്നില്ല. വന്നപ്പോൾ ക്വാറന്റൈൻ നോട്ടീസും ലഭിച്ചിരുന്നില്ല. നിക്കാഹ് നടത്തിയത് ഭർത്താവാണെന്നിരിക്കെ തന്റെ പേരിൽ കേസെടുത്തതിൽ ഗൂഢാലോചനയുണ്ടെന്നും അവർ പറഞ്ഞു.

ആരോഗ്യ പ്രവർത്തനങ്ങൾക്ക് ജീവനക്കാരില്ലാതെ തദ്ദേശ സ്ഥാപനങ്ങൾ

തിരുവനന്തപുരം: കൊവിഡ് 19 എല്ലാ ജില്ലകളിലും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വേണ്ട ആരോഗ്യപ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്ത് ആവശ്യത്തിന് ഹെൽത്ത് ഇൻസ്പെക്റ്റർമാരില്ല. 87 മുനിസിപ്പാലിറ്റികളിലും ആറു കോർപ്പറേഷനുകളിലുമായി ആകെ 505 ജൂനിയർ ഹെൽത്ത് ഇൻസ്പെക്റ്റർ- 2 തസ്തികകൾ മാത്രമാണുള്ളത്. ഇതാകട്ടെ ഏകദേശം 30-35 വർഷം പഴക്കമുള്ള സ്റ്റാഫ് സ്ട്രെങ്ത്താണ്.

1991ലെ സെൻസസ് പ്രകാരം കൊച്ചിയിൽ അഞ്ചര ലക്ഷത്തോളം ജനങ്ങൾ ഉണ്ടായിരുന്നതെങ്കിൽ ഇന്നു കോർപ്പറേഷൻ പരിധിയിൽ മാത്രം വരുന്ന ഏഴുലക്ഷത്തോളം ജനങ്ങളുടെ സേവനങ്ങൾക്കായി വെറും 40ഓളം ഹെൽത്ത് ഇൻസ്പെക്റ്റമാർ മാത്രമാണുള്ളത്. ഇതു തന്നെയാണ് മറ്റു കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും അവസ്ഥ. 941 ഗ്രാമപഞ്ചായത്തുകളിലേയും അവസ്ഥ വ്യത്യസ്തമല്ല. ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം 5000 ജനങ്ങൾക്ക് ഒരു ഹെൽത്ത് ഇൻസ്പെക്റ്റർ വേണമെന്നാണു നിബന്ധന.

ഹെൽത്ത് ഇൻസ്പെക്റ്റർമാരുടെ നിലവിലെ ഒഴിവുകൾ നികത്തിയത് കൊണ്ട് മാത്രം ഇപ്പോൾ നിരന്തരമായി നേരിട്ട് കൊണ്ടിരിക്കുന്ന ആരോഗ്യ അടിയന്തിരാവസ്ഥകളെ തരണം ചെയ്യാൻ സാധ്യമല്ലെന്ന് ഹെൽത്ത് ഇൻസ്പെക്റ്റർമാരും അധികാരികളും തന്നെ വ്യക്തമാക്കുന്നു. മറ്റെല്ലാ തസ്തികളിലും കാലാനുസൃതമായ വർധനവുണ്ടായിട്ടും ഈ തസ്തികയിൽ മാത്രം മാറ്റം വന്നിട്ടില്ല. ഹെൽത്ത് ഇൻസ്പെക്റ്റർമാരുടെ തസ്തികകളുടെ എണ്ണം നിലവിലുള്ള ജനസംഖ്യാനുപാതികമായി വർധിപ്പിക്കേണ്ട അടിയന്തിര സാഹചര്യമുള്ളത്.

മാലിന്യ സംസ്കരണം: മാർഗനിർദേശങ്ങളുമായി ഹരിതകേരളം മിഷൻ

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സുരക്ഷിത മാലിന്യസംസ്കരണം സംബന്ധിച്ച മാർഗനിർദ്ദേശങ്ങളുമായി ഹരിതകേരളം മിഷൻ. കമ്യൂണിറ്റി കിച്ചൻ പോലുള്ള പൊതുസംരംഭങ്ങളിലും അല്ലാതെയുമുള്ള കൂട്ടായ പ്രവർത്തനങ്ങളിലും തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെ പാലിക്കേണ്ടവയാണിവ. വിശദ വിവരങ്ങൾക്കും സംശയനിവാരണത്തിനും ഹരിതകേരളം മിഷന്റെയും, ശുചിത്വ മിഷന്റെയും ജില്ലാ കോ-ഓർഡിനേറ്ററെ ബന്ധപ്പെടാം.

കമ്യൂണിറ്റി കിച്ചനുകൾ, അഗതികളെയും ഭിക്ഷാടകരെയും പുനരധിവസിപ്പിച്ചിട്ടുള്ള കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണത്തിനു പ്രത്യേക ശ്രദ്ധ പുലർത്തണം. ഉപയോഗിച്ച മാസ്കുകളും കൈയുറകളും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം അണുവിമുക്തമാക്കി നശിപ്പിക്കണം. പ്ലാസ്റ്റിക് പോലെ അഴുകാത്ത പാഴ്വസ്തുക്കൾ ഒരു കാരണവശാലും കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യരുത്. അവ കഴുകി വൃത്തിയാക്കി സൂക്ഷിച്ചുവയ്ക്കണം. കോവിഡ് ഭീതി ഒഴിയുമ്പോൾ ഹരിതകർമ സേനാംഗങ്ങൾ വന്ന് ശേഖരിക്കും. അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കണം. മഴയെത്തുമ്പോൾ ഡെങ്കിയും ചിക്കുൻഗുനിയയും പോലുള്ള രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ ഇത് പ്രധാനമാണ്.

കൊവിഡ് ആശുപത്രികൾ, ഐസൊലേഷൻ യൂണിറ്റുകൾ, വീടുകളിലെ ക്വാറന്റൈൻ, താത്കാലിക കോവിഡ് സാമൂഹ്യ കേന്ദ്രങ്ങൾ മുതലായവയിൽ നിന്നും വരുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവയെല്ലാം കൊവിഡ് മാലിന്യങ്ങളായി തന്നെ പരിഗണിക്കണം. ഇവയെല്ലാം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറത്തിറക്കിയ മാർഗനിർദേശങ്ങൾ അനുസരിച്ച് കൈകാര്യം ചെയ്യുകയും സംസ്കരിക്കുകയും വേണം.

നാടുകളിലേക്ക് തിരിച്ചുപോവുക എന്ന ആവശ്യം അംഗീകരിക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: ഇതര സംസ്ഥാന തൊഴിലാളികൾ പായിപ്പാട്ട് ലോക്ക്ഡൗൺ നിബന്ധനകൾ ലംഘിച്ച് തെരുവിലിറങ്ങിയ സംഭവം ദൗർഭാഗ്യകരമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഒരു കാരണവശാലും നടക്കാൻ പാടില്ലാത്ത ഒന്നാണിത്. ഇവിടെ അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത ഒരു സാഹചര്യവും നിലവിലില്ല. എന്നിട്ടും കൂട്ടത്തോടെ അവർ തെരുവിലിറങ്ങിയതിന്റെ പിന്നിൽ ചില ശക്തികൾ ഉണ്ട് എന്ന സൂചനയുണ്ട്.

ആർക്കും സഞ്ചരിക്കാൻ ഇപ്പോൾ അനുവാദമില്ല. നിന്നിടത്തു തന്നെ നിൽക്കുക എന്നതാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ച നിലപാട്. അതുകൊണ്ട് സ്വന്തം നാടുകളിലേക്ക് തിരിച്ചുപോവുക എന്ന അവരുടെ ആവശ്യം അംഗീകരിക്കാൻ നിർവാഹമില്ല. 5000ത്തോളം ക്യാംപുകളിലായി 1,70,000ലേറെ ഇതരസംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്ത് പാർപ്പിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് താമസവും ഭക്ഷണവും ഒരുക്കേണ്ട ചുമതല കരാറുകാർക്കാണ്. എന്നാൽ, അവർ നൽകുന്ന താമസം തൊഴിൽ കഴിഞ്ഞുള്ള സമയത്തേക്ക് മാത്രമാണ് എന്ന് മനസിലാക്കി കൂടുതൽ സൗകര്യപ്രദമായ ക്യാംപുകളിലേക്ക് മാറ്റാനാണ് സർക്കാർ തയാറായത്. ഭക്ഷണത്തിന്റെ കാര്യത്തിലും ഇടപെടലുണ്ടായി. അവർക്ക് അവരുടേതായ പ്രത്യേക ഭക്ഷണമാണ് ആവശ്യം എന്നു വന്നപ്പോൾ അത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ഭക്ഷ്യവസ്തുക്കൾ മതി, തങ്ങൾ പാകം ചെയ്യാം എന്നു പറഞ്ഞവർക്ക് അവ നൽകി. വൈദ്യസഹായത്തിന് സംവിധാനവുമുണ്ടാക്കി. എന്നിട്ടും അവർക്കിടയിൽ തെറ്റിദ്ധാരണ പരത്തി ഇളക്കിവിടാൻ നടന്ന ശ്രമം ഈ നാടിനെതിരായ നീക്കമാണ്.

തൊഴിലെടുത്ത് ജീവിക്കുന്നവരെ തെറ്റിദ്ധരിപ്പിച്ച് പ്രകോപനത്തിന്റെ വഴിയിലേക്ക് നയിച്ച ശക്തികളെക്കുറിച്ചും പായിപ്പാട് സംഭവം കേരളത്തിനെതിരായ അപവാദ പ്രചാരണത്തിന് ഉപയോഗിച്ചവരെക്കുറിച്ചും കൃത്യമായ സൂചനകൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്. കുറ്റം ചെയ്തവരെ കണ്ടെത്താനും അവരെ നിയമത്തിനു മുന്നിലെത്തിക്കാനും വിട്ടുവീഴ്ചയില്ലാതെ സർക്കാർ ഇടപെടുമെന്നും മുഖ്യമന്ത്രി.

കർണാടക അതിർത്തിയിൽ ആംബുലൻസ് തടഞ്ഞു, രോഗി മരിച്ചു

സ്വന്തം ലേഖകൻ

കാസർഗോഡ്: മംഗളൂരുവിലേക്ക് രോഗിയുമായി പോവുകയായിരുന്ന ആംബുലൻസ് തലപ്പാടി അതിർത്തിയിൽ കർണാടക പൊലീസ് തടഞ്ഞു. ചികിത്സ കിട്ടാതെ രോഗി മരിച്ചു. കർണാടക ബിസി റോഡ് സ്വദേശിനി പാത്തുഞ്ഞി എന്ന ഫാത്തിമയാണ് മരിച്ചത്.

കാസർഗോട്ട് മകന്റെ വീട്ടിലായിരുന്നു ഇവർ. അതിർത്തിയിൽ ആംബുലൻസ് തടഞ്ഞതിനെ തുടർന്ന് മകന്റെ വീട്ടിൽ തിരിച്ചെത്തിച്ച ശേഷമായിരുന്നു മരണം. ശനിയാഴ്ച വൈകിട്ട് അസ്വസ്ഥതയുണ്ടായതിനെ തുടർന്ന് മംഗളൂരുവിലെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും തലപ്പാടി അതിർത്തിയിൽ കർണാടക പൊലീസ് തടഞ്ഞു. 90 വയസുള്ള രോഗിയാണ് ആംബുലൻസിലുള്ളതെന്ന് പറഞ്ഞിട്ടും കടത്തിവിടാൻ തയാറായില്ല. ഇതോടെ തിരിച്ചു വീട്ടിലെത്തിക്കുകയായിരുന്നു. ഇന്നലെ രാവിലെയാണ് മരണം.

കഴിഞ്ഞ ദിവസം ചികിത്സ ലഭിക്കാതെ മഞ്ചേശ്വരം തുമിനാട് സ്വദേശിയും മരണപ്പെട്ടിരുന്നു. കൊവിഡ് പശ്ചാത്തലത്തിൽ കാസർകോട് ജില്ലയിലെ അതിർത്തി റോഡുകൾ പലതും കർണാടക അടച്ചതോടെ മംഗളൂരുവിൽ സ്ഥിരമായി ചികിത്സ തേടുന്ന നിരവധി രോഗികൾ ഏറെ ദുരിതത്തിണ്. കഴിഞ്ഞ ദിവസം കുഞ്ചത്തൂരിൽ താമസിക്കുന്ന ബീഹാർ പാറ്റ്ന സ്വദേശി വിനന്തഗൗരി ദേവിയുടെ യാത്ര പൊലീസ് തടഞ്ഞതോടെ ഇവർ ആംബുലൻസിൽ പ്രസവിച്ച സംഭവവുമുണ്ടായിരുന്നു.

എൻട്രൻസ് പരീക്ഷകൾ മാറ്റിവച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എൻട്രൻസ് പരീക്ഷകൾ മാറ്റിവയ്ക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ് പരീക്ഷകൾ (കീം2020) ഉൾപ്പെടെയാണ് മാറ്റിവച്ചത്. ഇതിന്റെ തീയതി പിന്നീട് അറിയിക്കും. മെയ് മൂന്നിന് നിശ്ചയിച്ചിരുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് പരീക്ഷയും (നീറ്റ് യുജി-2020) മാറ്റിവച്ചിട്ടുണ്ട്.

മദ്യാസക്തി: വയോധികൻ തൂങ്ങിമരിച്ചു

വെള്ളറട: പതിവായി മദ്യപാനിയായിരുന്ന വയോധികൻ മദ്യം ലഭിക്കാതായതോടെ തൂങ്ങിമരിച്ചു. പെരുങ്കടവിള ആങ്കോട് പനക്കോട്ടുക്കോണം മേലെ വീട്ടിൽ മാധവൻ പിള്ളയുടെ മകൻ കൃഷ്ണനാ (65)ണ് മരിച്ചത്. കഴക്കൂട്ടം വെട്ടുവിളയിൽ താമസിച്ചു വന്ന ഇയാൾ കഴിഞ്ഞ നാല് വർഷക്കാലമായി ഭാര്യയും മകനുമായി അകന്ന് ആങ്കോട് സഹോദരിയുടെ വീട്ടിൽ താമസിച്ചു വരുകയായിരുന്നു. മദ്യം പൂർണമായും ലഭിക്കാതായതോടെ ഇയാൾ പലതരത്തിലുള്ള അസ്വസ്തതകൾ പ്രകടിപ്പിച്ചിരുന്നതായി ബന്ധുക്കൾ മാരായമുട്ടം പൊലീസിനോട് പറഞ്ഞു. ഇന്നലെ രാവിലെ വീട്ടിന്റെ അടുക്കള മുറിക്കുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റ് മാർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറി.

മദ്യം ലഭിക്കാതിരുന്ന നാൽപ്പത്തിയെട്ടുകാരൻ മരിച്ചു

വൈക്കം: മദ്യം ലഭിക്കാതിരുന്നതിനെ തുടർന്ന് അവശനിലയിൽ കഴിഞ്ഞിരുന്ന 48കാരൻ മരിച്ചു. കുടവെച്ചൂർ നിലശ്ശേരി വീട്ടിൽ പ്രമോദാണ് മരിച്ചത്. കൂലിത്തൊഴിലാളിയായ ഇയാൾ മാതാപിതാക്കളുടെ മരണത്തെ തുടർന്ന് തനിച്ചു താമസിക്കുകയായിരുന്നു. സ്ഥിരമായി മദ്യപിച്ചിരുന്ന ഇയാൾക്ക് ലോക്ക് ഡൗണിനെ തുടർന്ന് മദ്യം ലഭിക്കാതായതോടെ രണ്ടു ദിവസമായി കടുത്ത മാനസിക അസ്വാസ്ഥ്യത്തിലായിരുന്നു. ഞായറാഴ്ച രാവിലെ അവശനിലയിൽ കണ്ടെത്തിയ ഇയാളെ ആരോഗ്യപ്രവർത്തകരും നാട്ടുകാരും ചേർന്ന് ഇടയാഴം ഹെൽത്ത് സെന്ററിലും വൈക്കം താലൂക്ക് ആശുപത്രിയിലും എത്തിച്ചു. പിന്നീട് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ.

മദ്യം ലഭിക്കാത്തതിനെത്തുടർന്ന് കെട്ടിടത്തിന് മുകളിൽ നിന്നും ചാടി ആത്മഹത്യാ ശ്രമം

ചങ്ങനാശേരി: കൊറോണ ലോക്ക് ഡൗണിന് പിന്നാലെ സംസ്ഥാനത്ത് മദ്യം ലഭിക്കാത്തതിനെ തുടർന്ന് ചങ്ങനാശേരിയിൽ ആത്മഹത്യാ ശ്രമം. ചങ്ങനാശേരി വാഴപ്പള്ളി മറ്റം ചന്ദനപ്പറമ്പിൽ ശശി (46) ആണ് നഗരമധ്യത്തിലെ കെട്ടിടത്തിന് മുകളിൽ നിന്നും ചാടി ജീവനൊടുക്കാൻ ശ്രമിച്ചത്.

ഇന്നലെ രാവിലെ പത്തോടെയായിരുന്നു സംഭവം. ചങ്ങനാശേരി പിഎംജെ കോംപ്ലക്സിന്റെ രണ്ടാം നിലയിൽ ഒരാൾ നിൽക്കുന്നത് കണ്ടത് സെക്യൂരിറ്റി ജീവനക്കാരാണ്. ഇവർ വിവരം വിളിച്ച് ചോദിച്ച് താഴെ ഇറങ്ങാൻ ആവശ്യപ്പെട്ടെങ്കിലും ഇയാൾ തയ്യാറായില്ല. ഇതോടെ സെക്യൂരിറ്റി ജീവനക്കാർ ചങ്ങനാശേരി പൊലീസിൽ വിവരം അറിയിച്ചു. സ്ഥലത്ത് എത്തിയ പൊലീസും ചങ്ങനാശേരി അഗ്നി രക്ഷാ സേന അധികൃതരും ഇയാളെ അനുനയിപ്പിച്ച് താഴെ ഇറക്കാൻ ശ്രമിച്ചെങ്കിലും വഴങ്ങാതെ ചാടുകയായിരുന്നു. വീഴ്ച്ചയിൽ പരുക്കേറ്റ ഇയാളെ ചങ്ങനാശേരി ജനറൽ ആശുപത്രിൽ പ്രവേശിപ്പിച്ചു. പിന്നീട് കോട്ടയം മെഡിക്കൽ കോളെജിലേക്ക് മാറ്റി.

മദ്യം കിട്ടാത്തതിനാൽ യുവാവ് പുഴയിൽ ചാടി മരിച്ചു

കൊടുങ്ങല്ലൂർ: മദ്യം കിട്ടാതെ അസ്വസ്ഥതകൾ പ്രകടിപ്പിച്ച യുവാവ് പുഴയിൽ ചാടി മരിച്ചു. പുല്ലൂറ്റ് കോഴിക്കുളങ്ങര കുണ്ടുപറമ്പിൽ രാമന്റെ മകൻ സുനേഷ് (35) ആണ് മരിച്ചത്. കൽപ്പണിക്കാരനായ യുവാവ് സ്ഥിരം മദ്യപിക്കാറുണ്ട്. കൊവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ മദ്യം ലഭിക്കാതായതോടെ ശാരീരിക അസ്വസ്ഥതകൾ പ്രകടിപ്പിച്ചിരുന്നതായി പറയുന്നു.

ശനിയാഴ്ച വൈകീട്ട് കോഴിക്കുളങ്ങരയിൽ നിന്ന് നടന്നു പോയാണ് പുഴയിൽ ചാടിയത്. ഞായറാഴ്ച രാവിലെ കടലായി പുഴയിൽ നിന്നാണ് മൃതദേഹം കിട്ടിയത്. ഇരിങ്ങാലക്കുട പൊലീസ് ഇൻക്വസ്റ്റ് നടത്തിയ മൃതദേഹം കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ പോസ്റ്റ്മാർട്ടം നടത്തി. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഇരിങ്ങാലക്കുട ശ്മശാനത്തിൽ സംസ്കരിച്ചു. ദേവയാനിയാണ് മാതാവ്. മൂന്നു വർഷം മുൻപ് സുനേഷിന്റെ സഹോദരൻ സുമേഷ് മദ്യപിച്ച് പുഴ നീന്തിക്കിടക്കുന്നതിനിടെ അപകടത്തിൽപ്പെട്ട് മരിച്ചിരുന്നു.

കാസർഗോഡ് പരിശോധനാ കേന്ദ്രത്തിന് അനുമതി

കാസർഗോഡ്: ജില്ലയിൽ കോവിഡ് 19 പരിശോധനകേന്ദ്രത്തിന് അനുമതി. കാസർഗോഡ് വൈറസ് ബാധിതരുടെ എണ്ണം വർധിച്ചത് കണക്കിലെടുത്ത് പെരിയയിലെ കേന്ദ്രസർവകലാശാലയിൽ ഡോ. രാജേന്ദ്രന്റെ നേതൃത്വത്തിലുള്ള 30 അംഗ സംഘത്തിന് രോഗ നിർണയ പരിശോധന നടത്താൻ ഐസിഎംആർന്റെ പ്രാഥമിക അനുമതി ലഭിച്ചു.

പരീക്ഷണാടിസ്ഥാനത്തിലുള്ള ടെസ്റ്റുകൾ ഇന്നലെ തന്നെ ആരംഭിച്ചു. ഇന്നുമുതൽ സാംപിളുകൾ പരിശോധിക്കാനുള്ള നീക്കത്തിലാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ തുടാൻ സംസ്ഥാന സർക്കാർ ശ്രമിച്ചു വരികയാണ്.

ജില്ലയിലെ ഡയാലിസിസ് ആവശ്യമുള്ള രോഗികൾ ഉൾപ്പെടെയുള്ളവർക്ക് കൂടുതൽ സൗകര്യങ്ങൾക്ക് മംഗലാപുരത്തിനെ ആശ്രയിക്കാതെ നൽകാനായി കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കൂടുതൽ മെഡിക്കൽ സൗകര്യങ്ങൾ സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടവും ചേർന്ന് സജ്ജമാക്കി വരികയാണ്.

യതീഷ് ചന്ദ്രയ്ക്കെതിരേ അന്വേഷണ റിപ്പോർട്ട്

കണ്ണൂർ: ലോക്ക് ഡൗൺ ലംഘിച്ചു നിരത്തിലിറങ്ങിയവരെക്കൊണ്ട് പരസ്യമായി ഏത്തമിടീപ്പിച്ച സംഭവത്തിൽ കണ്ണൂർ ജില്ലാ പൊലീസ് ചീഫ് യതീഷ് ചന്ദ്രയ്ക്കെതിരേ അന്വേഷണ റിപ്പോർട്ട്. യതീഷ് അധികാര ദുർവിനിയോഗം നടത്തിയെന്ന് കണ്ടെത്തി ഉത്തരമേഖലാ ഐജി അശോക് യാദവാണ് റിപ്പോർട്ട് നൽകിയിരിക്കുന്നത്.

യതീഷ് ചന്ദ്ര സെൽഫ് പ്രമോഷന് ശ്രമിക്കുന്നുവെന്ന് റിപ്പോർട്ടിലുണ്ട്. നിയമലംഘനം നടത്തി. പ്രാകൃതമായ രീതിയിൽ പരസ്യ ശിക്ഷ നടപ്പാക്കിയതോടെ പൊലീസിനാകെ അവമതിപ്പുണ്ടാക്കി. എത്തമിട്ട ഒരാളെ പൊലീസ് ഉദ്യോഗസ്ഥൻ മർദിച്ചതായി വ്യക്തമായിട്ടുണ്ട്- റിപ്പോർട്ടിൽ പറയുന്നു.

കണ്ണൂർ അഴീക്കലിൽ ശനിയാഴ്ചയായിരുന്നു വിവാദ സംഭവം. ലോക്ക് ഡൗൺ നിർദേശങ്ങൾ ജനങ്ങൾ അനുസരിക്കാത്തതിനാണ് ഏത്തമിടീപ്പിച്ചതെന്നാണ് യതീഷ് ചന്ദ്ര നൽകിയ വിശദീകരണം. യതീഷ് ചന്ദ്രയുടെ നടപടിയെ മുഖ്യമന്ത്രിയും രൂക്ഷമായി വിമർശിച്ചിരുന്നു. സംഭവം വിവാദമായതിന് പിന്നാലെ ഡിജിപി ലോക്നാഥ് ബെഹ്റ ഐജിയിൽ നിന്ന് വിശദീകരണം തേടുകയായിരുന്നു.

കറങ്ങിനടന്നവർക്ക് പൂട്ടിട്ട് പൊലീസ്, നിരീക്ഷണ കേന്ദ്രത്തിലേക്ക് മാറ്റി

■ കാസർഗോഡ് ജില്ലയിൽ കടുത്ത നടപടികൾ

കാസർഗോഡ്: ജില്ലയിൽ ഹോം ക്വാറന്റൈൻ നിർദേശം ലംഘിച്ച 13 പേർക്കെതിരേ പൊലീസ് നടപടി. നിരീക്ഷണം മറികടന്ന് കറങ്ങിനടന്ന ഇവരെ പൊലീസ് പിടികൂടി സർക്കാർ നിയന്ത്രണത്തിലുള്ള നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റി. ഇവർക്കെതിരെ ക്രിമിനിൽ കേസ് രജിസ്റ്റർ ചെയ്യും. ജില്ലയിൽ നിരവധിപ്പേർ ഹോം ക്വാറന്റൈൻ നിർദേശം ലംഘിക്കുന്നുണ്ടെന്ന് പൊലീസ് പറയുന്നു.

സംസ്ഥാനത്ത് ഏറ്റവുമധികം കോവിഡ്19 രോഗബാധിതരുള്ളത് ജില്ലയിലാണ്. ഈ സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായാണ് ഹോം ക്വാറന്റൈൻ നിർദേശിച്ചവർ ഇത് കൃത്യമായി പാലിക്കുന്നുണ്ടോ എന്നുറപ്പാക്കാൻ പൊലീസ് നേരിട്ട് രംഗത്തിറങ്ങിയത്. വീടുകളിൽ അന്വേഷിച്ചെത്തിയപ്പോൾ നിരീക്ഷണത്തിൽ ഇരിക്കേണ്ടവരിൽ പലരും സ്ഥലത്തുണ്ടായിരുന്നില്ല.

തുടർന്ന് ഇവരെ അന്വേഷിച്ച് കണ്ടെത്തി സർക്കാരിന്റെ നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റി. വിലക്കുകൾ ലംഘിച്ച് പുറത്തു കറങ്ങിനടന്ന 13 പേരും പ്രവാസികളാണ്. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നവർ പുറത്തിറങ്ങിയാൽ അവരുടെ കുടുംബാംഗങ്ങളും നിയമനടപടി നേരിടേണ്ടിവരുമെന്ന് ഐജി വിജയ് സാഖറെ പറഞ്ഞു. ക്വാറന്റൈൻ മാർഗരേഖകൾ പലരും പാലിക്കുന്നില്ലെന്നും പൊലീസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വരും ദിവസങ്ങളിലും പരിശോധന തുടരും.

ലോക്ക് ഡൗൺ നിർദേശം ലംഘിച്ചതിന് കാസർഗോഡ് ജില്ലയിൽ ഇന്നലെ മാത്രം 18 കേസുകൾ രജിസ്റ്റർ ചെയ്തു. വിവിധ കേസുകളിലായി 28 പേരെ അറസ്റ്റ് ചെയ്തു. 14 വാഹനങ്ങൾ കസ്റ്റഡിയിലെടുത്തു. ഇതേവരെ ജില്ലയിൽ വിവിധ സ്റ്റേഷനുകളിലായി ആകെ 190 കേസുകളാണു രജിസ്റ്റർ ചെയ്തത്. വിവിധ കേസുകളിൽ അറസ്റ്റിലായവർ 234. ഇതിനോടകം 123 വാഹനങ്ങൾ കസ്റ്റഡിയിലെടുത്തു.

ലോക്ക്ഡൗണിന്റെ പ്രത്യാഘാതം ഗൗരവത്തിൽ കാണണം: രാഹുൽ

ന്യൂഡൽഹി: കൊറോണ വ്യാപനം തടയാൻ പ്രഖ്യാപിച്ച 21 ദിവസത്തെ ലോക്ക്ഡൗണിന്റെ പ്രത്യാഘാതം കേന്ദ്ര സർക്കാർ അതീവ ഗൗരവത്തിൽ കാണണമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. പെട്ടെന്നു പ്രഖ്യാപിച്ച ലോക്ക്ഡൗൺ സാമ്പത്തിക പ്രവർത്തനങ്ങളെയാകെ സ്തംഭിപ്പിച്ചിരിക്കുകയാണ്. ദിവസവേതനത്തെ ആശ്രയിച്ചുകഴിയുന്ന പാവപ്പെട്ട ജനങ്ങളെല്ലാം വലിയ പ്രതിസന്ധിയിലായി. അവരുടെ ഭീതിയും ആശങ്കയും ഒഴിയുന്നില്ല- പ്രധാനമന്ത്രി മോദിക്കുള്ള കത്തിൽ രാഹുൽ ചൂണ്ടിക്കാട്ടി.

കൊറോണ വ്യാപനം തടയാൻ വികസിത രാജ്യങ്ങൾ സ്വീകരിക്കുന്ന സമീപനം പോരാ നമുക്ക്. ദിവസവേതനത്തെ ആശ്രയിച്ചു കഴിയുന്ന ഇത്രയേറെ ആളുകൾ ഇന്ത്യയിലുള്ളപ്പോൾ വ്യത്യസ്തമായ മാർഗങ്ങൾ കൂടി ആലോചിക്കേണ്ടിവരും. ലോക്ക്ഡൗൺ പാവപ്പെട്ടവർക്കു വിനാശകരമായി തീരാത്ത തരത്തിലുള്ള സാമ്പത്തിക നടപടികളും അനിവാര്യമാണ്. ജനങ്ങളെക്കൂടി കണക്കിലെടുത്തുള്ളതാകണം സർക്കാർ നടപടികൾ- രാഹുൽ കൂട്ടിച്ചേർത്തു.

യുവജനങ്ങൾ വൻതോതിൽ ഗ്രാമങ്ങളിലേക്കു മടങ്ങുന്നത് അവിടെയുള്ള അവരുടെ മുത്തച്ഛനും മുത്തശ്ശിക്കുമൊക്കെ അസുഖം വരുന്നതിനു കാരണമാവും. പ്രായമായവരിൽ ഈ രോഗം കൂടുതൽ ഗുരുതരവുമാകും. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പാക്കെജ് നല്ല തുടക്കമാണ്. അത് എത്രയും വേഗം പ്രാവർത്തികമാക്കണം. കൂടുതൽ ജനങ്ങളുള്ളിടത്ത് കിടക്കകളും വെന്റിലേറ്ററുകളും അടക്കം ചികിത്സാ സൗകര്യങ്ങൾ എത്രയും വേഗം ഒരുക്കണം. കൂടുതൽ സാമ്പിളുകൾ പരിശോധിക്കാനുള്ള സൗകര്യങ്ങളുണ്ടാവണം.

കുടിയേറ്റ തൊഴിലാളികൾക്ക് താമസവും ഭക്ഷണവും ഉറപ്പാക്കണമെന്നും അവരുടെ അക്കൗണ്ടുകളിലേക്ക് പണമെത്തിക്കണമെന്നും രാഹുൽ ആവശ്യപ്പെട്ടു. കൊവിഡിനെതിരായ പോരാട്ടത്തിൽ സർക്കാരിനൊപ്പം ചേർന്നു നിൽക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

ലോകം

ആകെ രോഗബാധിതർ	6,84,233
മരണം	32,180

രാജ്യം	രോഗബാധിതർ	മരണം
ചൈന	81,439	3300
ഇറ്റലി	92,472	10,203
സ്പെയിൻ	78,797	6528
യുഎസ്എ	1,24,109	2236
ഫ്രാൻസ്	37,575	2314
യു കെ	19,522	1228



ഇന്ത്യ

രോഗബാധിതർ	1024
മരണം	25

ആദ്യ 12 സംസ്ഥാനങ്ങൾ

സംസ്ഥാനം	
മഹാരാഷ്ട്ര	186
കേരളം	182
യു പി	65
കർണാടകം	76
തെലങ്കാന	66
രാജസ്ഥാൻ	55
ഗുജറാത്ത്	58
ഹരിയാന	33
പഞ്ചാബ്	38
ഡൽഹി	49
തമിഴ്നാട്	49
മധ്യപ്രദേശ്	30

ജില്ല	നിരീക്ഷണം	വീടുകളിൽ	ആശുപത്രി	ഇന്ന്	ചികിത്സയിൽ
തിരുവനന്തപുരം	18145	18052	93	18	8
കൊല്ലം	17040	17017	23	4	1
പത്തനംതിട്ട	7725	7704	21	4	5
ആലപ്പുഴ	6267	6246	21	7	1
ഇടുക്കി	1925	2259	6	3	3
കോട്ടയം	3357	3351	3	0	2
എറണാകുളം	5730	5701	29	6	14
തൃശൂർ	14935	14896	39	10	5
പാലക്കാട്	18837	18805	32	5	5
മലപ്പുറം	11625	11543	82	25	9
കോഴിക്കോട്	10762	10741	21	2	9
വയനാട്	6736	6728	8	5	1
കണ്ണൂർ	10748	10660	88	6	38
കാസർഗോഡ്	7042	6915	127	10	80
ആകെ	141211	140618	593	105	181

ഏതു വെല്ലുവിളിയും നേരിടാൻ ഇന്ത്യയുടെ തയാറെടുപ്പ്

[illegible]

ഞങ്ങൾ വിശന്നു മരിക്കും: കുടിയേറ്റ തൊഴിലാളികൾ

ആശങ്കകൾക്കു പരിഹാരം കാണുകയാണ് തലസ്ഥാനം നേരിടുന്ന വലിയ പ്രതിസന്ധി

ഭക്ഷണവും താമസവും ഒരുക്കിയിട്ടുണ്ട്: കെജരിവാൾ

[illegible]

... ലെ ചേരിയിലാണു സാവിത്രി താമസിക്കുന്നത്. എങ്ങനെയും നാട്ടിലെത്തുക എന്നതു മാത്രമാണു മുന്നിൽ കാണുന്ന പോംവഴിയെന്ന് അവർ പറയുന്നു. ജോലിയി... വേ റോഡിലൂടെ നടക്കുകയായിരുന്ന സാവിത്രി പറഞ്ഞു.

സാവിത്രിയെപ്പോലുള്ള ലക്ഷക്കണക്കിനു കുടിയേറ്റ തൊഴിലാളികൾക്ക് ഒരേയൊരു ലക്ഷ്യം. അത് എത്രയും വേഗം അവരുടെ നാട്ടിലെത്തുക, എന്തുവന്നാലും. ഡൽഹി, ഉത്തർപ്രദേശ് സർക്കാരുകൾ ബസ് ഏർപ്പാടാക്കാമെന്നു പറഞ്ഞാലും പലരും താത്പര്യപ്പെടുന്നതു നടക്കാനാണ്. ബസുകളുടെ മുകളിൽ പോലും ആളുകൾ തിങ്ങിനിറയുന്നുമുണ്ട്. എപ്പോഴെങ്കിലും വരുമെന്നു കരുതുന്ന ബസുകൾ കാത്തുനിൽ...

... എപ്പോൾ വീട്ടിലെത്തുമെന്നു ചോദിച്ചപ്പോൾ അറിയില്ലെന്നു മറുപടി. എന്നാൽ, ഇതല്ലാതെ വേറെ മാർഗമില്ലെന്നും അശോക്. ... യുമെന്ന ആധി ആരെയും വിട്ടൊഴിയുന്നില്ല. ഇവരുടെ ആശങ്കകൾക്കു പരിഹാരം കാണുകയാണ് തലസ്ഥാനം നേരിടുന്ന വലിയ പ്രതിസന്ധി.

അടച്ചുപൂട്ടൽ 49 ദിവസം വേണമെന്നു പഠനം

[illegible]

മദ്യ കുറിപ്പടി നൽകാൻ ഡോക്റ്റർമാർക്ക് കഴിയില്ല: ഐഎംഎ

[illegible]

സ്പാനിഷ് രാജകുമാരി മരിച്ചു

മാഡ്രിഡ്: കൊവിഡ് 19 ബാധിച്ച് സ്പാനിഷ് രാജകുമാരി മരിയ തെരേസ (86) മരിച്ചു. യൂറോപ്പിലെ രാജവംശങ്ങളിൽ കൊറോണ മൂലം സംഭവിക്കുന്ന ആദ്യ മരണമാണിത്. സ്പാനിഷ് രാജാവ് ഫിലിപ്പ് ആറാമന്റെ അടുത്ത ബന്ധുവാണ് ബോർബോൺ പാർമ രാജവംശത്തിലെ അംഗമായ മരിയ. സഹോദരനും ബോർബോൺ പാർമ വംശത്തിലെ രാജകുമാരനുമായ സിക്സ്റ്റസ് ഹെൻറിയാണ് മരണവിവരം ലോകത്തെ അറിയിച്ചത്.

ന്ന മരിയയെ റെഡ് പ്രിൻസസ് എന്ന പേരിലാണ് ആക്റ്റിവിസ്റ്റുകളും വിമർശകരും വിളിച്ചിരുന്നത്. രാജാവ് ഫിലിപ്പ് ആറാമന് രോഗബാധയുണ്ടോ എന്ന സംശയം ഉയർന്നിരുന്നു. സ്രവങ്ങൾ പരിശോധിച്ച രോഗമില്ല എന്ന് ഉറപ്പുവരുത്തിയത് കഴിഞ്ഞാഴ്ചയാണ്. പാർമയിലെ സേവ്യർ രാജകുമാരന്റെ ആറു മക്കളിൽ മൂന്നാമത്തെയാളാണു മരിയ. അവിവാഹിതയായ ഇവർ എക്കാലവും സഹോദരങ്ങൾക്കു ശക്തമായ പിന്തുണയായി പ്രവർത്തിച്ചിരുന്നു.

1933ൽ ജനിച്ച മരിയ ഫ്രാൻസിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം മാഡ്രിഡിലെ കംപ്ലൂറ്റൻസ സർവകലാശാലയിൽ സോഷ്യോളജി അധ്യാപികയായി ദീർഘകാലം പ്രവർത്തിച്ചിരുന്നു. അഭിപ്രായങ്ങളും വിയോജിപ്പുകളും തുറന്നുപ്രകടിപ്പിച്ചിരു...

ബ്രിട്ടനിലെ രാജകുമാരൻ ചാൾസിനും നേരത്തേ കൊവിഡ് 19 സ്ഥിരീകരിച്ചിരുന്നു. ഇതേത്തുടർന്ന് ചാൾസിന്റെ അമ്മയും ബ്രിട്ടിഷ് രാജ്ഞിയുമായ എലിസബത്തിനെയും ഭർത്താവ് ഫിലിപ്പിനെയും ബക്കിങ്ങാം കൊട്ടാരത്തിൽ നിന്നു മാറ്റിയിരുന്നു.

വാക്സിൻ: കാത്തിരിപ്പ് എത്രനാൾ?



കൊവിഡ് 19 രാജ്യാതിർത്തികൾ കടന്നും പടർന്നുകൊണ്ടിരിക്കുന്നു. അന്റാർട്ടിക്കയൊഴികെ വൻകരകളെല്ലാം ഈ മഹാമാരിയുടെ പിടിയിലായി. അടച്ചുപൂട്ടി വീട്ടിലിരിക്കുകയെന്ന ഏക പോംവഴിയിലാണു ലോകജനത. ഈ സമയം ഉറക്കംപോലുമുപേക്ഷിച്ചുള്ള ഗവേഷണത്തിലാണു വലിയൊരു വിഭാഗം. വസൂരിയും കോളറയും മലേറിയയും ക്ഷയവുമുൾപ്പെടെ മഹാരോഗങ്ങളെയെല്ലാം വരുതിയിലാക്കിയ നമ്മുടെ ഗവേഷകർ.

അണിയറയിൽ 20 വാക്സിനുകൾ

വിവിധ രാജ്യങ്ങളിലായി 20 വാക്സിനുകളാണു തയാറാകുന്നത്. യുഎസിൽ ഒരെണ്ണം മനുഷ്യശരീരത്തിൽ പരീക്ഷിച്ചു. സാധാരണഗതിയിൽ മൃഗങ്ങളിൽ പരീക്ഷിച്ച് ഗുണവും പാർശ്വഫലങ്ങളുമുറപ്പാക്കിയശേഷമാണു മനുഷ്യരിൽ പരീക്ഷണം. ഇവിടെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് യുഎസിലെ മോഡേണ ഏജൻസി നേരിട്ട് മനുഷ്യരിൽ പരീക്ഷിക്കുകയായിരുന്നു. ഇത് ഇപ്പോഴും തുടരുന്നു. മറ്റുള്ള ഗവേഷകർ മൃഗങ്ങളിൽ പരീക്ഷിക്കുന്ന ഘട്ടത്തിലെത്തിയതേയുള്ളൂ. ഇക്കൊല്ലം വാക്സിൻ വികസിപ്പിക്കാനായാലും ഇത് ചികിത്സാ രംഗത്തെത്താൻ പിന്നെയും കാലമെടുക്കും. വലിയതോതിൽ വാക്സിൻ നിർമിക്കാനുള്ള സംവിധാനങ്ങളുണ്ടാകുക എന്നതാണ് ആദ്യം വേണ്ടത്. അത് സജ്ജമാകുമ്പോഴേക്കും 2021 ആദ്യപകുതി പിന്നിടുമെന്ന് ഔഷധ നിർമാണ രംഗത്തെ വിദഗ്ധർ വിലയിരുത്തുന്നു.

എല്ലാ കാര്യങ്ങളും ലക്ഷ്യമിടുന്നതുപോലെ നടന്നാൽ മാത്രമാണ് ഇത്രയും സമയത്തിനുള്ളിൽ വാക്സിൻ സജ്ജമാകുക. ഇപ്പോൾത്തന്നെ നാലു തരം കൊറോണ വൈറസുകൾ മനുഷ്യരിൽ രോഗങ്ങളുണ്ടാക്കുന്നുണ്ട്. ജലദോഷത്തിനു പോലും കാരണമാകുന്നത് ഇത്തരത്തിലൊരു വൈറസാണ്. ഇവയ്ക്കൊന്നും വാക്സിൻ കണ്ടെത്താൻ നമുക്കു കഴിഞ്ഞിട്ടില്ലെന്നു മറക്കരുത്.

മുതിർന്ന പൗരന്മാർക്കു ഫലപ്രദമോ

പ്രായഭേദമില്ലാതെ എല്ലാവരെയും സംരക്ഷിക്കാൻ വാക്സിനു കഴിയണമെന്നില്ല. പ്രായമായവരിൽ രോഗപ്രതിരോധ ശേഷി സ്വാഭാവികമായി കുറയും. അവരുടെ ശരീരം മരുന്നിനോടു പെട്ടെന്നു പ്രതികരിക്കണമെന്നില്ല.

പാർശ്വഫലങ്ങളുണ്ടാകും

വേദന സംഹാരികൾ ഉൾപ്പെടെ എല്ലാ ഔഷധങ്ങൾക്കും പാർശ്വഫലങ്ങളുണ്ട്. എന്നാൽ, ക്ലിനിക്കൽ പരീക്ഷണത്തിലൂടെയല്ലാതെ ഇതു പൂർണമായി തിരിച്ചറിയാനാവില്ല. അതിനാണ് മനുഷ്യശരീരത്തിലെ പരീക്ഷണത്തിന്റെ ഫലം വൈദ്യശാസ്ത്ര ലോകം കാത്തിരിക്കുന്നത്. പാർശ്വഫലം പരമാവധി കുറയ്ക്കാനുള്ള മാർഗം തേടുകയോ പാർശ്വഫലത്തെ തടയുന്ന മറ്റ് ഔഷധങ്ങൾ ഒപ്പം നൽകി ചികിത്സയിൽ ഉപയോഗിക്കുകയോ ആണു പോംവഴി.

വാക്സിൻ ആർക്കൊക്കെ?

ആദ്യഘട്ടത്തിൽ നിർമാണം പരിമിതമായിരിക്കും. അങ്ങനെയുള്ളപ്പോൾ മുൻഗണന നിശ്ചയിക്കും. രോഗികളുമായി സമ്പർക്കമുള്ളവരായിരിക്കും ഇവരിൽ മുന്നിൽ. കൊവിഡ് 19 മൂലം മരിച്ചവരിൽ ബഹുഭൂരിപക്ഷവും പ്രായമേറിയവരാണ്. അവരിൽ വാക്സിൻ ഫലപ്രദമെങ്കിൽ മുൻഗണനാ പട്ടികയിൽ തൊട്ടടുത്ത് മുതിർന്ന പൗരന്മാരാകും. എന്നാൽ, മുതിർന്ന പൗരന്മാരുമായി നിരന്തരം സമ്പർക്കമുള്ളവരെ പരിഗണിക്കുന്നതാകും കൂടുതൽ ഫലപ്രദമെന്നും വിലയിരുത്തലുണ്ട്.

തത്കാലം സാമൂഹിക അകലം

വാക്സിൻ രോഗത്തെ തടയും. പക്ഷേ, അതു യാഥാർഥ്യമായിട്ടില്ലല്ലോ. അതുവരെ സ്വയം മുൻകരുതലിൽ ജീവിക്കുക. വീടു വിട്ടു പുറത്തുപോകാതിരിക്കുക. കൈയും മുഖവും ശുചിയായി സൂക്ഷിക്കുക. അഥവാ വൈറസ് ബാധിച്ചാൽ സ്വയം സമ്പർക്കവിലക്കിൽ പോകുക. ചികിത്സ തേടുക.

ഗുളികകൾ ഫലപ്രദമോ

[illegible]

വാക്സിന്റെ പ്രവർത്തനം എങ്ങനെ

[illegible]

ജനിതകമാറ്റവും പരിശോധിക്കണം

[illegible]

ഇന്ത്യയുടെ പരീക്ഷണം

[illegible]

കൊവിഡ്: അഫ്ഗാനിലെ നയതന്ത്ര ഉദ്യോഗസ്ഥരെ കാബൂളിലേക്കു മാറ്റി

[illegible]

സൊമാലിയയിലും രോഗം പടരുന്നു

[illegible]

ഇപിഎഫ് പണം പിൻവലിക്കാം

[illegible]

ചങ്ങനാശേരി പായിപ്പാട് ജംക്ഷനിൽ പ്രതിഷേധവുമായി ഒത്തുകൂടിയ ഇതരസംസ്ഥാന തൊഴിലാളികളെ കോട്ടയം ജില്ലാ പൊലീസ് മേധാവി ജി. ജയദേവ്, ജില്ലാ കലക്റ്റർ സുധീർ ബാബു തുടങ്ങിയവർ അനുനയിപ്പിച്ച് ക്യാംപുകളിലേക്ക് മടക്കി അയയ്ക്കാൻ ശ്രമിക്കുന്നു.

യഥാർഥ ഹീറോകൾക്ക് നന്ദി പറയുക: പ്രധാനമന്ത്രി

- സാമൂഹ്യ അകലം പാലിക്കുക
- വൈകാരിക അടുപ്പം ശക്തമാക്കുക

ന്യൂഡൽഹി: കൊവിഡ് കാലത്തെ യഥാർഥ ഹീറോകൾക്ക് അഭിനന്ദനം ചൊരിഞ്ഞ് ...

[illegible]

... ദ്യുതി അപ്രതീക്ഷിതമായി നിന്നുപോകുമ്പോഴുമെല്ലാം ഈ ഡെയ്‌ലി ലൈഫ് ഹീറോസാണ് ബുദ്ധിമുട്ട് ദൂരീകരിക്കാൻ ഉണ്ടാവുക -അദ്ദേഹം ചൂണ്ടിക്കാട്ടി.

വീടിനടുത്തുള്ള ചെറിയ പലചരക്കുകടയെക്കുറിച്ച് ആലോചിച്ചു നോക്കുക. ആ കടക്കാരനും പ്രശ്നത്തിലാണ്. എന്തിനുവേണ്ടി? നിങ്ങൾക്ക് അത്യാവശ്യമുള്ള സാധനങ്ങൾ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ. അവശ്യസാധനങ്ങളുടെ വിതരണ ശൃംഖലയിൽ തടസമുണ്ടാകരുതെന്നു കരു...

[illegible]

... കാരല്ല. മറ്റുള്ളവർക്കു രോഗം പകരാതിരിക്കാനായാണ് അവർ സ്വയം അകന്നു നിൽക്കുന്നതും ക്വാറന്റൈനിൽ കഴിയുന്നതും. അത്തരക്കാരോട് സഹാനുഭൂതിയോടെയുള്ള പെരുമാറ്റമാണ് വേണ്ടത്.

ചിലർ കുട്ടികൾക്കൊപ്പം ബോർഡ് കളികളും ക്രിക്കറ്റും കളിക്കുന്നു. അടുക്കളയിൽ പുതിയ ഇനങ്ങൾ ഉണ്ടാക്കുന്നു. ചിലർ ഹോബികൾ പുതുക്കി. മറ്റു ചിലർ തോട്ടങ്ങൾ നിർമിച്ചു. സ്കൂൾ, കോളെജ് കാലത്തെ മിത്രങ്ങളുമായി സംസാരിക്കാൻ അവസരം ലഭിച്ചവരുണ്ട്. ചിലർക്ക് ഇതുവരെ വായിക്കാൻ സാധിക്കാതിരുന്ന പുസ്തകങ്ങൾ വായിക്കാൻ അവസരം കിട്ടി. ചിലർ, വർഷങ്ങളായി വീട്ടിൽ വെറുതെ കിടന്നിരുന്ന തബല, വീണ പോലുള്ള സംഗീതോപകരണങ്ങൾ പുറത്തെടുത്ത് ഉപയോഗിക്കാൻ തുടങ്ങി.

ലോക്ഡൗണിന്റെ സമയത്ത് പുറത്തിറങ്ങാൻ പാടില്ല എന്നാണ് നിർദേശം. എന്നാൽ ഉള്ളിലേക്കു നോക്കാനും സ്വയം അറിയാൻ ശ്രമിക്കാനുമുള്ള അവസരമാണിത്- പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

യുഎസ് ഗവേഷക സംഘത്തിൽ മലയാളി യുവതിയും

കാസർഗോഡ്: മുക്കാൽ മണിക്കൂറിനകം കോവിഡ് 19 വൈറസ് രോഗം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനം വികസിപ്പിച്ച അമെരിക്കയിലെ വിദഗ്ധ സംഘത്തിൽ സംഘത്തിൽ കാസർഗോഡ് സ്വദേശിനിയും. മുതിർന്ന കോൺഗ്രസ് നേതാവും പെരിയ സ്വദേശിയുമായ പി. ഗംഗാധരൻ നായരുടെ പേരമകളായ ചൈത്ര സതീശനാണ് യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) കഴിഞ്ഞ ദിവസം അംഗീകാരം നൽകിയ സംവിധാനം വികസിപ്പിച്ച സംഘത്തിൽ മുൻനിരയിൽ പ്രവർത്തിച്ചത്.

സംവിധാനം വികസിപ്പിച്ച കാലിഫോർണിയ ആസ്ഥാനമായ സെഫിഡ് കമ്പനിയിലെ ബയോ മെഡിക്കൽ ...

[illegible]

ആദ്യ രോഗി വെയ് ഗ്വഷിയാൻ

ബീജിങ്: നോവൽ കൊറോണ വൈറസിനെ പിടിച്ചുകെട്ടാൻ ലോകം എല്ലാ മാർഗങ്ങളും പരിശോധിക്കുമ്പോഴും ഇതിന്റെ ഉത്ഭവം സംബന്ധിച്ച് വ്യക്തതയില്ലാതെ തുടരുകയാണ്...

[illegible]

സ്പാനിഷ് ഫ്ളൂവിനെ അതിജീവിച്ച 108 വയസുകാരി കൊവിഡിനു കീഴടങ്ങി

[illegible]

എന്താണ് റാപ്പിഡ് ടെസ്റ്റ്? അതെങ്ങനെ നടത്താം?

മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

തിരുവനന്തപുരം: കൊവിഡ് 19 പോസിറ്റീവ് കേസുകൾ വർധി...

... വ്യാപനം ഉണ്ടോ എന്ന് അറിയുന്നതിനായി ഉപയോഗിക്കുന്ന ല...

... നയാണ് രണ്ടാമത്തേത്.

രണ്ടും തമ്മിലുള്ള വ്യത്യാസം

എന്താണ് കൊവിഡ് 19 ടെസ്റ്റ്?

എന്താണ് റാപ്പിഡ് ടെസ്റ്റ്?

റാപ്പിഡ് ടെസ്റ്റ് നടത്തുന്നതെങ്ങനെ?

ആർക്കൊക്കെ ടെസ്റ്റ് നടത്തും?

[illegible]

അപ്പു

മുരിങ്ങൂർ: പുതുശേരി വീട്ടിൽ പരേതനായ കുറുമ്പൻ മകൻ അപ്പു അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജയന്തി. മക്കൾ: അശ്വതി, അരുൺ. മരുമകൻ: ശ്രീജിത്ത്.

വേണു എം.ആർ.

മാള:പൂപ്പത്തി മറ്റത്തിൽ രാമൻ നായർ മകൻ വേണു എം.ആർ. (57) അന്തരിച്ചു. ഭാര്യ: അംബിക. മകൾ: ആര്യ പാർവ്വതി. നാരായണൻ (റിട്ട. സെയിൽസ്ടാക്സ്), മുരളി (കടുപ്പിശ്ശേരി വില്ലേജ് എസ്പി ഓഫീസർ) എന്നിവർ സഹോദരങ്ങളാണ്. സംസ്കാരം നടത്തി.

റീന

കുറ്റിക്കാട്ടൂർ: പൈങ്ങോട്ടുപുറത്ത്താമസിക്കുന്ന അടിച്ചിക്കാട് ഷിജിത്തിന്റെ ഭാര്യ റീന (43) അന്തരിച്ചു. മക്കൾ: സഞ്ജന, പ്രണയ്.

ഏലിശ്വ

ചേർത്തല: നഗരസഭ 7-ാം വാർഡ് നെടുമ്പ്രക്കാട് കോട്ടൂർചാണിയിൽ പരേതനായ പാപ്പുവർക്കിയുടെ ഭാര്യ ഏലിശ്വ(89) അന്തരിച്ചു. ചേർത്തല പള്ളിക്കര കുടുംബാംഗമാണ്. മക്കൾ: ജോസഫ്, മേരിയമ്മ, ആലീസ്, തോമസ്(ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ), ഗ്രേസിയമ്മ, കുഞ്ഞുമോൾ, സൂസൻ, പരേതനായ വർക്കി. മരുമക്കൾ: ലൂസിയമ്മ, ജോസഫ്, അപ്പച്ചൻ, ജിജി, ആന്റണി, ജോൺ, ബിനോയ്.

പ്രേമഗീത

കടമ്പനാട്: മണ്ണടി സാറുമുക്ക് ഗീതാഭവനിൽ മണിരാജന്റെ ഭാര്യയുമായ പ്രേമഗീത (53) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ. ഐശ്വര്യ, ശ്രേയസ്.

റെയ്ച്ചൽ

മാരാമൺ:കുറമൂട്ടിൽ കെ.എ. വർഗീസിന്റെ ഭാര്യ റെയ്ച്ചൽ (കുഞ്ഞുമോൾ-76) അന്തരിച്ചു. സംസ്കാരം നടത്തി. വടശേരിക്കര ചേന്നാട്ട് കുടുംബാംഗമാണ്. മക്കൾ: ലൂസി, ലൗലി, ലിജു. മരുമക്കൾ: സാം, കൊച്ചുമോൻ, ജോയിസ്.

മൂസാൻ ഹാജി

ഇരിക്കൂർ: പെരുവളത്തുപറമ്പ്ക്കാടനറകത്ത് പുതിയപുരയിൽ മൂസാൻ ഹാജി (67) അന്തരിച്ചു. ഭാര്യ: കിണാക്കൂൽ തലപ്പാട്ട് സുഹറ ഹജ്ജമ്മ. മക്കൾ: മുഹമ്മദ്കുഞ്ഞി, ഫൈസൽ, ഹസ്സ. മരുമക്കൾ: ഫരീദ, ഹസീബ, മുംതാസ്. സഹോദരങ്ങൾ: അബൂബക്കർ, ഹംസ, മുസ്തഫ, ഫാത്തിമ, അലീമ, ആമിന, മറിയം, പരേതനായ മുഹമ്മദ്കുഞ്ഞി.

ജാനു

തലശ്ശേരി: നെട്ടൂർ ഗുംട്ടി ഗോപാൽ നിവാസിൽ ഇടത്തിൽ ജാനു (86) അന്തരിച്ചു. മക്കൾ: ലക്ഷ്മണൻ, യശോദ, ഭാരതി, ബാബു, സുധ, ബീന. മരുമക്കൾ: സുഷിത, ദാമോദരൻ, വിനിത, രമേശൻ, പരേതനായ പുരുഷോത്തമൻ.

ഗംഗാധരൻ

ചെറുപുഴ: പ്രാപ്പൊയിലിലെ തിണ്ടുമ്മൽ ഗംഗാധരൻ (78) അന്തരിച്ചു. മുൻ ഇന്ത്യൻ ബേക്കറി ഉടമയാണ്. ഭാര്യ: രാധാമണി. മക്കൾ: ഗായത്രി, ഗിരീഷ് ബാബു (ദുബായ്). മരുമകൻ: അമർലാൽ (കൊച്ചി).

ഗോപാലകൃഷ്ണൻ

ചുണ്ടൽ: പുലോത്ത് ഗോപാലകൃഷ്ണൻ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വത്സല. മകൻ: ദേവിദാസ്. മരുമകൾ: ബിനി.

ട്രീസ ഭായി

മലയിൻകീഴ്: പമാംകോട് ട്രീസാ ഭവനിൽ അഡ്വ. എം. ലൂയിസിന്റെ (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ) ഭാര്യ ട്രീസ ഭായി (86) അന്തരിച്ചു. മക്കൾ: എൽ. സന്തോഷ് കുമാർ (ബിസിനസ്), സുരേഷ് കുമാർ (റിട്ട എസ്ഐ), ഷീല, എൽ. സജീഷ് കുമാർ (എസ്ഐ), എൽ. സുധീഷ് കുമാർ (ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ). മരുമക്കൾ: റോസി, സെലിൻ (ടീച്ചർ), ചന്ദ്രദാസ് (റിട്ട.ജോയിന്റ് സെക്രട്ടറി, സെക്രട്ടറിയേറ്റ്), ഉഷകുമാരി, മിനി.

മുഹമ്മദ് ഷാഫി

കഴക്കൂട്ടം: മുരുക്കുംപുഴ, വരിക്കമുക്ക്, ചെക്കാലവിളാകം വീട്ടിൽ മുഹമ്മദ് ഷാഫി (67) അന്തരിച്ചു. കണിയാപുരം കോളിറ്റി ട്രേഡേഴ്സ് ആൻഡ് സപ്പൈ മാർക്കറ്റ് ഉടമയാണ്. മക്കൾ: ഷംനാസക്കീർ, തസ്നീം ഫാറൂഖ്, നൗഫൽ, ഐഷ, സിയാദ്, ഹലീം, ജലീൽ, ജുനൈദ്. മരുമക്കൾ: സക്കീർ ഹുസൈൻ, മുഹമ്മദ് ഫാറൂഖ്, റിജാ നൗഫൽ, ഫിറോസ്, മിസാജ്, സിയാദ്, ഷിജു റഷീദ്, ഫർസാന ജലീൽ, സഹോദരങ്ങൾ: പരേതനായ മുഹമ്മദ് ഗസാലി ഹനീഫ്, കബീർ, റസിയ, ഷുഹുദ, നസീറ, നാസർ, ഹാഷിം, ഷരീഫ്.

കുഞ്ഞുമോൾ

കരുവാറ്റ: പുത്തൻപറമ്പിൽ ഫ്രണ്ട്സ് നിവാസിൽ പരേതനായ ജോർജ് ഏബ്രഹാമിന്റെ മകൾ കുഞ്ഞുമോൾ(58) അന്തരിച്ചു.

മേരിക്കുട്ടി

എടത്വ: പുത്തൻപറമ്പിൽ പരേതനായ ജോസഫ് ജോർജിന്റെ ഭാര്യ മേരിക്കുട്ടി(80) അന്തരിച്ചു. എടത്വ മണിപുഴയിൽ കുടുംബാംഗമാണ്. മക്കൾ: ബാബു, ടോമി, ജോളി, അച്ച. മരുമക്കൾ: ജയിൻ (പായിപ്പാട്), സോമിനി, സൂസൻ, റീന.

പി.ഒ. ചാക്കോ

കഞ്ഞിക്കുഴി:പൊന്നിട്ടുശ്ശേരി പി.ഒ. ചാക്കോ(65) അന്തരിച്ചു. മുഹമ്മ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം പ്രസിഡന്റ്, മുഹമ്മ കയർ ഫാക്റ്ററി തൊഴിലാളി യൂണിയൻ ഖജാൻജി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: ഫിലോമിന. മക്കൾ: അനുജ, അനിത. മരുമക്കൾ: ജോബി, ജിജോ.

വി.ജെ. രത്നവല്ലി

ആലപ്പുഴ: ഹൗസിങ് കോളനി വാർഡ് വലിയപുരയ്ക്കൽ പരേതനായ കെ. രവീന്ദ്രന്റെ ഭാര്യ വി.ജെ. രത്നവല്ലി(80) അന്തരിച്ചു. മക്കൾ: സുനിൽ, നീന, മനോജ്, രഹന. മരുമക്കൾ: രശ്മി, പ്രസന്നകുമാർ, സോണിയ, പുഷ്പൻ.

ഹരിദാസൻ

അഴീക്കോട്: ചെമ്മനശേരി പാറയിലെ കുടുവൻ ഹരിദാസൻ (78) അന്തരിച്ചു. ഭാര്യ: മൈഥിലി. മക്കൾ: പ്രദീപൻ (ബിസിനസ്), പ്രസീത (ഷാർജ), പ്രീത. മരുമക്കൾ: മഹിജ (അഴീക്കോട് എച്ച്എസ്എസ് അധ്യാപിക), പ്രകാശൻ (ഷാർജ), അശോകൻ (മസ്കത്ത്).

ലളിത

തെങ്ങുംകാവ്: പെരുമലക്കുന്നിൽ മുരളിയുടെ ഭാര്യ ലളിത (58) അന്തരിച്ചു. മക്കൾ: മഞ്ജുഷ, മനീഷ. മരുമക്കൾ: സരിൻ, വിഷ്ണു (മെഡിക്കെയർ, കോന്നി).

സാജിദ്

തിരുവങ്ങൂർ: തൈക്കൂട്ടത്തിൽ താമസിക്കും മുണ്ടോത്ത് ഇസ്മയിലിന്റെ മകൻ സാജിദ് (30) അന്തരിച്ചു. മാതാവ്: തൈക്കൂട്ടത്തിൽ ഹസീന. ഭാര്യ: മുഹ്സിന. സഹോദരങ്ങൾ: അബിദ് (അബുദാബി), ജസ്ന (ഐഐടി, ചെന്നൈ).

സുന്ദരി തമ്പുരാൻ

തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബാംഗം എളംകുളം വെസ്റ്റ് ഗവ.ഹൈസ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ് കോട്ടയ്ക്കകം പാലസ് നമ്പർ ഒമ്പത് എയിൽ സുന്ദരി തമ്പുരാൻ (88) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ പി. നാരായണൻ നമ്പൂതിരി. മക്കൾ: രാമഭദ്രൻ, ഗിരിജ, കൃഷ്ണകുമാർ, രവി പ്രകാശ്, അജിത് കുമാർ, ഗീത. മരുമക്കൾ: സന്ധ്യ രാജ, രഘുവർമ്മ, സരിത, കെ.സി. നന്ദകുമാർ.

ഇബ്രാഹിംകുട്ടി

വാടാനപ്പള്ളി: പോലീസ് സ്റ്റേഷൻ തെക്ക് ഭാഗം തങ്ങൾ പള്ളി പരിസരത്ത് താമസിക്കുന്ന കള്ളത്ത് പ്രാമ്പിൽ പരേതനായ അബ്ദുറഹ്മാൻ മകൻ ഇബ്രാഹിംകുട്ടി (73) അന്തരിച്ചു. വാടാനപ്പള്ളി ഈസ്റ്റ് തങ്ങൾ ജുമാ മസ്ജിദിൽ ഖബറടക്കം നടത്തി. ഭാര്യ: ആമിന. മക്കൾ: ഹസീന, സെറീന, നെസീർ. മരുമക്കൾ: പരേതനായ കബീർ, ഷഹന.

സാറാമ്മ

തിരുവമ്പാടി: മഞ്ഞപ്പള്ളിക്കുന്നേൽ പരേതനായ ചാക്കോയുടെ മകൾ സാറാമ്മ (95) അന്തരിച്ചു.

എം.എൻ. ശശിധരൻ

എലിക്കുളം:മുക്കനോലിൽ എം.എൻ.ശശിധരൻ (62) അന്തരിച്ചു. ഭാര്യ: അമ്മിണി (കാളകെട്ടി). മകൾ: സന്ധ്യ. മരുമകൻ: നെൽസൺ.

ത്രേസ്യാമ്മ

കടപ്പൂര്: കണ്ണൻകരിയിൽ പരേതനായ കെ.ഒ. വർക്കിയുടെ (മലയാള മനോരമ മുൻ ഉദ്യോഗസ്ഥൻ) ഭാര്യ ത്രേസ്യാമ്മ (74) അന്തരിച്ചു. മക്കൾ: മിനി (യുകെ), ഷൈനി, ഷൈജു കെ. വർഗീസ് (മനോരമ, കോടിമത), ഷീന. മരുമക്കൾ: റോയ് പോത്താലിൽ, ജോസ്മോൻ കുടിലിൽ, സിമി, ജിനു മുളയ്ക്കൽ.

കാർത്യായനിയമ്മ

ചമ്പക്കര: പീടികപ്പറമ്പിൽ പരേതനായ ബാലകൃഷ്ണൻ നായരുടെ ഭാര്യ കാർത്യായനിയമ്മ (89) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതയായ ശാന്തമ്മ, തങ്കമ്മ, ദാമോദരൻ, മോഹൻദാസ്, വിജയമ്മ. മരുമക്കൾ: ശശിധരൻ, സുനന്ദ, രവി, പരേതരായ മോഹനൻ, ശൈലജ.

ടി.എൻ. സാബുകുമാർ

കള്ളത്തൂർ: തെക്കേടത്ത് ടി.എൻ. സാബുകുമാർ (58) അന്തരിച്ചു. പരേതനായ നാരായണൻ ആചാരിയുടെ മകനാണ്. ഭാര്യ: രാമപുരം ഇലവുംതിട്ടയിൽ സുമതി (റിട്ട. നഴ്സ്). മകൻ: അഭികുമാർ.

വി.സി. രാജു

ചിങ്ങവനം:വീരാളിശേരിയിൽ വി.സി. രാജു (രാജൻ-63) അന്തരിച്ചു. ഭാര്യ: തിരുവഞ്ചൂർ ഉറുമ്പിക്കുന്നേൽ മിനി. മക്കൾ: റിന്റു, റിനു. മരുമകൻ: ബിനു ബിജു (പാറമ്പുഴ).

മൊയ്ദീൻ

കൊടിഞ്ഞി: കുഴിയം പറമ്പിൽ മൊയ്ദീൻ (69) അന്തരിച്ചു. ഭാര്യമാർ: കദീജ (അയ്യായ), ജമീല. മക്കൾ: കുഞ്ഞഹമദ്, ഷുഹൈബ്. സഹോദരങ്ങൾ: മുഹമ്മദ് കുട്ടി മുസ്ലിയാർ, കുഞ്ഞി പാത്തുട്ടി.

ശാരദ

കണ്ടശ്ശാംകടവ്: പടിയം ചുരക്കോട്ട് ക്ഷേത്രത്തിന് സമീപം പള്ളിയിൽ ബാലൻ ഭാര്യ ശാരദ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: മീര, സതി, അഡ്വ.ജയശ്രീ, സുബ്രഹ്മണ്യൻ (റെനി). മരുമക്കൾ: സുധാകരൻ, സുശീലൻ, രാജൻ (ഏജീസ് ഓഫീസ്), നവ്യ.

നാരായണൻ

എരവട്ടൂർ: പേരാമ്പ്ര കുന്നുമ്മൽ നാരായണൻ അന്തരിച്ചു. ഭാര്യ: പ്രേമലത. മക്കൾ: ദിവ്യ, ദിലീഷ്. മരുമകൻ: ശ്രീജിനീഷ് പയ്യോളി.

ഭാസ്കരപിള്ള

കറ്റാനം:അരിരാം ഫുഡ്സ് ഉടമ മഞ്ഞാടിത്തറ കയ്യാത്തിൽപടീറ്റതിൽ ഭാസ്കരപിള്ള(63) അന്തരിച്ചു. ഭാര്യ: രത്നകുമാരി. മക്കൾ: അഭിരാജ്, അഭിരാമി. മരുമക്കൾ: അഞ്ജന.

ഗൗരിയമ്മ

മാന്നാർ:കുട്ടംപേരൂർ രാജഭവനം വീട്ടിൽ ഗൗരിയമ്മ(80) അന്തരിച്ചു. മകൻ: തുളസി. മരുമകൻ: രാജൻ.

ഗോപിനാഥൻ ചെട്ടിയാർ

ആലപ്പുഴ:സനാതനപുരം കൈലാസ് നഗറിൽ വൈഷ്ണവത്തിൽ ഗോപിനാഥൻ ചെട്ടിയാർ(66) അന്തരിച്ചു. ഭാര്യ: സരസ്വതി അമ്മാൾ.

ശ്രീരമണൻ

കായംകുളം: റിട്ട. അധ്യാപകൻ എരുവ കിഴക്ക് പുളിമൂട്ടിൽ ശ്രീരമണൻ(73) അന്തരിച്ചു. ഭാര്യ: സാവിത്രിയമ്മ (റവന്യൂ വകുപ്പ് റിട്ട. ഉദ്യോഗസ്ഥ). മക്കൾ: സവിത, സനു (ബെംഗളൂരു), പരേതയായ ഉമാദേവി. മരുമക്കൾ: സുനിൽ (സീനിയർ സിവിൽ പോലീസ് ഓഫീസർ, അരൂർ), ഡോ.അനിൽ.

കർമ്മചന്ദ്ര കൈമൾ

പൂച്ചാക്കൽ: റേഷൻ ഡീലേഴ്സ് അസോസിയേഷൻ മുൻ സംസ്ഥാന സെക്രട്ടറി തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത് 6-ാം വാർഡ് പായിപ്പാട്ട് കർമ്മചന്ദ്ര കൈമൾ(74) അന്തരിച്ചു. ഭാര്യ: സി.കെ. ലളിത (റിട്ട. അധ്യാപിക, തേവർവട്ടം ഗവ: എച്ച്എസ്). മക്കൾ: ഗായത്രി, കൃഷ്ണചന്ദ്രൻ, ലക്ഷ്മി. മരുമക്കൾ: വിജയൻ, ഷാനി, അരുൺ.

രാജമ്മ

അമ്പലപ്പുഴ: തായങ്കരി മാടപ്പുരയ്ക്കൽ പരേതനായ വി.പി. വാസുദേവക്കുറുപ്പിന്റെ ഭാര്യ രാജമ്മ(101) അന്തരിച്ചു. നീർക്കുന്നം മാടവന കുടുംബാംഗമാണ്. മക്കൾ: ശാന്തകുമാരി, ശാന്തകുമാരി, രാധാമണി, ആർ.സി. കുറുപ്പ്, രമാദേവി, പരേതയായ ശ്രീദേവി, വത്സലാദേവി. മരുമക്കൾ: രാധാകൃഷ്ണക്കുറുപ്പ്, കേശവക്കുറുപ്പ്, ഗോപാലകൃഷ്ണപിള്ള, ചന്ദ്രിക, രാമകൃഷ്ണൻ, പരേതനായ നാരായണപിള്ള.

ചന്ദ്രൻപിള്ള

പന്തളം: പെരുമ്പുളിക്കൽ പേഴുംമൂട്ടിൽ ഗീതാഭവനിൽ ചന്ദ്രൻപിള്ള (55) അന്തരിച്ചു.

ഹരി നാരായണൻ

വടക്കാഞ്ചേരി: മണലിത്തറ കണ്ടങ്ങ വീട്ടിൽ ഹരി നാരായണൻ (53) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: കുമാരി. മക്കൾ: അഭിനവ്, ഹരിത.

പി.കെ. തങ്കമണി

നടുവട്ടം: കല്ലടശ്ശേരി പറമ്പിൽ പി.കെ. തങ്കമണി (65) (റിട്ട. നഴ്സിങ് സൂപ്രണ്ട് കോഴിക്കോട് മെഡിക്കൽ കോളെജ്) അന്തരിച്ചു. ഭർത്താവ്: കെ. ഗോപിനാഥ്. മക്കൾ: അനൂപ്. കെ .കെ, ഡോ. ദീപ. മരുമക്കൾ: നിഷ, ഷമേജ് (ആർബിഐ ചെന്നൈ). പേരക്കുട്ടികൾ: ദൈവിക് റിഷാൻ, വേദിക ഇശാനി.



പി. മോഹൻ റാവു

പാൽക്കുളങ്ങര: ടി സി 85/820, ടി എൽ ആർ എ 25 ദേവീകൃപയിൽ പി. മോഹൻ റാവു(77) (റിട്ട എയർ ഇന്ത്യ) അന്തരിച്ചു. ഭാര്യ: മീനാക്ഷി. മക്കൾ: സുനിത (കാർവാർ), സുനിൽ. സംസ്കാരം പിന്നീട്.

ദേവസ്യ

വിഴിക്കിത്തോട്: കൊള്ളികൊളവിൽ ദേവസ്യ (70) അന്തരിച്ചു. ഭാര്യ പരേതയായ ചിന്നമ്മ. മക്കൾ: പ്രമോദ്, പ്രശോഭ്. മരുമക്കൾ: ജാൻസി, ശോഭ.

ശാന്തകുമാരി

അതിനാട്: പടിഞ്ഞാക്കൽ പരേതനായ ബാലകൃഷ്ണൻ നായരുടെ ഭാര്യ ശാന്തകുമാരി (77) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സതീശൻ, സോമൻ, സുജാത. മരുമക്കൾ: ഇന്ദിരാദേവി തുരുത്തിപ്പിള്ളി (മേവിട), മജു, മധുസൂദനൻ നായർ നിലപ്പന (ഏഴാച്ചേരി).

കെ.എസ്. കുഞ്ഞുഞ്ഞ്

മാടപ്പള്ളി: മോസ്കോ കല്ലിൽ കെ.എസ്. കുഞ്ഞുഞ്ഞ്(85) അന്തരിച്ചു. ഭാര്യ: പാലക്കുളം അമ്മിണി. മക്കൾ: കെ. ആർ. രാധാമണി, കെ. ആർ. ഗോപി (കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ), കെ. ആർ. ഓമന, കെ. ആർ. സുധാമണി. മരുമക്കൾ: കെ.പി. രാജപ്പൻ (റെയിൽവേ റിട്ട. എൻജിനീയർ), ലത, പരേതനായ മണിയപ്പൻ (റാന്നി), ബാബു (മോസ്കോ).

സുഗതൻ

വൈക്കം: ടിവി പുരം പഞ്ചായത്ത്മരത്താപ്പള്ളി സുഗതൻ (അപ്പച്ചൻ - 76) അന്തരിച്ചു. ഭാര്യ: കരിപ്പുത്തട്ട് ചിറയിൽ വത്സമ്മ. മക്കൾ: അരോമൽ, കണ്ണപ്പൻ. മരുമകൾ: വിധു.

ഭാസ്കരൻ

മൂലവട്ടം: കുന്നംപള്ളി തടത്തിൽ ഭാസ്കരൻ (82) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മൂലവട്ടം തടത്തിൽ ഭവാനി. മകൾ: ഷീല. മരുമകൻ: ഭുവനേന്ദ്രൻ.

കെ.ആർ. കരുണാകരൻ

മണർകാട്: വയലാറ്റുപുറം കാളശേരിയിൽ കെ. ആർ. കരുണാകരൻ (ശങ്കരൻ-62) അന്തരിച്ചു. ഭാര്യ: വേളൂർ പത്തിൽചിറ സുജാത. മക്കൾ: ജിഷ, അഭിജിത്ത്. മരുമകൻ: ലിബിൻ.

അമ്മാൾ

ഇരവിപേരൂർ: എരുത്തിപ്പാട്ട് എം.ഒ. ഏബ്രഹാമിന്റെ (ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ അമ്മാൾ (70) അന്തരിച്ചു. സംസ്കാരം പിന്നീട്. കുറിച്ചി മുളംതുണ്ടിയിൽ കുടുംബാംഗമാണ്.

പ്രസാദ്

ചേർത്തല: വയലാർ പിആർസി സ്റ്റേഡിയത്തിന് സമീപം കൊല്ലാപ്പറമ്പിൽ പ്രസാദ് (58) അന്തരിച്ചു. ഭാര്യ: ബിന്ദു. മക്കൾ: വിഷ്ണു, ജിഷ്ണു.

ദേവകിയമ്മ

പാറശാല: പുഴിക്കുന്ന് കീഴ്മ്മകം മാറ്റത്ത് പുതിയ വീട്ടിൽ ദേവകിയമ്മ (93) അന്തരിച്ചു. മക്കൾ: ഭുവനേന്ദ്രൻനായർ, വത്സല. മരുമക്കൾ: രമാദേവി, രാമചന്ദ്രൻനായർ.

സരസ്വതി

മാവേലിക്കര: അറുന്നുറ്റിമംഗലം ശ്യാമളാലയം പരേതനായ കെ.ആർ. ഭാർഗവന്റെ ഭാര്യ സരസ്വതി(87) അന്തരിച്ചു. മക്കൾ: സലില (ഭിലായ്), ഗീത, ജയൻ, ജയപാൽ. മരുമക്കൾ: അനിൽ (ഭിലായ്), വിശ്വൻ, രജനി.

ചന്ദ്രൻ

ചെട്ടികുളങ്ങര: കണ്ണമംഗലം വടക്ക് ശ്രീനിലയത്തിൽ ചന്ദ്രൻ(61) അന്തരിച്ചു. ഭാര്യ: സരസമ്മ.

രത്നമ്മ

കറ്റാനം: ഭരണിക്കാവ് കൊച്ചുമണ്ണൂർ പരേതനായ കേശവപിള്ളയുടെ ഭാര്യ രത്നമ്മ(83) അന്തരിച്ചു. മക്കൾ: ഇന്ദിരാദേവി, രമാദേവി, മോഹൻകുമാർ, ഗോപകുമാർ, സുമാദേവി. മരുമക്കൾ: സുകുമാരക്കുറുപ്പ്, തങ്കപ്പൻ പിള്ള, മുരളീധരക്കുറുപ്പ്, രമാദേവി, ഗീതാകുമാരി.

പൊടിയൻ

പുതിയവിള: മായാഭവനം പൊടിയൻ(73) അന്തരിച്ചു. മകൾ: മായാമോൾ. മരുമകൻ: അനിൽകുമാർ.

എലിസബത്ത് ജോർജ്

എടത്വ: മാത്തിക്കളം ബാബുവിന്റെ ഭാര്യ എലിസബത്ത് ജോർജ് (58) അന്തരിച്ചു. സംസ്കാരം നടത്തി. പുതുക്കരി ഈരിക്കൽ കളപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ബ്ലസ്സി, സെബി, അനു. മരുമകൻ: പ്രിൻസ് എള്ളുംകാലായിൽ (നെടുംകുന്നം).

തമ്പി കുര്യൻ

എടത്വ: എസ്ബിഐ റിട്ട. മാനേജർ കാട്ടുംഭാഗം തമ്പി കുര്യൻ(88) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കുറിയന്നൂർ ചക്കുതറ സാറാമ്മ ഏബ്രാഹം. മക്കൾ: റോഷിനി, രഞ്ജിത്ത് (ഇരുവരും ബഹ്റൈൻ), റീനി. മരുമക്കൾ: സണ്ണി (ബഹ്റൈൻ), സുനി മാത്യു (എടത്വ), ലെജി (ഫാക്റ്റ്).

രതിദേവി

മാവേലിക്കര: പല്ലാരിമംഗലം കോട്ടയ്ക്കപ്പുറത്ത് രതിദേവി(57) അന്തരിച്ചു. മക്കൾ: ആർ.രമ്യ, ആർ.രേഷ്മ. മരുമക്കൾ: ബിജു പിള്ള, ജയകൃഷ്ണൻ കെ.പിള്ള.

പി.ഡി. രാജപ്പൻ

മണ്ണഞ്ചേരി: ആരോഗ്യ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ പൊന്നാട് പനച്ചിച്ചിറയിൽ പി.ഡി. രാജപ്പൻ(86) അന്തരിച്ചു. പൊന്നാട് എസ്എൻഡിപി സെക്രട്ടറി, വിജയവിലാസം ക്ഷേത്രം മുൻ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: കോമള. മക്കൾ: രജനി, റോയി (ജില്ലാ കോടതി, എറണാകുളം). മരുമക്കൾ: ബൈജു, പ്രവീണ (അധ്യാപിക, ഗവ.എച്ച്എസ്എസ്, അഴൂർ).

റോസമ്മ

കറ്റാനം: പള്ളിക്കൽ മഞ്ഞാടിത്തറ ലാൽഭവനിൽ ടി.ഒ. വർഗീസിന്റെ ഭാര്യ റോസമ്മ(75) അന്തരിച്ചു. കുഴിക്കാല പുളിന്തിട്ട വടക്കേപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ലീലാമ്മ, ലാലി (ഹൈദരാബാദ്), ലാലൻ(സൗദി).

എൻ. സുലോചന

കല്ലമ്പലം: പുല്ലൂർമുക്ക് കൈലാസം വീട്ടിൽ എൻ.സുലോചന (80) അന്തരിച്ചു. സഹോദരങ്ങൾ: സരോജിനി, വിലാസിനി, പരേതനായ കമലൻ, ദമയന്തി.

ചന്ദ്രൻനായർ

പാറശാല: പാറശാല നെടുങ്ങോട് കിഴക്കുംകര പുത്തൻവീട്ടിൽ ചന്ദ്രൻനായർ (68) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി. മക്കൾ: ഷിബു, ദീപ, ഷിജു. മരുമക്കൾ: പ്രീതി, അനിൽകുമാർ, രേഷ്മ.

കല്യാണി

കുമരകം:വല്യാട് കുഴികണ്ടത്തിൽ പരേതനായ ചെല്ലപ്പന്റെ ഭാര്യ കല്യാണി(91) അന്തരിച്ചു. സംസ്കാരം നടത്തി. കുളത്തൂർ നിരപ്പേൽ കുടുംബാംഗമാണ്. മക്കൾ: രത്നമ്മ, സരളമ്മ, ബാബു, ലീലാമണി, പരേതനായ കെ.സി. മധുസൂദനൻ. മരുമക്കൾ: ലത, സോമരാജ് (മള്ളൂശേരി), രാജശ്രീ, പരേതരായ സലി (കുമരകം), ത്രിലോചനൻ (കുമരകം).

പി.വി. ശാന്തമ്മ

മറിയപ്പള്ളി: പുത്തൻപറമ്പിൽ പി.വി. ശാന്തമ്മ (78) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതരായ ഇന്ദിരാഭായ്, സന്തോഷ്കുമാർ, വിനോദ്കുമാർ. മരുമക്കൾ: രാധാകൃഷ്ണൻ, സജിമോൾ, ഓമന.

കെ.ജെ. ജോൺ

പാലാ: ഇടനാട് കളപ്പുരയ്ക്കൽ ഇരിട്ടി എടൂർ സെന്റ് മേരീസ് എച്ച്എസ് റിട്ട. അധ്യാപകൻ കെ.ജെ. ജോൺ (ജോണി- 72) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: വലവൂർ കുഴികുളം മേരി ജോൺ (റിട്ട. അധ്യാപിക, സെന്റ് മേരീസ് എച്ച്എസ്, എടൂർ). മക്കൾ: സോണിയാ (ക്യാനഡ), സോഫിയ (അയർലൻഡ്), ലിന്റോൺ ജോൺ (റിലയൻസ് ഇൻഡസ്ട്രീസ്, ഗുജറാത്ത്). മരുമക്കൾ : ജിജോ ജോർജ് ചക്ക്ളത്ത്മ്യാലിൽ കോതമംഗലം), മാത്യൂസ് ജോൺ കുര്യാസ് (കടുത്തുരുത്തി).

ബൽക്കീസ് ഉമ്മ

ചങ്ങനാശേരി: ചെങ്ങന്നൂർ വെൺമണി കുഴിയിലേത്ത് പരേതനായ ഹംസ റാവുത്തരുടെ ഭാര്യ റിട്ട. ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബൽക്കീസ് ഉമ്മ (85) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ഷിബു, നിസാർ (ഖത്തർ), ഷാമില (കലക്ടറേറ്റ്, കോട്ടയം). മരുമക്കൾ: ഷീബ, നെബീസ, എസ്.എ. നൗഷാദ് (ചങ്ങനാശേരി).

പി.വി. ചാക്കോ

മാമ്മൂട്: ആലപ്പുഴ പുന്നോപ്പ് പെരുവേലിൽ പി.വി. ചാക്കോ (102) മകൻ മാന്നിലയിലുള്ള ജോസുകുട്ടിയുടെ വസതിയിൽ അന്തരിച്ചു. ഭാര്യ: പരേതയായ അന്നമ്മ. കുഞ്ഞപ്പൻ, ബേബി, ആന്റപ്പൻ, ലില്ലിക്കുട്ടി, ഉമ്മച്ചൻ (ദുബായ്) എന്നിവരാണ് മറ്റു മക്കൾ. മരുമക്കൾ: ലീലാമ്മ, ബാബു തകിടിയിൽ (പെരുന്ന), റാണി, ഓമന, ജോൺസിയ (പുന്നപ്ര), ബിന്ദു.

അമ്മുക്കുട്ടിയമ്മ

വൈക്കം: തലയാഴം ശബരിസദനം പരേതനായ തങ്കപ്പൻ നായരുടെ ഭാര്യ അമ്മുക്കുട്ടിയമ്മ (96) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ചന്ദ്രമോഹൻ, കനകവല്ലി, ഉഷ, രാജേന്ദ്രൻ. മരുമക്കൾ: ഉഷ, പുരുഷോത്തമൻ, പരേതനായ നാരായണൻ നായർ, ജ്യോതിലക്ഷ്മി.

ലില്ലിക്കുട്ടി

അയിരൂർ: ചെറുകോൽപ്പുഴ തായില്ലം പിഴാത്തിൽ നടുമുക്കിൽ എൻ.ഐ. തോമസിന്റെ ഭാര്യ ലില്ലിക്കുട്ടി (58) അന്തരിച്ചു.

നിനി ജോർജ്

ചേലക്കോട്ടുകര: കോൺഗ്രസ് പ്രവർത്തകൻ കീറ്റിക്കൽ ബാബു പോളിന്റെ ഭാര്യ നിനി ജോർജ് (49) അന്തരിച്ചു. സംസ്കാരം നടത്തി. ജൂബിലി മിഷൻ ആശുപതി നഴ്സായിരുന്നു. മകൾ: ആൻമരിയ.

എം.ജാനമ്മ

നെയ്യാറ്റിൻകര: കോടങ്ങാവിള ചെമ്പനാവിള എ.ജെ.ഭവനിൽ പരേതനായ കുട്ടൻ നാടാരുടെ ഭാര്യ എം.ജാനമ്മ (88) അന്തരിച്ചു. മക്കൾ: ലളിത, സരസമ്മ, വിലാസിനി, മോഹനൻ, കൃഷ്ണൻകുട്ടി, ആന്റണി. മരുമക്കൾ: പുഷ്പലത, വ്യാജ ആയമ്മ, അമ്പിളി (അതിയന്നൂർ വാർഡ് മെമ്പർ), പരേതരായ സദാശിവൻ, ഗംഗാധരൻ, സുന്ദരൻ.

ശ്രീധരൻനായർ

തെക്കുംതല: പുളിന്താനത്ത് പേരുവീട്ടിൽ ശ്രീധരൻനായർ (91) അന്തരിച്ചു. ഭാര്യ: അമ്മുക്കുട്ടി. മക്കൾ: പി.എസ്. രാമചന്ദ്രൻനായർ, പി.എസ്. സുധ, പി.എസ്.വിനോദ്. മരുമക്കൾ: ജ്യോതി, പി.കെ. സജീവ്, ആർ. നിഷാമോൾ.

അഹസ്ക്കര പണിക്കർ

ഈരാറ്റുപേട്ട:മേലമ്പാറ ഗവ എൽപി സ്കൂൾ റിട്ട.ഹെഡ്മാസ്റ്റർ മറ്റക്കാട്ട്ഷാ നിവാസിൽ അഹസ്ക്കര പണിക്കർ (87) അന്തരിച്ചു. ഭാര്യ: ചേന്നാട് പിണമൂട്ടിൽ സേതു (റിട്ട. സൂപ്രണ്ട് പൊതുമരാമത്ത് വകുപ്പ്). മക്കൾ: ഷാനി (അധ്യാപിക, ഗവ. എച്ച്എസ്എസ്, കോഴിക്കോട്), ഷാഹിന (സെൻട്രൽ ലൈബ്രറി, കൊൽക്കത്ത), പരേതനായ ഷാജൻ പി. അഹസ് (പഞ്ചായത്ത് സെക്രട്ടറി പാറത്തോട്). മരുമക്കൾ: ജയ, അജിത്ത് (ഹെൽത്ത് ഇൻസ്പെക്ടർ, വയനാട്), പ്രമോദ് (എൻസിഎൽടി, കൊൽക്കത്ത).

മുഹമ്മദ് യൂസഫ്

ചങ്ങനാശേരി: പറക്കപ്പെട്ടി മുഹമ്മദ് യൂസഫ് (67) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: സുബിൻ യൂസഫ്, ഷെഫിനാ യൂസഫ്.

എം.കെ.നാരായണൻ നമ്പ്യാർ

നായാട്ടുപാറ:വിമുക്തഭടൻ ശ്രീനിലയത്തിൽ എം.കെ.നാരായണൻ നമ്പ്യാർ (63) അന്തരിച്ചു. ഭാര്യ: സി.എ.തങ്കമണി.

മമ്മത് കോയ

പാലാഴി: പുതുക്കുടി മീത്തൽ വി വി മമ്മത് കോയ (95) അന്തരിച്ചു. ഭാര്യ: പാത്തുമ്മ. മക്കൾ: ഹഫ്സത്ത്, ഷെരീഫ, റസിയാബി, മൈമുന. സൗദാബി, റിയാസ്, നസീറ. മരുമക്കൾ: മുഹമ്മദ്, അസീസ്, സാദിക്ക്, സൈതലവി, പി.കെ.നാസർ (എഐടിയുസി ജില്ലാ സെക്രട്ടറി), ജസീന, ഹാഷിം. സഹോദരങ്ങൾ: ആയിഷ, പരേതയായ ആമിന, സൈനബ, പരേതനായ അഹമ്മത് കുട്ടി.

ജസ്റ്റസ്

വെള്ളറട: ചായ്ക്കോട്ടുകോണം മരുതത്തൂർ ആയില്ലറവിള വീട്ടിൽ ജസ്റ്റസ് (70) അന്തരിച്ചു. ഭാര്യ: ആർ. കനകമ്മ. മക്കൾ: തങ്കമ്മ, സുധ. മരുമക്കൾ: ടി. ചന്ദ്രബാബു, ആർ.ശശിധരൻ.

ചിന്നമ്മ

ഏറ്റുമാനൂർ:കാശാംകാട്ടേൽ പരേതനായ കെ.യു. ജോസഫിന്റെ ഭാര്യ ചിന്നമ്മ (76) അന്തരിച്ചു. മനയത്ത് വാഴപ്പള്ളിയിൽ കുടുംബാംഗമാണ്. മക്കൾ: ജോൺ ജോസഫ് (കേരള കോൺഗ്രസ്-എം നിയോജകമണ്ഡലം പ്രസിഡന്റ്), ജോൺസി ജോസഫ് (എസ്എഫ്എസ് സ്കൂൾ), ലിസി ജോസഫ് (എബനേസർ സ്കൂൾ, പട്ടിത്താനം), അൽഫോൻസാ ജോസഫ്, സെബാസ്റ്റ്യൻ ജോസഫ് (കെടിയുസി-എം ജില്ലാ പ്രസിഡന്റ്). മരുമക്കൾ: ആൻസി മാത്യു (ഗവ. ആശുപത്രി, ഈരാറ്റുപേട്ട), സണ്ണി കുര്യൻ കലയത്തിനാംകുഴി, കുര്യനാട് (എസ്എഫ്എസ് സ്കൂൾ, ഏറ്റുമാനൂർ), ബാബു ജയിംസ് കുറ്റപ്പനാട്ട്, അതിരമ്പുഴ (റവന്യൂ വകുപ്പ്, കോട്ടയം), പരേതനായ ജോസഫ് സാമുവൽ ഉഴത്തിൽ (ചെങ്ങന്നൂർ), ഷെറിൻ അലക്സ് (അധ്യാപിക, എബനേസർ സ്കൂൾ, പട്ടിത്താനം).

കെ.എസ്. ഗീവർഗീസ്

മേക്കൊഴൂർ: അയ്യൂപ്പണ്ണിൽ കുടുംബാംഗം കൊച്ചുമണ്ണിൽ കെ.എസ്. ഗീവർഗീസ് (ജോർജ്കുട്ടി-69) അന്തരിച്ചു. ഭാര്യ: ഉതിമൂട് തുണ്ടുമണ്ണിൽ മറിയാമ്മ.

ഫിലോമിന വർഗീസ്

ചേർത്തല: തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് 15-ാം വാർഡ് ചുരമന ഫിലോമിന വർഗീസ് (84) അന്തരിച്ചു. സംസ്കാരം നടത്തി. പരേത ചെല്ലാനം അഞ്ച് തൈക്കൽ കുടുംബാംഗമാണ്. മക്കൾ: ഹെലൻ കാതറൈൻ. മരുമകൻ: വർഗീസ് ആന്റണി.



എൽ.ബേബി

വെള്ളറട: പെരുങ്കടവിള വണ്ടന്നൂർ പുവൻവിള രാഗീരത്തിൽ പരേതനായ രാമചന്ദ്രൻ പിള്ളയുടെ ഭാര്യ എൽ. ബേബി (73) അന്തരിച്ചു. മക്കൾ: ഉഷാകുമാരി, ആർ. ജയകുമാർ (ഗവ. കോളെജ് കാഞ്ഞിരംകുളം), ഷാജികുമാർ, സന്തോഷ്കുമാർ. മരുമക്കൾ: രാജീവൻ (റിട്ട. സ്പോർട്സ് കൗൺസിൽ), ശോഭകുമാരി, ഗിരിജാകുമാരി, ശശികല.

കല്യാണി

മാഞ്ഞൂർ: കാട്ടാത്തുകുന്നേൽ പരേതനായ ഗോവിന്ദന്റെ ഭാര്യ കല്യാണി (90) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ചെല്ലമ്മ, രാധ, കമലമ്മ, ശോഭ, ബാബു, ശശികുമാർ, ശിവപ്രകാശ്. മരുമക്കൾ: ഭാസ്കരൻ, ശിവൻ, മോഹനൻ, മണിക്കുട്ടൻ, രത്നമ്മ, ലൈല, ബോബി.

എം.എം. പോത്തൻ

പുതുപ്പള്ളി: മള്ളിയിൽ എം.എം. പോത്തൻ (കുഞ്ഞപ്പൻ - 78) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പള്ളിക്കത്തോട് മുരട്ടുപൂവത്തിങ്കൽ മറിയാമ്മ.

ഏലിയാമ്മ

അമയന്നൂർ: വടശേരിലായ ഉടുമ്പനാട്ട് പരേതനായ ജോസഫിന്റെ ഭാര്യ ഏലിയാമ്മ (കുഞ്ഞമ്മ - 90) അന്തരിച്ചു. സംസ്കാരം നടത്തി. മണർകാട് ഇലഞ്ഞിത്തറ കുടുംബാംഗമാണ്. മക്കൾ: ഒ.ജെ. ഏബ്രഹാം (കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ), ജെ. തോമസ് (കോൺട്രാക്റ്റർ), സാലമ്മ, എൽസമ്മ, പരേതനായ ഒ.ജെ. മാത്യു. മരുമക്കൾ: തങ്കച്ചൻ ഓലിക്കര (മണർകാട്), സുമ, മോളമ്മ, പരേതരായ ജോർജുകുട്ടി, മേരിക്കുട്ടി.

ന്യുമോണിയ ബാധിച്ച് കോളെജ് വിദ്യാർഥി മരിച്ചു

ആദർശ്

ഹരിപ്പാട്: ന്യുമോണിയ ബാധിച്ച് കോളെജ് വിദ്യാർഥി മരിച്ചു. കുമാരപുരം താമല്ലാക്കൽ മുണ്ടച്ചിറയ്ക്കൽ കിഴക്കതിൽ പരേതനായ സോമന്റെ മകൻ ആദർശ് ആണ് (21) തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ ഞായറാഴ്ച പുലർച്ചെ മരിച്ചത്. ശനിയാഴ്ച വൈകുന്നേരം പനിയും ശ്വാസം മുട്ടലും അനുഭവപ്പെട്ടതിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. മൃതദേഹം കോവിഡ് പരിശോധനയ്ക്ക് ശേഷം മാത്രമേ ബന്ധുക്കൾക്ക് വിട്ടുനൽകുകയുള്ളൂ. നങ്ങ്യാർകുളങ്ങര ടികെഎംഎം കോളെജിൽ രണ്ടാം വർഷം ബിരുദ വിദ്യാർഥിയായിരുന്നു. മാതാവ്: ഉദയമ്മ. സഹോദരി: അശ്വതി.

മത്സ്യത്തൊഴിലാളിയെ മരിച്ച നിലയിൽ കണ്ടെത്തി

സുതൻ

പറവൂർ: മത്സ്യതൊഴിലിന് പോയ ആളെ ഷെഡിൽ മരിച്ച നിലയിൽ കണ്ടെത്തി. കെടാമംഗലം തലക്കാട്ട് ക്ഷേത്രത്തിന് സമീപമുള്ള പുതുവേലിൽ പരേതനായ കൊച്ചയ്യപ്പൻ മകൻ സുതൻ (74) ആണ് മരിച്ചത്. ശനിയാഴ്ച രാത്രിയിൽ വീടിന് സമീപത്തുള്ള ചെമ്മീൻ കെട്ടിൽ തൊഴിലിന് പോയതായിരുന്നു. പുലർച്ചെ പതിവ് സമയം കഴിഞ്ഞിട്ടും തിരിച്ചെത്താത്തതിനെ തുടർന്ന് വീട്ടുകാർ അന്വേഷിച്ചപ്പോഴാണ് കെട്ടിനോട് ചേർന്നുള്ള മാടത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഹൃദയസ്തംഭനമാണ് മരണകാരണമെന്ന് പറയപ്പെടുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം തത്തപ്പിള്ളി പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. പരേതയായ സുഭാഷിണിയാണ് ഭാര്യ. മക്കൾ: ഷെല്ലു, ഷെമി, ഷെന്നി. മരുമക്കൾ: ഷൈൻ, വിനോദ്, സംഗീത.

കൊറോണക്കാലത്തെ താവോ

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

ഒന്നിക്കാനും രമിക്കാനും സ്നേഹിക്കാനും ഏകാത്മകതയിൽ ലയിക്കാനുമുള്ള ആഹ്വാനങ്ങൾ ഇപ്പോൾ നേരെ എതിരായി തിരിഞ്ഞിരിക്കുന്നു. ഒരു തിരിച്ചുപോക്കാണ് നാം നമ്മളിൽ തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ചടുല, തീവ്ര, വിനാശകരമായ ആസക്തികൾ പത്തിവിടർത്തിയാടുന്നിടത്ത് നിന്ന് മൗനത്തിന്റെയും അകന്നിരിക്കലിന്റെയും ഏകാന്തതയുടെയും ഒരു ആത്മീയപർവം പെട്ടെന്ന് ഉദയം ചെയ്തിരിക്കുന്നു. ഇതാണ് ആത്മീയമായ നിരാഹാരം. സ്വയം പ്രഖ്യാപിത ത്യാഗത്തിന്റെയും ഒഴിഞ്ഞുനിൽക്കലിന്റെയും ഒരു സൗന്ദര്യം എന്നുമുണ്ടായിരുന്നു. അതിനു അവസരം കിട്ടാറില്ലെങ്കിൽ പോലും മൗനം ആചരിക്കുന്നത് ആന്തരികമായ പരിപോഷണമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. കഥാകൃത്ത് എം.പി. നാരായണപിള്ള ഒരു കാലത്ത് മൗനം ആചരിച്ചിരുന്നു. സന്ദർശകരായി ആരെയും കാണാൻ അദ്ദേഹം ഇഷ്ടപ്പെടാത്ത കാലമായിരുന്നു അത്.

ഏറ്റവും പ്രിയപ്പെട്ടതും ചെയ്യാൻ ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾ ഒരു പ്രലോഭനമാണ്. എത്രയൊക്കെ അനുഭവിച്ചാലും മതിവരില്ല. അനുഭവിക്കുന്തോറും വിരസത തോന്നുകയും പിന്നീട് അതു തന്നെ മറ്റൊരു രീതിയിൽ ആവേശമാകുകയും ചെയ്യും. ഓർമകൾക്കുപോലും രതിവാസനയുണ്ട്. ചില ഓർമകൾ നമ്മെ ആകർഷിക്കാൻ വേണ്ടി അധ്വാനിക്കുന്നപോലെ തോന്നും. മാറിനിൽക്കാൻ കഴിയാത്ത വിധം ആ ഓർമകളുടെ വലയത്തിൽ അകപ്പെടും. നിത്യേന ആ ഓർമകളെ പുതുക്കിയും പല കോണിലൂടെ നോക്കിയും നാം പുതുതായി ജനിച്ചുകൊണ്ടിരിക്കും. ഒരേ വസ്തുത തന്നെ നമ്മെ പലതായി ഭിന്നിപ്പിക്കുകയും പലതാക്കുകയും ചെയ്യുന്നത് എത്ര സ്വാഭാവികമായാണ്. പലപ്പോഴായി ഒരേ കാര്യം തന്നെ ഓർമിക്കുന്നത്, നമുക്ക് പലതായി പിരിയാനുള്ള അവസരമാണ്. പല നോട്ടങ്ങൾ ഉണ്ടാവുന്നു. അങ്ങനെ നമ്മിൽ തന്നെ പല നോട്ടക്കാരുണ്ടാവുന്നു. ഒരു ഓർമ തന്നെ പല കാലങ്ങളിലൂടെ പലതായി മാറുന്നു. ഓർമകൾക്ക് ലൈംഗികാകർഷണമുണ്ട്. അത് തരുന്ന ലഹരി ലൈംഗികസുഖത്തിനു സമാനമാണ്. ഓർമകൾ എന്ന ലഹരിക്ക് അടിമപ്പെടുന്നവരിലാണ് ഇത് സംഭവിക്കുന്നത്.

ഇവിടെ കൊറോണയുടെ വ്യാപനം തടയുന്നതിനു നാം സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാൺ. ഒരു താപസസംസ്കാരത്തിന്റെ ആരണ്യക കാലം നാം സ്വയം പരീക്ഷിക്കുകയാൺ. സ്വന്തം ക്ഷേമത്തിനു വേണ്ടിയാവുമ്പോൾ ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നത് ഒരു സുഖമാണ്. അത് മറ്റുള്ളവർക്ക് വേണ്ടിക്കൂടിയാണെന്നത് കൂടുതൽ ശ്രദ്ധേയമാണ്.

താവോയുടെ പ്രകാശം

കൊറോണയുടെ ഉറവിടം ചൈനയാണല്ലോ. അതുകൊണ്ട് അതിന്റെ പ്രകടഭാവങ്ങൾക്ക് ഉത്തരം തേടി നാം പുരാതന ചൈനീസ് മതമായ താവോയിലേക്ക് തന്നെ പോകണം. ചൈനീസ് ആചാര്യനായ ലാവോസെയുടെ ചിന്തകളാണ് താവോയ്ക്ക് അടിസ്ഥാനം.

ജീവിതത്തിലെ എല്ലാ സംഭവങ്ങൾക്കും മാറ്റങ്ങൾക്കും കാരണം താവോയുമായുള്ള ബന്ധമാണ്. അതിനനുസരിച്ച് എല്ലാമുണ്ടാകുന്നു. യിൻ (സ്ത്രീ), യാങ് (പുരുഷൻ) എന്നീ ദ്വന്ദങ്ങളെ വിപുലീകരിച്ചാണ് താവോ അനുഭവിക്കേണ്ടത്. നിഴലും വെളിച്ചവും പോലെയാണ് ഓരോ അസ്തിത്വവും. ആണും പെണ്ണും ഉണ്ടെങ്കിലേ സൃഷ്ടിയുള്ളു എന്നിരിക്കെ ഈ സംയോജനവും ആഭിമുഖ്യവും വളരെ വ്യാപ്തിയുള്ളതാണ്.

സ്വന്തം താല്പര്യമാണ് ലോകത്ത് എല്ലാറ്റിലും വലുതെന്ന് പറയുന്നവർ താവോയെ ലംഘിക്കുകയാണ്. മറ്റുള്ളവർക്ക് സുഖം വരുത്തുന്ന കാര്യമാണ് നാം ചെയ്യേണ്ടത്. അപ്പോൾ താവോയുടെ പ്രകാശം പ്രവർത്തിക്കാൻ തുടങ്ങുന്നു. ഊർജതന്ത്രത്തിൽ പോലും താവോയുടെ പ്രഭാവമുണ്ടെന്ന് അമെരിക്കൻ ശാസ്ത്രചിന്തകനായ ഫ്രിജോഫ് കാപ്ര സ്ഥാപിച്ചത് അദ്ദേത്തിന്റെ 'താവോ ഒഫ് ഫിസിക്സ്' എന്ന ഗ്രന്ഥത്തിലൂടെയാണ്.

ചുറ്റിനുമുള്ള ഓരോ വസ്തുവും സത്താപരമായി ഒരുപോലെയാണ്. അതുകൊണ്ട് അതിനുള്ളിലെ സത്തയുമായി നാം സൃഷ്ടിക്കേണ്ട മൈത്രി പ്രധാനമാണ്. നമുക്കും അതിനും ഇടയിൽ ശക്തമായ ഒരു മൈത്രി ഉടലെടുത്താൽ അത് പ്രാപഞ്ചിക ഉൺമയുടെ പ്രതിഫലനമായെന്ന് താവോ അർഥമാക്കുന്നു. താവോ മതത്തിന്റെ വാഴ്ചയ്ക്കു ശേഷമാണ് ചൈനയിൽ കൺഫ്യൂഷ്യനിസവും ബുദ്ധമതവും വേരുപിടിച്ചത്. കൊറോണക്കാലത്ത് വീട്ടിൽ നിന്നിറങ്ങാതെ വൈറസ് ഭീതിയിൽ ലോകരാഷ്ട്രങ്ങളിലെ ജനങ്ങൾ ഉൾവലിയുമ്പോൾ താവോ പ്രകാശിതമാവുകയാണ്. അന്യന്റെ സുഖത്തെ ഗാഢമായി പരിഗണിക്കുന്ന അപൂർവ അനുഭവം.

അസ്പൃശ്യതയുടെ സ്വർഗം

അസ്പൃശ്യതയെ നാം അനുകൂലിക്കാത്തവരാണ്. മനുഷ്യർക്കിടയിൽ അസ്പൃശ്യതയോ ?എന്നാൽ അസ്പൃശ്യതയ്ക്കും ഒരു മൂല്യമുണ്ട് എന്നു വന്നിരിക്കുന്നു. ശരീരം ഒരു ദുരന്തമാവുകയാണ്. ശരീരത്തിൽ നിന്ന് പുറപ്പെടുന്ന അപകടകാരികളായ വൈറസുകൾ അടുത്തുള്ള മനുഷ്യ ശരീരങ്ങളിലേക്ക് ആർത്തിയോടെ കയറിപ്പിടിച്ച് പടരുകയാണ്. ഒരു തരം ഭ്രാന്തമായ പ്രതികാര ത്വരയോടെ വൈറസ് അതിന്റെ പൈശാചികമായ അദൃശ്യതയെ സമൂർത്തമാക്കുന്നു.

അവനവന്റെ ശരീരം തന്നെയാണ് ശത്രുവായി മാറുന്നത്. ഒരു ശരീരി ആയിരിക്കുന്നതിന്റെ തീവ്രദുഃഖമാണ് മനുഷ്യർ ഇപ്പോൾ അനുഭവിക്കുന്നത്. സ്വന്തം ശരീരത്തിൽ ഒരു ഇച്ഛാശക്തിയും നടപ്പാക്കാൻ കഴിയാത്തതിന്റെ അപാരമായ ദുഃഖമാണിത്. മനുഷ്യനുള്ളിലെ ഇച്ഛാശക്തിയാണ് ലോകത്തിലെ ഏറ്റവും വലിയ സത്യമെന്ന് ജർമൻ ചിന്തകനായ ആർതർ ഷോപ്പനോർ പറഞ്ഞതൊക്കെ ഇപ്പോൾ പുസ്തകങ്ങളിലേയുള്ളു. ശരീരം അവനവനു തന്നെ അന്യമായിരിക്കുകയാണിപ്പോൾ. അദൃശ്യകണങ്ങൾ സംഹരിക്കാനായി പാഞ്ഞു വന്നുകൊണ്ടിരിക്കുമ്പോൾ ഒരു സ്നേഹസംവാദവും അർഥവത്താകുന്നില്ല. അസ്പൃശ്യനായിരിക്കുന്നത്, ഇവിടെ ഭൗതികമായ ഒരു ക്ഷേമമാണ്. അത് ശാരീരികമായ അതിജീവനമാണ്. അത് മനുഷ്യർ തമ്മിലുള്ള സാംസ്കാരികമായ അസ്പൃശ്യതയല്ല. എങ്കിലും ഇപ്പോൾ തൊട്ടുകൂടാത്തതാണ് സംസ്കാരം. അതാണ് രോഗിയുടെയും രോഗഭീതിയിൽ കഴിയുന്നവരുടെയും വേദം. പരമാവധി അകലം പാലിക്കുക. സ്വയം അവനവനിൽ നിന്ന് പാലിക്കുന്ന അകലമാണിത്.

ചുംബനവുമില്ല, പ്രണയവുമില്ല

പ്രണയമോ ചുംബനമോ ഇപ്പോൾ ദുരന്തമാണ്. എല്ലാ കാല്പനിക കവിതകളും ദുരന്തമാണിപ്പോൾ. മനുഷ്യത്വവിരുദ്ധമാണ് ചുംബനം. അത് എല്ലാ സുഖവും നശിപ്പിക്കും. മനുഷ്യൻ ദൈവമാകുന്നത് ഇങ്ങനെയൊക്കെയാണ്. രണ്ടു പേർ പ്രണയിക്കുന്നതും ചുംബിക്കുന്നതും ഇപ്പോൾ ഒരു ദുരന്തമാണ്. അത് അവരെയും ലോകത്തെയും നശിപ്പിക്കും. ഈ അറിവ് പ്രണയികളെ പിൻവാങ്ങാൻ പ്രേരിപ്പിക്കും. അവരുടെ കൈകൾ ദൈവത്തിന്റേതാണ്; ചുണ്ടുകളും. ചൈനീസ് തത്ത്വസംഹിതയായ താവോ മനുഷ്യന്റെ അന്തര്യാമിയായ ഒരു മാർഗത്തെ ചൂണ്ടിക്കാണിക്കുന്നു. താവോ സ്വന്തം അനുഭവത്തിലേക്കും ആന്തരികതയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പ്രകൃതിയിൽ ഒരു രമ്യതയുണ്ട്. മനുഷ്യൻ അവിടേക്ക് ചെവിയോർക്കണം.

താവോ സവിശേഷമായ ഒരു ജീവിതപാതയാണ്. ദുരയുടെയും ഭോഗത്തിന്റെയും ക്രൗര്യത്തിന്റെയും ലോകങ്ങളെ ഉപേക്ഷിച്ച്, സമാധാനത്തിലൂടെ പ്രകൃതിയിലെയും മനുഷ്യാത്മാവിലെയും സമ്മോഹനമായ രമ്യതയുടെ പാത കണ്ടെത്താനാണ് താവോയുടെ തത്ത്വം വിളംബരം ചെയ്യുന്നത്. കൊറോണക്കാലത്ത് നമ്മിൽ താവോ ഉണരുകയാണ്. ഓരോ വ്യക്തിയും ഒറ്റയ്ക്ക് തേടേണ്ട മുക്തിമാർഗം. തൊട്ടു തൊട്ടിരുന്നാൽ നഷ്ടപ്പെടുന്നതെന്തോ അത് ഈ താവോയിലുണ്ട്. അതേസമയം പ്രകൃതിയുടെ വലയിലെ ഒരു കണ്ണിയാണ് നമ്മളെന്ന ചിന്തയും കനം വയ്ക്കുകയാണ്.

രോഗമുണ്ടാകുമ്പോൾ ജനാധിപത്യപരമായ ആദർശമാണ് വിജയിക്കേണ്ടത്. ലോകം മുഴുവൻ ഒരു രോഗിക്കുവേണ്ടി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന തത്ത്വം. അമെരിക്കൻ ചരിത്രകാരനായ വിൽ ഡുറാന്റ് പറഞ്ഞു, ചരിത്രത്തിൽ ആദ്യത്തെ ക്രിസ്ത്യാനി ശരിക്കും ഒരു പ്രക്ഷോഭകാരിയായിരിക്കുമെന്ന്. അഗാധമായ ചോദനകളിൽ എല്ലാത്തരം പ്രത്യേക പദവികൾക്കും അധികാരങ്ങൾക്കും പരിഗണനകൾക്കും അവൻ എതിരായിരിക്കും. കാരണം അവൻ ഒരു പ്രക്ഷോഭകാരിയാണല്ലോ. സമൂഹത്തിലെ വലിയവൻ സേവകനാവുകയാണ്. കൊറോണക്കാലത്ത് ഡോക്റ്റർമാരും നഴ്സുമാരും മറ്റ് അരോഗ്യ പ്രവർത്തകരും സേവകരുമാണ് വലിയവർ. അവർ മനുഷ്യരാശിയെ രക്ഷിക്കുന്ന ദൈവദൂതരാണ്. എന്നാൽ അവർ പ്രത്യേകിച്ച് യാതൊരു അധികാരമോ, സമ്പത്തോ നേടാതെ സമ്പൂർണ സേവകരായി മാറുന്നു. ഇതാണ് ക്രിസ്തുവിന്റെ ജനാധിപത്യമെന്ന് വിൽ ഡുറാന്റ് പറയുന്നുണ്ട്.

ഏകാന്തത എന്ന നിരാഹാരം

സാധാരണ നിലയിൽ ഇല്ലാത്ത ഏകാന്തതയും അത്മപരിചരണവും രോഗകാലത്ത് കിട്ടുന്നു. കൊറോണ ഭയം വിതയ്ക്കുന്നു. അതിനു മരണത്തിന്റെ ഗന്ധമാണ്. ആ ഗന്ധത്തിൽ നിന്ന് അകന്നു നിൽക്കാൻ നാം നമ്മിൽ തന്നെയുള്ള, കുടുതൽ സുരക്ഷിതമായ വിദൂര ആരണ്യകങ്ങളിലേക്ക് സഞ്ചരിക്കേണ്ടതുണ്ട്. തനിച്ചിരിക്കുന്നതിൽ ഒരു സാഹിത്യ ശാഖയുണ്ട്. അതിൽ നിശബ്ദതയുടെ സാഹിത്യമുണ്ട്. അതിൽ വർത്തമാനവും സ്വപ്നവുമുണ്ട്. ഒരാൾക്കു സ്വന്തം ജീവിതം എന്ന ഇതിവൃത്തത്തിലേക്ക് തിരിച്ചുവരാനുള്ള അസുലഭ സന്ദർഭമാണിത്.

അതിഭൗതികമായ ചില കൂടിക്കാഴ്ചകൾ നടക്കുന്നതായി വൈക്കം മുഹമ്മദ് ബഷീർ 'മാന്ത്രികപ്പൂച്ച' എന്ന നോവലിൽ എഴുതുന്നുണ്ട്:

"നമുക്കും മറ്റുള്ളവർക്കും, മനുഷ്യരേക്കാൾ വ്യത്തിയും മെനയും ബുദ്ധിയും ശക്തിയും സൗന്ദര്യവുമുള്ള ജീവികൾ ഉണ്ടായിരിക്കാം. രാത്രി നമ്മൾ ആകാശത്തു നോക്കുമ്പോൾ നക്ഷത്രങ്ങളും മറ്റും കാണുന്നുണ്ടല്ലോ. എണ്ണമറ്റ സൂര്യചന്ദ്രന്മാർ... ഗോളസമൂഹങ്ങൾ. അവിടെ നമ്മേക്കാൾ ശ്രേഷ്ഠരായ ജീവികൾ ഉണ്ടാവാമെന്ന് പറയുന്നു. അവർ നമ്മെ വന്ന് കാണില്ലെന്നാരറിഞ്ഞു".

ബഷീർ പറയുന്നത് ഒരു ഫിക്ഷനായിരിക്കട്ടെ. എങ്കിലും ചില ചിന്തകൾ വരുകയാണ്. മനുഷ്യർ എത്ര സൂക്ഷിച്ചാലും ഉണ്ടാകുന്ന ചില അപകടങ്ങൾ, താളം തെറ്റിക്കുന്ന മനംമാറ്റങ്ങൾ, പെട്ടെന്നുള്ള രൗദ്രഭാവങ്ങൾ തുടങ്ങിയവ സംഭവിക്കുന്നത് ഗോളാന്തര കണങ്ങളോ, ശക്തികളോ വന്നു തൊടുമ്പോഴാണെന്ന് പറയുന്നത് ആലോചിക്കാൻ വക നൽകുന്നു. നമ്മുടെ മനസ്സിനെ സ്വാധീനിക്കാൻ കഴിയുന്ന ചില കണങ്ങൾ പ്രപഞ്ചത്തിലെവിടെയോ ഉണ്ടെന്ന് കരുതുകയാണെങ്കിലോ? റഷ്യൻ തത്ത്വചിന്തകനായ ഗുർജിഫ് മനഷ്യരുടെ വിധി നിർണയിക്കുന്ന ശക്തിയായി ചന്ദ്രനെ ഗണിച്ചിരുന്നല്ലോ.

പ്രണയിക്കുന്നവർ തമ്മിൽ കൂടുതൽ അടുക്കാതിരിക്കുകയാണ് നല്ലതെന്നും അടുത്താൽ അകൽച്ചയിലേ അത് അവസാനിക്കുകയുള്ളുവെന്നും ലബനീസ് കവി ഖലിൽ ജിബ്രാൻ പറയുന്നത് ഈ കൊറോണക്കാലത്തെ താവോ ആയി മാറുകയാണ്. അകൽച്ച വേറൊരു സമാഗമവും മൈത്രിയുമാണ് പ്രകൃതിയിൽ സൃഷ്ടിക്കുന്നത്.

ആനുകാലികം

അമ്മു ദീപയുടെ 'പതുക്കെ' (എഴുത്ത്) മൃദുലമായ ഒരു അനുഭൂതിയുടെ വേരുകൾ ചികയുകയാണ്. സ്വയം ജീവിക്കുന്നതെങ്ങനെയെന്ന് അറിയാനുള്ള ഉദ്യമം.

'ചുംബിക്കുമ്പോൾ
ഇളംകാറ്റ്
തിരമാലകളുടെ ചുണ്ടിലെന്നപോൽ
അലിവോടെയായിരുന്നു.
സന്ധ്യയുടെ
തുടുത്ത കവിളിൽ
മേഘം താടിരോമങ്ങളുരസും പോലെ
കരുതലോടെ .
....
നിലാവ്
അന്തിയുടെ മുടിത്തഴയിൽ
പാതാരാപ്പൂ ചൂടിക്കും പോലെ
അഹന്തകളേതുമില്ലാതെ'.

രാംമോഹൻ പാലിയത്തിന്റെ കൂർത്ത മുനയുള്ള ഹാസം നമ്മുടെ മനസ്സിനെ ഉലയ്ക്കും. 'പൂർണം' എന്ന കവിത (മാതൃഭൂമി) നോക്കൂ:

'നമ്മൾ തിന്ന
മീനുകളുടെ കൊച്ചുമക്കൾ
നമ്മുടെ ചിതാഭസ്മം നോക്കിയിരിക്കും.
നന്മൾ തിന്ന
പോത്തുകളുടെ കൊച്ചുമക്കൾ
പള്ളിപ്പറമ്പിലെ പുല്ലു തിന്നും.
നമ്മൾ തിന്ന
കണ്ണിമാങ്ങകളുടെ കളിക്കൂട്ടുകാർ
നമ്മുടെ ചിതയിലെ
മാവിൻ വിറകായ് വരും.'

കുട്ടികൾ കവിതയോടു കാണിക്കുന്ന ആത്മാർഥതയ്ക്കു മുന്നിൽ പ്രൊഫസർ കവികൾ ചൂളിപ്പോകും. കാസർകോട്ടെ ഒരു പ്ലസ് വൺ വിദ്യാർഥി അശിൻ ചന്ദ്രൻ എഴുതിയ ഈ വരികൾ എത്ര സത്യസന്ധമാണ്!

'രാത്രിയുടെ കറുപ്പു കുറുക്കി
കണ്ണുകളെഴുതിയ
ഒരു പെൺകുട്ടി
ഈ വഴി പോകാറുണ്ട്.
യവനകഥകളിലെ വൈക്കോൽ
പറവകളെപ്പോലെ,
ശരീരമൊടിച്ചും നിവർത്തിയും
വളച്ചും
അവൾ സ്വന്തം ഉടലൊഴുക്കിൽ
ഉന്മത്തയാവും'.

പുതുശേരി രാമചന്ദ്രൻ

മഹാനായ കവിയും ഭാഷാഗവേഷകനും ചിന്തകനുമായ പുതുശേരി രാമചന്ദ്രന് അവാർഡ് കിട്ടാതിരിക്കാനാണ് മലയാളികൾ ശ്രമിച്ചതെന്ന് തോന്നുന്നു. പുതുശേരിയെക്കുറിച്ച് കെ.എസ്. രവികുമാർ എഴുതിയത് (അലങ്കാരവിളക്കുകൾ തൂക്കിയില്ല, അസ്തിവാരം പണിഞ്ഞു, മാതൃഭൂമി) നന്നായി. മരിച്ചശേഷമാണെങ്കിലും ഓർമകൾ പാഴാകുന്നില്ലല്ലോ. എന്നാൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'വാക്ക് ഇൻ' എന്ന എഡിറ്റോറിയലിൽ പുതുശേരിയെക്കുറിച്ച് എഴുതിയത് വായിച്ചു ഞെട്ടി. ഒരു റഷ്യൻ സാഹിത്യകാരൻ കലാകാരനെക്കുറിച്ചും അവന്റെ വിധിയെക്കുറിച്ചും പൊതുവായി പറഞ്ഞ വാചകങ്ങൾ പുതുശേരി തന്റെ നോട്ടുബുക്കിൽ ഉദ്ധരിച്ചു വച്ചത് ഈ കുറിപ്പിൽ എടുത്തു ചേർത്തിട്ടുണ്ട്. അതിൽ ഒരു ഭാഗം ഇങ്ങനെയാണ്: അതായത് രാഷ്ട്രത്തിന്റെ ആത്മീയ ജീവിതത്തിനു അയാൾ നൽകിയ യഥാർഥ സംഭാവനകളെ അനുമോദിക്കാനും അയാളുടെ സിദ്ധിയുടെ എല്ലാമുഖങ്ങളെയും വെളിപ്പെടുത്താനും അയാളുടെ സമകാലികർക്കു പോലും ചില പ്പോൾ കഴിഞ്ഞെന്നു വരില്ല'. ഇത് പുതുശേരി സ്വന്തം അവസ്ഥയെ ഓർത്ത് ഉദ്ധരിച്ചതാണെന്നു വ്യക്തം. ഇത് ആഴ്ചപ്പതിപ്പ് ഉദ്ധരിച്ചു ചേർത്തതിലൂടെ എന്താണ് വ്യക്തമാക്കുന്നത്? പുതുശേരിയുടെ സംഭാവനകളെ മനസ്സിലാക്കാതിരുന്നത് തങ്ങളല്ല, മറ്റാരോ ആണെന്നാണ്. യഥാർഥത്തിൽ ആഴ്ചപ്പതിപ്പിനെയും ഉദ്ദേശിച്ചാണ് അദ്ദേഹം ഈ വാചകങ്ങൾ എഴുതിയിട്ടത്. പുതുശേരിയുടെ ഒരു മുഖചിത്രം അച്ചടിക്കാൻ ഈ മരണവേളയിലും ആഴ്ചപ്പതിപ്പു തയാറാവുന്നില്ല. അദ്ദേഹത്തിന്റെ മുഖചിത്രം ഒഴിവാക്കാനായി അവർ ഈ ലക്കം ബോധപൂർവം സേതുവിന്റെ കഥ അച്ചടിച്ചതാണെന്ന് ആരെങ്കിലും കരുതിയാൽ തെറ്റുപറയാനാവില്ല. സേതുവാണ് മുഖചിത്രമായി വന്നത്. പുതുശേരി മുകളിൽ ഒരു സ്റ്റാമ്പ് സൈസിൽ ഒതുങ്ങി. ഈ പ്രവൃത്തിയും എഡിറ്റോറിയലിലെ വാചകങ്ങളും ചേർന്നു പോകുന്നില്ല. പുതുശേരിക്ക് ആദരവു നൽകുന്നു എന്ന് പറഞ്ഞിട്ട് അദ്ദേഹത്തിന്റെ മുഖചിത്രം അടിക്കാതിരുന്നത് തിരുത്താനാവാത്ത അപരാധമാകുകയാണ്. യുവകഥാകരൻ അമലിനും പൊയ്ത്തുംകടവിനും വരെ അനവസരത്തിൽ കവർ നീക്കിവച്ചു. എന്നാൽ മരിച്ചിട്ടും പുതുശേരിക്ക് മാന്യത കിട്ടുന്നില്ല. അവിടെയും തീരുന്നില്ല; അദ്ദേഹത്തെക്കുറിച്ചുള്ള ലേഖനം കൊടുത്തിരിക്കുന്നത് ആഴ്ചപ്പതിപ്പിന്റെ മുപ്പത്തിയെട്ടാം പേജിലാണ്!

തിരക്കഥയോ?

എം.എ. റഹ്മാൻ പ്രശസ്തനായ എഴുത്തുകാരനും ഡോക്കുമെൻററി സംവിധായകനുമാൺ. അദ്ദേഹത്തിന്റെ 'ബഷീർ ദ് മാൻ' ഓർക്കുന്നു. റഹമാന്റെ ഒരു ഡോക്കുമെന്ററി തിരക്കഥ ഇപ്പോൾ ഭാഷാപോഷിണിയിൽ ഖണ്ഡശഃ വരുകയാണ്. ഇത് എത്ര പ്രയോജനം ചെയ്യുമെന്ന് അറിയില്ല. തിരക്കഥ ഒരു സാഹിത്യരൂപമല്ലെന്ന് ഇനിയും അറിയാത്തവരുണ്ട്. അത് കെട്ടിടത്തിന്റെ പ്ലാൻ പോലെ ഒരു നിർജീവ വസ്തുവാണ്. അത് വായനയ്ക്കുള്ളതല്ല. മാത്രമല്ല, ഒരു തിരക്കഥ വായിച്ചതുകൊണ്ട് മറ്റൊന്ന് എഴുതാനൊക്കില്ല. നല്ല സംവിധായകർ പോലും തിരക്കഥ അപ്പാടെ ഉപയോഗിക്കാറില്ല. ആ നിലയ്ക്ക് തിരക്കഥയെ സാഹിത്യ രുപമായി കണ്ട് പരമ്പരയായി പ്രസിദ്ധീകരിക്കുന്നത് അരുചിയാണ്.

കഥ

അനന്തപത്മനാഭന്റെ 'യാക്കോബിന്റെ മകൻ' (ഭാഷാപോഷിണി) ഒരു സിനിമ പോലെ ആസ്വദിച്ച് വായിക്കാവുന്ന കഥയാണ്. തിരക്കഥാരചനയിൽ കഥാകൃത്തിനു പ്രാവീണ്യമുണ്ടെന്ന് ഈ കഥ വായിച്ചാൽ വ്യക്തമാകും.

സ്വന്തം സഹോദരിയെ ബലാത്സംഗം ചെയ്തു കൊന്ന ഒരാളെ ജയിലിൽ പോയി കാണാനായി രാത്രിയിൽ ഓട്ടോയിൽ കയറിയതാണ് ഇതിലെ കഥാനായകൻ. ഓട്ടോയുമായി വന്നതാകട്ടെ, തീർത്തും അപ്രതീക്ഷിതമായി, ആ ഘാതകന്റെ മകനും. ഒടുവിൽ ആ ഡ്രൈവറെ അയാൾ കൊന്നു പക തീർക്കുന്നു. പാരായണപരമായ ഉദ്വേഗം നിലനിർത്തുന്നതിൽ അനന്തപത്മനാഭനു മിടുക്കുണ്ട്. ഈ കഥയിൽ ഒരു സിനിമ ഒളിച്ചിരുപ്പുണ്ടെന്ന് ആദ്യം മനസ്സിലാക്കിയത് അനന്തപത്മനാഭനാൺ.

'ആവില്ലാ....ഈ മഴത്തുള്ളികളെ കുടഞ്ഞെറിയാൻ ' എന്ന കഥയെഴുതിയ അജിതമേനോൻ (സ്ത്രീശബ്ദം) മാതാപിതാക്കളെക്കുറിച്ചോർക്കുന്ന ഒരു വീട്ടമ്മയുടെ മനസ്സിനെ പച്ചത്തുരുത്തായി കാണിച്ചുതരുന്നു. ഈ കഥ തീവ്രമായ ഗൃഹാതുരത്വമാണ് പകരുന്നത്. നഷ്ടപ്പെട്ട ദിനങ്ങൾ ഇനി തിരിച്ചു വരില്ല. ആരെന്ത് മോഹന വാഗ്ദാനങ്ങൾ നല്കിയാലും ജീവിതം വലിയ നഷ്ടമാണ്. എല്ലാ നന്മകളും നഷടപ്പെട്ട് ഓർമകളായി വിലയം പ്രാപിക്കുന്നു. മനസിന്റെ ദുരാഗ്രഹവും ദുഷ്ചിന്തകളും നല്ല കാര്യങ്ങൾ ചെയ്യാൻ മനഷ്യനെ വിലക്കുകയാണ് ചെയ്യുന്നത്. മനുഷ്യനിൽ എപ്പോഴും ആധിപത്യം പുലർത്തുന്നത് പിശാചാണെന്ന് സ്ഥിരീകരിക്കാൻ ഇതു മതി. ഈ പിശാചിനെ യുദ്ധം ചെയ്തു തോല്പിക്കാൻ കഴിവുള്ളവർക്ക് കുറച്ചൊക്കെ ദൈവത്തെ കിട്ടും. കഴുത്തറ്റം തെറ്റുകളിൽ മുങ്ങിക്കിടക്കുന്നവർക്ക് ഓർമകളിലൂടെ ദൈവതീരത്തേക്ക് തുഴഞ്ഞടുക്കാനാവും. ഈ കഥ അതിനുള്ള ശ്രമമാണ്. ഒരു വീട്ടമ്മ അവർ മാതാപിതാക്കളുടെ കൂടെ കഴിഞ്ഞ കുട്ടിക്കാലത്തെക്കുറിച്ചോർക്കുന്നു. മക്കൾ ഉപേക്ഷിക്കാൻ പോകുന്ന അമ്മയെ അവർ കൈവിടാൻ കൂട്ടാക്കുന്നില്ല. ചിതറിപ്പോയ ഓർമകളെ ഈ കഥാകാരി മനസിനുള്ളിലെ ശ്രീകോവിലിൽ പ്രതിഷ്ഠിക്കുന്നു. ഈ വരികൾ നോക്കൂ: 'മഴ മാത്രം നൊമ്പരമുണർത്തിക്കൊണ്ട് ബാക്കിയാവുന്നു. മഴത്തുള്ളികളെപ്പോലെ ഓർമകളെ അത്രയെളുപ്പം കുടഞ്ഞെറിയാൻ കഴിയില്ലെന്ന് അവൾക്കു ബോധ്യപ്പെട്ടു. മഴ അച്ഛന്റെ സ്നേഹമായി, വാത്സല്യമായി മനസ്സിൽ പെയ്തിറങ്ങുകയാണ്.

'നഗരങ്ങളുടെ മരണം' എന്ന കഥ (ബീന സജീവ്, ഗ്രന്ഥാലോകം) ഒരു ഫാന്റസി, സറിയലിസ്റ്റിക് ആവിഷ്കാരമാണ്. പ്രളയം, നിപ, എച്ച് വൺ എൻ വൺ, കൊറോണ പശ്ചാത്തലത്തിൽ ഈ ഫാന്റസിക്ക് പുതിയ തലങ്ങൾ കാണാം. നഗരങ്ങളിലേക്ക് തീയും മഴയും കാറ്റും കടന്നുവന്ന് എല്ലാം നശിപ്പിക്കുന്നു. അതിന്റെ ഭീതിദമായൊരു ചിത്രമാണിത്. അപ്പോഴും വീണു തകർന്ന നഗര റോഡുകളിൽക്കൂടി നഗ്നപാദരുടെ അവസാനിക്കാത്ത ഒഴുക്ക് എവിടെ നിന്നോ മുന്നേറിക്കൊണ്ടിരുന്നു, എല്ലാ ചില്ലുവച്ച കൊട്ടാരങ്ങളിൽ നിന്നും അടർന്നുവീണ ചായക്കൂട്ടുകൾ കൊണ്ട് നഗരറോഡുകൾ നിറയുകയും അവയെല്ലാം ഏതോ ചരിത്രത്താളുകളിൽ വീണു കിടക്കുന്ന കഥയില്ലായ്മകളായി പരിണമിക്കുകയും ചെയ്തു തുടങ്ങിയ വാക്യങ്ങൾ നഗര സംസ്കാരത്തിനെതിരായ വിധിയെഴുത്തായി മാറുന്നു. എല്ലാം ചീഞ്ഞു കഴിഞ്ഞു; ഇനി ഒരു പുതുപ്പിറവി എന്നാണെന്ന് ഈ കഥ മൗനമായി ചോദിക്കുന്നു.

ലേഖനം

കൊടുവഴങ്ങ ബാലകൃഷ്ണൻ എഴുതിയ 'നിഷ്ഫല സുഗന്ധം' (ഹംസധ്വനി) എന്ന ലേഖനം ആസിഡുകൊണ്ട് ഭാവിയെ വരയ്ക്കുന്ന, പകയുടെ ചരിത്രമെഴുതുന്ന ഇന്നത്തെ കൗമാര, യൗവന തീക്ഷ്ണതകളെ ഓർമിപ്പിച്ചു. നിത്യചൈതന്യയതിയുടെ ഒരു ഭാഷണം ലേഖനത്തിൽ ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: കൗമാരവും യൗവനവും ഒരു പൂന്തോപ്പിലെ സുഗന്ധവാഹികളായ പുഷ്പങ്ങളുടെ മേളനം പോലെയാണ്. പരസ്പരം ചിരിച്ചും കളിച്ചും ചിരിപ്പിച്ചും കളിപ്പിച്ചും ആഘോഷമാക്കേണ്ട പൂക്കാലം' . എന്നാൽ ആ മേളനം പൂർണമായിട്ടില്ല ഇനിയും.

നിഷേയും സൃഷ്ടികർത്താവും

ദൈവം മരിച്ചത് മനഷ്യമനസ്സിലാണെന്ന് പറഞ്ഞ ജർമൻ തത്ത്വജ്ഞാനി ഫ്രഡറിക് നിഷേ ഒരു സ്യഷ്ടികർത്താവിനെക്കുറിച്ച് ചില കാഴ്ചകൾ അവതരിപ്പിക്കുന്നുണ്ട്. ഒരു സർഗാത്മക രചയിതാവിൽ നന്മയും തിന്മയുമുണ്ട്. കാരണം അയാൾ ഒരു നശീകരണശക്തിയുമാണ്. അതുകൊണ്ടു തന്നെ അയാൾ യാഥാസ്ഥിതിക മൂല്യങ്ങളെ ചിതറിച്ചുകളയുന്നു. അതായത് ഏറ്റവും വലിയ തിന്മ ഏറ്റവും വലിയ നന്മയായിത്തീരുന്നു. ഇങ്ങനെയാണ് സർഗാത്മക മൂല്യമുണ്ടാകുന്നത്. സർഗാത്മകതയിൽ രണ്ട് കാര്യങ്ങൾ അനിവാര്യമാണ്. ഒന്ന്, നവീനത. രണ്ട്, മൂല്യം. ഇതു രണ്ടും ചേരണം.

ഒരാൾ നേരത്തേ വരച്ചതു പോലെയുള്ള ആപ്പിൾ ഞാൻ വരച്ചാൽ അതിൽ സർഗാത്മകതയില്ല; വെറും കോപ്പിയടി മാത്രം. അതിൽ പുതുമയുമില്ല, മൂല്യവുമില്ല. ആരും വരയ്ക്കാത്ത ആപ്പിളാണ് ഞാൻ വരയ്ക്കേണ്ടത്. അതോടൊപ്പം അതിൽ ശൈലിയിലും വീക്ഷണത്തിലും ഉള്ളടക്കത്തിലും നവീനത വേണം. മാത്രമല്ല, മനുഷ്യരാശിക്ക് അതിൽ നിന്ന് സൗന്ദര്യാത്മകമായ മൂല്യം ലഭിക്കുകയും വേണം. അതുകൊണ്ടാണ് ഒരു പൂവിന്റെ ചിത്രം വരയ്ക്കുന്നത് തനിക്ക് ഏറ്റവും പ്രയാസമേറിയ ജോലിയാണെന്ന് ഫ്രഞ്ച് കലാകാരൻ റെനോ പറഞ്ഞത്. ഒരാപ്പിളിന്റെ ചിത്രം വരച്ച് താൻ പാരീസിനെ ഞെട്ടിക്കുമെന്ന് പോൾ സെസാൻ പറഞ്ഞതിന്റെ പൊരുൾ ഇതാണ്.

നിഷേ പറയുന്നു, ബുദ്ധിമാനായതു കൊണ്ട് എപ്പോഴും മൗനം പാലിക്കുന്നത് നല്ലതല്ലെന്ന്. പറയപ്പെടാതിരുന്നാൽ സത്യങ്ങൾ വിഷമാകുമത്രേ. സത്യങ്ങൾ ചിതറി തെറിക്കാനുള്ളതാണ്. അവിടെ നിന്നാണ് പുതിയ സൃഷ്ടി ഉണ്ടാവേണ്ടത്.

ദർശനം

1) പനി.

ഒരേയൊരു ചിന്ത ബാഹ്യലോകവുമായി ബന്ധമറ്റ് മൂർധന്യാവസ്ഥയിലെത്തിയാൽ അത് പനിയായി. കവിതയും വേദാന്തവും പനിയാണ്.

2) മുറിവ്.

മായ്ക്കാൻ കഴിയാത്തതെല്ലാം മനസ്സിലും ശരീരത്തിലും മുറിവുകളായി രൂപപ്പെടുന്നു. അമെരിക്കൻ കഥാകൃത്ത് ഹെമിംഗ്വേയുടെ കഥാപാത്രങ്ങളെ മുറിപ്പാടുകളുമായി നടക്കുന്നവർ എന്ന് വിളിക്കാറുണ്ട്.

3) മരണം.

മരണത്തിനു ദൈവത്തോടോ, ചെകുത്താനോടോ, വിശുദ്ധരോടോ ഒരു പ്രതിബദ്ധതയുമില്ല.

4) രോഗം.

വിരുദ്ധമായതിനോടുള്ള നിഗൂഢമായ അനുരാഗമാണ് രോഗം. രാഗമില്ലാതാകുമ്പോൾ മൂർഛിക്കുന്നത് രോഗം.

5) ആശുപത്രി.

ഒരു കൂട്ടം രോഗികളെ, രോഗങ്ങളെ ബഹുമുഖമായി, സർവസജ്ജമായി എതിർക്കുകയും രോഗിയെ രോഗത്താൽ താദാത്മ്യപ്പെടുത്തുകയും ചെയ്യുന്ന ശുശ്രൂഷകരുടെ സൈനികനഗരമാണത്. തടവറയും ആശുപത്രിയും സത്തയിൽ ഒന്നാണെങ്കിലും സൈനികമായ രണ്ട് വ്യത്യസ്ത പതിപ്പുകളാണ് .

വാക്കുകൾ

മറ്റുള്ളവർ നമ്മിലുണ്ടാക്കുന്ന അസ്വാസ്ഥ്യങ്ങൾ നമ്മെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കും.

- കാൾ യുംഗ്, സ്വിസ് മനശ്ശാസ്ത്രജ്ഞൻ.

ഞാനൊരു എഴുത്തുകാരനാണ്.അതുകൊണ്ട് ഞാൻ സ്ഥിരബുദ്ധിയുള്ളവനല്ല.

-എഡ്ഗാർ അല്ലൻപോ, അമെരിക്കൻ എഴുത്തുകാരൻ.

മറ്റുള്ളവരുമായി വഴക്കു കൂടുമ്പോൾ നാം പ്രഭാഷണകലയിലെത്തിച്ചേരുന്നു. എന്നാൽ അവനവനോടു ഏറ്റുമുട്ടുമ്പോൾ കവിതയാണുണ്ടാകുന്നത്.

-ഡബ്ല്യു. ബി. യേറ്റ്സ്, ഐറിഷ് കവി.

നമ്മളിൽ ആരോ ഒരാളുണ്ട്; അയാൾ എല്ലാം അറിയുന്നു, എല്ലാം ആഗ്രഹിക്കുന്നു, നമ്മേക്കാൾ ഭംഗിയായി ചെയ്യുന്നു.

-ഹെർമ്മൻ ഹെസ്സെ, ജർമൻ നോവലിസ്റ്റ്.

നമ്മൾ പ്രേമിക്കുമ്പോൾ കുറേക്കൂടി നന്നാവാനാണ് ശ്രമിക്കുന്നത്. കൂടുതൽ നന്നാവാൻ നോക്കുമ്പോൾ നമുക്കു ചുറ്റിനുമുള്ളതെല്ലാം കൂടുതൽ നന്നാവുന്നു .

- പാവ്ലോ കൊയ്‌ലോ, ബ്രസീലിയൻ നോവലിസ്റ്റ്.

കാലമുദ്രകൾ

ഇ. ഹരികുമാർ.

നല്ലൊരു വ്യക്തിയും കഥാകൃത്തുമായ ഇ. ഹരികുമാർ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി തമസ്കരിക്കപ്പെടുകയായിരുന്നു. തൃശൂരിലും പരിസരത്തുമുള്ള എഴുത്തുകാർ അദ്ദേഹത്തെ അവരുടെ കൂട്ടത്തിൽ കൂട്ടുന്നതിൽ അറച്ചു നിന്നത് എന്താണെന്ന് മനസ്സിലാകുന്നില്ല.

എം. മുകുന്ദൻ.

എം. മുകുന്ദനിൽ ഒരു അധാർമിക വൈരുദ്ധ്യം സ്ഥിരമായി നിലനിൽക്കുന്നുണ്ട്. ദൽഹി, ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു എന്നീ നോവലുകളിലെ ലക്ഷ്യരഹിതരായ നായകന്മാരും സംസ്ഥാന സർക്കാരിന്റെ സാഹിത്യ അക്കാദമി അധ്യക്ഷപദവിയും തമ്മിൽ ചേരാതെ നിൽക്കുന്നതിലെ വൈരുധ്യമാണത്. ഒ.വി.വിജയൻ 'തിരിച്ചുവരവ്' എന്ന കഥയിൽ പവനന്റെ അക്കാദമിയെ പരിഹസിക്കുന്നുണ്ട്.

സക്കറിയ.

ഒ.വി. വിജയൻ ഹിന്ദുവർഗീയവാദിയാണെന്ന പഴയ വായ്ത്തല മടങ്ങിയ വാദം അവർ ത്തിച്ചു ഉയർത്തിയത് സക്കറിയയെ വായനക്കാരിൽ നിന്നകറ്റി.



ജോൺസൺ.

സംഗീത സംവിധായകൻ രവീന്ദ്രന്റെ പാട്ടുകൾ ഒരു ഗാനമെന്നതിലുപരി, സംഗീത ജ്ഞാനത്തിന്റെ അമിതോപയോഗമാണെന്ന് ഒരു സ്വകാര്യസംഭാഷണത്തിൽ ജോൺസൺ പറഞ്ഞു.

ജി.എൻ. പണിക്കർ.

വർധിച്ച സാഹിത്യപ്പനിയിൽ സ്വന്തമായി പ്രസ് സ്ഥാപിച്ച സാഹിത്യകാരനാണ് ജി.എൻ. പണിക്കർ. അവിടെ സ്വന്തം പുസ്തകങ്ങൾക്ക് അച്ചുനിരത്തി.

കോവിഡ് 19: ടാറ്റ സൺസ് 1000 കോടി രൂപ നൽകും

മുംബൈ: ടാറ്റ സൺസ് കോവിഡ് പ്രതിരോധത്തിനായി ആയിരം കോടി രൂപ നല്കുമെന്ന് ചെയർമാൻ എൻ. ചന്ദ്രശേഖരൻ അറിയിച്ചു. മഹാവ്യാധിക്കെതിരേയുള്ള പ്രവർത്തനങ്ങൾക്കായി ടാറ്റ ട്രസ്റ്റ്സ് ചെയർമാൻ രത്തൻ എൻ. ടാറ്റ 500 കോടി രൂപ നല്കുമെന്ന് പ്രഖ്യാപിച്ചിരുന്നതിനു പുറമേയാണിത്.

ഇ തുവരെ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള പ്രതിസന്ധിയാണ് രാജ്യം നേരിടുന്നത്. ഈയവസരത്തിൽ ടാറ്റ ട്രസ്റ്റുകളുമായി ചേർന്ന് പ്രവർത്തിക്കുമെന്നും പരസ്പര സഹകരണത്തോടെ ഗ്രൂപ്പിന്റെ മുഴുവൻ നൈപുണ്യവും പ്രയോജനപ്പെടുത്തുമെന്നും ചന്ദ്രശേഖരൻ പ്രസ്താവനയിൽ അറിയിച്ചു. പ്രവർത്തിക്കുന്ന മേഖലയിൽ ജീവിതങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി എല്ലാവരും പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

TATA SONS

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ബിസിസിഐയുടെ 51 കോടിയിൽ കെസിഎ വക 50 ലക്ഷം

തിരുവനന്തപുരം: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബിസിസിഐ നൽകുന്ന ഫണ്ടിലേക്ക് കേരള ക്രിക്കറ്റ് അസോസിയേഷൻ 50 ലക്ഷം രൂപ നൽകും. ബിസിസിഎ നൽകുന്ന 51 കോടി രൂപയിലേക്കാണ് കെസിഎയുടെ സംഭാവനയായി 50 ലക്ഷം രൂപ നൽകുക. ബിസിസിഐ ജോയിന്റ് സെക്രട്ടറിയും കെസിഎ മുൻ പ്രസിഡണ്ടുമായ ജയേഷ് ജോർജാണ് ഇക്കാര്യം അറിയിച്ചത്. രാജ്യം ഒരു പ്രതിസന്ധിയിലൂടെ കടന്ന് പോകുമ്പോൾ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ കായിക സംഘടനകൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് ജയേഷ് ജോർജ് പറഞ്ഞു.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബിസിസിഐ സംസ്ഥാന അസോസിയേഷനുകളുമായി ചേർന്ന് 51 കോടിയുടെ സംഭാവന ചെയ്യുമെന്ന് ശനിയാഴ്ചയാണ് പ്രഖ്യാപിച്ചത്.

ഓസീസിനെ നയിക്കാൻ സ്മിത്ത്

സിഡ്നി· പന്തുചുരണ്ടൽ വിവാദത്തെ തുടർന്ന് ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡ് ഏർപ്പെടുത്തിയ വിലക്കിന്റെ കാലാവധി പൂർത്തിയായതോടെ മുൻ ഓസീസ് നായകൻ സ്റ്റീവ് സ്മിത്തിന് ഇനി ടീമിനെ നയിക്കാനാകും. പന്തുചുരണ്ടൽ വിവാദത്തിന്റെ സമയത്ത് ഓസീസ് ടീം ക്യാപ്റ്റനായിരുന്ന സ്മിത്തിനെ രണ്ടു വർഷത്തേക്കാണ് ക്യാപ്റ്റൻസിയിൽനിന്ന് വിലക്കിയത്. ഞായറാഴ്ചയോടെ വിലക്ക് പ്രാബല്യത്തിലായിട്ട് രണ്ടു വർഷം പൂർത്തിയായി. അതേസമയം, ടീമിനെ നയിക്കുന്നതിൽനിന്ന് ആജീവനാന്ത വിലക്കു ലഭിച്ച ഡേവിഡ് വാർണറിന് അങ്ങനെയൊരു സാധ്യതയില്ല. പന്തുചുരണ്ടൽ വിവാദ സമയത്ത് ടീമിന്റെ വൈസ് ക്യാപ്റ്റനായിരുന്നു വാർണർ.

അതേസമയം, കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ചിരിക്കുന്ന ക്രിക്കറ്റ് മത്സരങ്ങൾ പുനഃരാരംഭിച്ചാലും സ്മിത്തിനെ ക്യാപ്റ്റനായി ഉടനെ നിയമിക്കാൻ സാധ്യതയില്ല. നിലവിൽ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ടിം പെയ്ൻ ഓസീസ് ടെസ്റ്റ് ടീമിന്റെ നായകസ്ഥാനത്ത് ഏറെക്കുറെ ഇരിപ്പുറപ്പിച്ച മട്ടാണ്. വയസ്സ് 35 ആയെങ്കിലും താരം ഉടനെയൊന്നും വിരമിക്കാനും സാധ്യതയില്ല. ഏകദിന, ട്വന്റി20 ഫോർമാറ്റുകളിൽ ആരോൺ ഫിഞ്ചിനു കീഴിലും ഓസീസ് ടീം മികച്ച പ്രകടനമാണ് നടത്തുന്നത്.

ടിം പെയ്നിന്റെ ക്യാപ്റ്റൻസിയെ ഏതാനും മാസങ്ങൾക്കു മുൻപ് പരിശീലകൻ ജസ്റ്റിൻ ലാംഗർ പുകഴ്ത്തിയതും സ്മിത്തിനുള്ള സൂചനയായാണ് വ്യാഖ്യാനിക്കപ്പെട്ടത്. ബാറ്റിങ്ങിൽ ഓസീസിന്റെ പ്രധാന പ്രതീക്ഷയായ സ്മിത്തിന് ക്യാപ്റ്റൻസിയുടെ സമ്മർദ്ദം കൂടി നൽകേണ്ടതില്ലെന്ന് അന്ന് ലാംഗർ അഭിപ്രായപ്പെട്ടിരുന്നു. ദക്ഷിണാഫ്രിക്കയിൽ നടന്ന ടെസ്റ്റ് പരമ്പരയ്ക്കിടെ പന്തിൽ കൃത്രിമം കാട്ടിയതായി തെളിഞ്ഞതിനെ തുടർന്നാണ് സ്മിത്തിനെയും വാർണറിനെയും ബാൻക്രോഫ്റ്റിനെയും ക്രിക്കറ്റിൽനിന്ന് വിലക്കിയത്. വിലക്കു കഴിഞ്ഞ് തിരിച്ചെത്തിയ സ്മിത്തും വാർണറും ഇപ്പോൾ ഓസീസ് ടീമിൽ സ്ഥിരാംഗങ്ങളാണ്.

അതിനിടെ, ടിം പെയ്നെ കാഴ്ചക്കാരനാക്കി കളത്തിൽ സ്റ്റീവ് സ്മിത്ത് 'സൂപ്പർ ക്യാപ്റ്റൻ' ചമയുകയാണെന്ന കടുത്ത വിമർശനവുമായി മുൻ ഓസീസ് താരം ഇയാൻ ചാപ്പൽ രംഗത്തെത്തിയിരുന്നു.

ഇന്നലെ തുടക്കമാകേണ്ടിയിരുന്ന ഇന്ത്യൻ പ്രീമിയർ ലീഗിൽ രാജസ്ഥാൻ റോയൽസിനു കളിക്കേണ്ട താരമാണ് സ്മിത്ത്. എന്നാൽ, കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഐപിഎൽ ഏപ്രിൽ 15ലേക്ക് നീട്ടിവച്ചിരിക്കുകയാണ്. കൊറോണ ഭീതിയെ തുടർന്ന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ യാത്രാവിലക്കു മൂലം വിദേശ താരങ്ങൾക്ക് പങ്കെടുക്കാനാകില്ലെന്ന് വ്യക്തമായതിനു പിന്നാലെയാണ് ഐപിഎൽ നീട്ടിയത്. അതേസമയം, വൈറസ് വ്യാപനം ഇപ്പോഴും നിയന്ത്രണാതീതമായി തുടരുന്ന സാഹചര്യത്തിൽ ഇത്തവണ ഐപിഎൽ നടന്നേക്കില്ലെന്നാണ് സൂചന. ഇക്കാര്യം സ്മിത്ത് സ്ഥിരീകരിക്കുകയും ചെയ്തു.

ഓസ്ട്രേലിയൻ ലീഗിലെ താരത്തിനു കൊറോണ

മെൽബൺ: ഓസ്ട്രേലിയൻ ഫുട്ബോൾ ലീഗിലെ ന്യൂ കാസിൽ ജെറ്റ്സിന്റെ താരത്തിനും കൊറോണ. ഇത് ആദ്യമായിട്ടാണ് ഓസ്ട്രേലിയയിൽ ഒരു പ്രൊഫഷണൽ ഫുട്ബോൾ താരത്തിന് കൊറോണ പോസിറ്റീവ് ആവുന്നത്. കഴിഞ്ഞ ആഴ്ച ന്യൂ കാസിൽ ജെറ്റ്സിന്റെ ബ്രിസ്ബെയ്ൻ റോറിനെതിരായ മത്സരത്തിലും മെൽബൺ സിറ്റിക്കെതിരായ മത്സരത്തിലും കളിച്ച താരത്തിനാണ് കൊറോണ സ്ഥിരീകരിച്ചത്.

ജൊഗീന്ദർ ഹീറോയാടാ, റിയൽ ഹീറോ

ട്വിറ്ററിൽ ജൊഗീന്ദർ ശർമയെ അഭിനന്ദിച്ച് ഐസിസി ട്വിറ്ററിൽ പങ്കുവച്ച ചിത്രം.

ന്യൂഡൽഹി· ഇന്ത്യയുടെ മുൻ ക്രിക്കറ്റ് താരവും ഇപ്പോൾ ഡിവൈഎസ്പിയുമായ ജൊഗീന്ദർ ശർമയെ അഭിനന്ദിച്ച് രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ. കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിൽ മുന്നിൽനിന്നു നയിക്കുന്നതിനാണ് ജൊഗീന്ദർ ശർമയെ അഭിനന്ദിച്ച് ഐസിസി രംഗത്തെത്തിയത്. 2007ൽ കന്നി ട്വന്റി20 ലോകകപ്പിന്റെ കലാശപ്പോരിൽ നിർണായക അവസാന ഓവർ ബോൾ ചെയ്ത് ഇന്ത്യയ്ക്ക് വിജയവും കിരീടവും സമ്മാനിച്ച താരമാണ് ജൊഗീന്ദർ ശർമ. അതിനുശേഷം ഹരിയാന പൊലീസിൽ ഡിവൈഎസ്പിയായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം, രാജ്യത്ത് സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ക്രമസമാധാനപാലന ചുമതലയുമായി സജീവമാണ്. ലോകകപ്പ് ഫൈനലിലെ ഇന്ത്യയുടെ വിജയാഹ്ലാദത്തിന്റെ ചിത്രവും മാസ്കണിഞ്ഞ് കർമനിരതനായി നിൽക്കുന്ന ജൊഗീന്ദറിന്റെ ചിത്രവും ഐസിസി പങ്കുവച്ചു.

2007: ട്വന്റി20ലോകകപ്പ് ഹീറോ
2020: യഥാർഥ ലോക ഹീറോ
ക്രിക്കറ്റിൽനിന്നു വിരമിച്ചശേഷം പൊലീസ് യൂണിഫോം അണിഞ്ഞ ഇന്ത്യൻതാരം ജൊഗീന്ദർ ശർമ, ആഗോള ആരോഗ്യ പ്രതിസന്ധിയായ കൊറോണ വൈറസിനെതിരായ പോരാട്ടത്തിൽ കർമനിരതനാണ് - ഐസിസി ട്വിറ്ററിൽ കുറിച്ചു.

2007ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന പ്രഥമ ട്വന്റി20 ലോകകപ്പിൽ ഇന്ത്യ കിരീടത്തിൽ മുത്തമിട്ടപ്പോൾ ക്യാപ്റ്റൻ എം.എസ്.ധോണിക്കൊപ്പം ഫൈനലിലെ താരമായത് ജൊഗീന്ദറാണ്- ഇന്ത്യയ്ക്കുവേണ്ടി അവസാന ഓവർ എറിയാനെത്തിയ ജൊഗീന്ദർ ശർമ നിർണായക വിജയമനാണ് ഇന്ത്യക്കു നേടിക്കൊടുത്തത്. ലോകകപ്പിനു മുൻപും ശേഷവും രാജ്യാന്തര ക്രിക്കറ്റിൽ ജൊഗീന്ദർ ശർമ എന്ന പേരു കേട്ടിട്ടില്ല. പിന്നീടിങ്ങോട്ട് രാജ്യാന്തര ക്രിക്കറ്റിൽ ഒരു പന്തുപോലും എറിയാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായിട്ടില്ല.

രാജ്യാന്തര ക്രിക്കറ്റിൽ ജൊഗീന്ദർ ആകെ കളിച്ചത് നാല് ഏകദിനവും നാല് ട്വന്റി20 മൽസരങ്ങളുമാണ്. നാലു ട്വന്റി20 മൽസരങ്ങളും കളിച്ചത് ലോകകപ്പിലാണ്. 2004ൽ ധോണിക്കൊപ്പം ബംഗ്ലദേശിനെതിരെയാണ് ജൊഗീന്ദറിന്റെ അരങ്ങേറ്റം. ആദ്യ മൽസരത്തിൽതന്നെ നേടിയ അഷ്റാഫുളിന്റെ വിക്കറ്റാണ് ഏകദിനത്തിലെ ആകെ സമ്പാദ്യം. മൂന്നു മൽസരങ്ങൾ നീണ്ട ബംഗ്ലദേശ് പര്യടനത്തിനുശേഷം ടീമിൽനിന്നു പുറത്തായി. രണ്ട് നോട്ടൗട്ട് അടക്കം 34 റൺസാണ് നേടിയത്. 2007ൽ വെസ്റ്റിൻഡീസിനെതിരായ കട്ടക്ക് ഏകദിനത്തിലാണ് പിന്നീട് ജൊഗീന്ദറിനെ കാണുന്നത്. ഇന്ത്യ ജയിച്ച മൽസരത്തിൽ ഒരു റൺനേടാനേ അദ്ദേഹത്തിനായുള്ളു. വിക്കറ്റ് ഇല്ലായിരുന്നു. അതായിരുന്നു അവസാനത്തെ ഏകദിന മൽസരം.

ഓസ്ട്രേലിയയ്ക്കെതിരായ ടി-20 ലോകകപ്പ് സെമിഫൈനലിലും അവസാന ഓവർ എറിഞ്ഞത് ജൊഗീന്ദർ ആയിരുന്നു. 22 റൺസ് വിജയലക്ഷ്യമുള്ളപ്പോൾ 7 റൺസ് മാത്രംവിട്ടു നൽകി ജൊഗീന്ദർ ഇന്ത്യയെ ഫൈനലിലേക്കു നടത്തിച്ചു. ഫൈനലിൽ

ചിരവൈരികളായ പാക്കിസ്ഥാനെതിരെ ആദ്യം ബാറ്റ് ചെയ്ത് 157 റൺസെടുക്കാനേ ഇന്ത്യയ്ക്കായുള്ളൂ.

അവസാന ഓവറിൽ ഒരു വിക്കറ്റ് ശേഷിക്കേ, പാക്കിസ്ഥാനു ജയിക്കാൻ 13 റൺസ് വേണമായിരുന്നു.. ഹർഭജൻ ഉണ്ടായിട്ടും ധോണി ബോൾ ഏൽപ്പിച്ചത് ജൊഗീന്ദറിനെ.എന്നാൽ, ഏവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് ഇന്ത്യക്ക് ജൊഗീന്ദർ വിജയം സമ്മാനിച്ചു.

ഇന്ത്യയുടെ ഓസീസ് പര്യടനം അനിശ്ചിതത്വത്തിൽ

മുംബൈ: കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ യാത്രാ വിലക്ക് തുടരുമെന്നതിനാൽ ടീം ഇന്ത്യയുടെ ഓസ്ട്രേലിയൻ പര്യടനവും ആശങ്കയിൽ. കൊവിഡിനെ തുടർന്ന് തങ്ങളുടെ അതിർത്തി അടച്ചിരിക്കുന്നത് തുടരാനാണ് ഓസ്ട്രേലിയൻ സർക്കാരിന്റെ നീക്കം എന്നതാണ് കാരണം.

ത്രിരാഷ്ട്ര ടി20 പരമ്പരയോടെ ഒക്ടോബറിൽ ആരംഭിക്കുന്ന ഓസീസ് പര്യടനം ഡിസംബർ വരെ നീണ്ടുനിൽക്കും. ഇതിനിടയിൽ ഒക്ടോബർ 18 മുതൽ ടി20 ലോകകപ്പും ഓസ്ട്രേലിയയിൽ ടീം ഇന്ത്യ കളിക്കണം. കൊവിഡ് നിയന്ത്രണവിധേയമല്ലാത്ത സാഹചര്യത്തിൽ ടി20 ലോകകപ്പ് നടക്കുമോ എന്നതും അനിശ്ചിതത്വത്തിലാണ്. ലോകകപ്പ് നീട്ടിവക്കാനുള്ള സാധ്യതകളാണ് മുന്നിലുള്ളത്. 'ഇപ്പോൾ ഒന്നും പറയാനാവില്ല, പ്രതീക്ഷിക്കുന്ന യാത്രാ നിരോധനം മാത്രമാണ് ആറ് മാസം നീണ്ടുനിൽക്കുന്നത്. സാഹചര്യങ്ങൾ നിയന്ത്രണവിധേയമായാൽ യാത്രാ വിലക്ക് ഓസ്ട്രേലിയ നേരത്തെ പിൻവലിക്കും' എന്നും ബിസിസിഐ ഉന്നതൻ വാർത്താ ഏജൻസിയായ പിടിഐയോട് പറഞ്ഞതായി എൻഡിടിവി റിപ്പോർട്ട് ചെയ്തു.

എന്നാൽ ആറ് മാസം വിലക്ക് തുടർന്നാൽ വിസയും ടിക്കറ്റും അടക്കമുള്ള യാത്രാ സൌകര്യങ്ങൾ ഒരുക്കുക ബുദ്ധിമുട്ടാകും എന്നും അദേഹം വ്യക്തമാക്കി. ലോകത്ത് കൊവിഡ് വ്യാപനത്തെ തുടർന്ന് ഇതിനകം 31,000ത്തിലേറെ പേർക്കാണ് ജീവൻ നഷ്ടമായത്. ആറ് ലക്ഷത്തിലധികം പേർ രോഗബാധിതരായി. ഓസ്ട്രേലിയയിൽ 3,969 പേർക്ക് രോഗം സ്ഥിരീകരിച്ചപ്പോൾ 16 മരണം റിപ്പോർട്ട് ചെയ്തു.

മാതൃകയായി റൊണാൾഡോ

പ്രതിഫലം വെട്ടിക്കുറച്ചു

ടൂറിൻ· കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഇറ്റാലിയൻ ക്ലബ് രക്ഷിക്കാൻ പ്രതിഫലം വെട്ടിക്കുറച്ച് പോർച്ചുഗീസ് സൂപ്പർതാരം ക്രിസ്റ്റ്യാനോ റൊണാൾഡോയും സംഘവും. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അടുത്ത നാലു മാസത്തേക്ക് പ്രതിഫലം വെട്ടിക്കുറയ്ക്കാൻ പരിശീലകൻ മൗറീഷ്യോ സാറിയും റൊണാൾഡോ ഉൾപ്പെടെയുള്ള താരങ്ങളും സന്നദ്ധത അറിയിച്ചതായി യുവെന്റസ് വ്യക്തമാക്കി. ഇതുവഴി ഏതാണ് 90 മില്യൻ യൂറോയാണ് (750 കോടിയിലധികം രൂപ) ക്ലബ്ബിന് ലഭിക്കുക. കൊവിഡ് -19 വ്യാപനം ലോകത്ത് ഏറ്റവുമധികം പ്രതിസന്ധി സൃഷ്ടിച്ച രാജ്യമാണ് ഇറ്റലി.

ലീഗുകൾ റദ്ദാക്കുകയും മത്സരങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തതോടെ ലോകവ്യാപകമായി കളിക്കളങ്ങൾ നിശ്ചലമാവുകയും ക്ലബ്ബുകളുടെ വരുമാനം നിലയ്ക്കുകയും ചെയ്ത സാഹചര്യത്തിലാണ് ആശ്വാസ നടപടികളുമായി താരങ്ങളുടെ രംഗപ്രവേശം. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസത്തെ പ്രതിഫലത്തിലാണ് താരങ്ങൾ ഇളവു വരുത്തിയത്. ഓരോ താരങ്ങളുമായുള്ള വ്യക്തിപരമായ ഉടമ്പടി വരും ദിവസങ്ങളിൽ തീരുമാനിക്കുമെന്ന് യുവെന്റസ് പ്രസ്താവനയിൽ അറിയിച്ചു.

ക്ലബ്ബിൽ ഏറ്റവും പ്രതിഫലം പറ്റുന്ന താരമായ ക്രിസ്റ്റ്യാനോ റൊണാൾഡോ മാത്രം 3.8 മില്യൻ യൂറോയാണ് (30 കോടിയിലധികം രൂപ) വാർഷിക പ്രതിഫലത്തിൽനിന്ന് ഇളവു ചെയ്തത്. യുവെന്റസിന്റെ ഇറ്റാലിയൻ താരം ജോർജിയോ കെല്ലിനിയാണ് താരങ്ങളെ പ്രതിനിധീകരിച്ച് പ്രതിഫലക്കാര്യത്തിൽ ക്ലബ്ബുമായി ചർച്ച നടത്തിയതെന്നാണ് വിവരം. ഇറ്റലിയിൽ കൊറോണ വൈറസ് ബാധിതരുടെ എണ്ണം ഒരു ലക്ഷത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. വൈറസ് ബാധയേറ്റ് മരിച്ചവരുടെ എണ്ണം ഇന്നലെ 10,000 പിന്നിട്ടു.

നേരത്തെ, ജർമൻ ബുന്ദസ്‌ലിഗയിൽ ബയൺ മ്യൂണിക്കും ബൊറൂസിയ ഡോർട്മുണ്ടും ഉൾപ്പെടെയുള്ള ക്ലബ്ബുകളുടെ താരങ്ങളും പ്രതിഫലം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. സ്പാനിഷ് ലീഗിൽ അത്‌ലറ്റിക്കോ മഡ്രിഡും ബാഴ്സലോണയും എസ്പാനിയോളും താരങ്ങളുടെ പ്രതിഫലത്തിൽ അടുത്ത മാസങ്ങളിൽ കുറവു വരുത്തും. ഇറ്റലി കഴിഞ്ഞാൽ യൂറോപ്പിൽ കൊറോണ വൈറസ് വ്യാപനം ഏറ്റവും പ്രതിസന്ധി സൃഷ്ടിച്ച രാജ്യമാണ് സ്പെയിൻ. ഇവിടെ 75,000ത്തോളം പേരാണ് ഇതുവരെ വൈറസ് ബാധിതരായത്. മരിച്ചവരുടെ എണ്ണം 6,000ത്തോളമായി. ഇറ്റാലിയൻ ഫുട്ബോൾ ലീഗായ സെരി എ ഇനി തുടരേണ്ടതില്ലെന്ന ആവശ്യവുമായി നിരവധി പേർ രംഗത്തെത്തിയിട്ടുണ്ട്.



അനുഭവം, ആമസോൺ

സി.കെ. രാജേഷ്കുമാർ

ബ്രസീലിൽ നടന്ന ഫുട്ബോൾ ലോകകപ്പിനിടെ നടത്തിയ യാത്രകളിൽ ഏറ്റവും ആസ്വദിച്ചത് ആമസോൺ മഴക്കാടുകളിലൂടെയും നദിയിലൂടെയുമുള്ള യാത്രയായിരുന്നു. ബ്രസീലിന്റെ വടക്കൻ പ്രവിശ്യായ മനൗസിൽ നടന്ന സ്വിറ്റ്സർലൻഡ്- ഹോണ്ടുറാസ് മത്സരം റിപ്പോർട്ട് ചെയ്യുന്നതിനായിരുന്നു മനൗസിലെത്തിയത്. അവിടെനിന്നായിരുന്നു ആമസോണിനെ അറിയാനുള്ള യാത്രയാരംഭിച്ചത്.

ആമസോൺ, ഭൂമിയുടെ ഓക്സിജൻ സിലിണ്ടർ. ബ്രസീലിനെ പ്രകൃതിദുരന്തങ്ങളിൽനിന്നു രക്ഷിക്കുന്ന ദേവതയായ ആമസോൺ മഴക്കാടുകളിലൂടെയും ആമസോൺ നദീയിലൂടെയുമുള്ള യാത്ര ആരംഭിക്കുകയാണ്. പിരാനയും അനാക്കോണ്ടയും ജാഗ്വാറും നിറഞ്ഞ ആമസോൺ എന്നും ഒരു സ്വപ്നമായിരുന്നു.

മനൗസിൽനിന്ന് ബോട്ടുമാർഗമാണ് യാത്ര. ടൂർ ഓപ്പറേറ്റർമാർ ഈ അവസരം പണസമ്പാദനത്തിന് നന്നേ ഉപയോഗിക്കുന്നുണ്ടെങ്കിലും ആമസോൺ യാത്ര ഒരിക്കലും നഷ്ടമല്ല. ഏതാണ്ട് ആറു മണിക്കൂർ നീണ്ട യാത്ര രാവിലെ പത്തിന് ആരംഭിച്ചു. 20 പേർക്ക് ഇരിക്കാവുന്ന ബോട്ടിൽ വിദേശികളായിരുന്നു കൂടുതൽ. അനാകോണ്ടയെന്ന സിനിമയിൽ കണ്ട ആമസോൺ മഴക്കാടുകളുടെയും നദിയുടെയും ഭീതിതമായ കാഴ്ചകളായിരുന്നു മനസിൽ. എങ്കിലും ആമസോൺ ഭൂമിക്കു നൽകുന്ന കുളിർമയെ താലോലിച്ചുകൊണ്ടുള്ള യാത്ര. കാര്യങ്ങൾ വിശദീകരിച്ചു തരാൻ മുറി ഇംഗ്ലീഷ് അറിയാവുന്ന റോഡ്രിഗസുമുണ്ട്. അയർലൻഡ്, ക്രൊയേഷ്യ, ഹോണ്ടുറാസ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ളവരും യാത്രയ്ക്ക് രസമേകി.

റിയോ നെഗ്രോ(കറുത്ത നദി)യിലൂടെ ബോട്ട് ചീറിപ്പായുകയാണ്. ഏതാണ്ട് രണ്ടര കിലോമീറ്റർ കഴിഞ്ഞപ്പോൾ കാണാനായത് പ്രകൃതിയൊരുക്കിയ അപൂർവ രസക്കൂട്ടാണ്. രണ്ടുനദികളുടെ സംഗമം. ബ്രസീലിന്റെ സംസ്കാരം സങ്കരവംശീയതയുടേതെന്നു പറയുന്നതുപോലെ നദികളും ആ പ്രത്യേകത കാണിക്കുകയാണിവിടെ. ഒരിക്കലും കോപിക്കാത്ത റിയോ നെഗ്രോ, ആമസോൺ നദിയുമായി ഇണചേരുന്ന സംഗമസ്ഥാനം.

പ്രകൃതിയൊരുക്കിയ വിശാലമായ വേദിയിൽ അവർ സംഗമിക്കമ്പോൾ കാഴ്ചക്കാർക്ക് അതു നവ്യമായൊരുനുഭൂതിയാകുന്നു. കറുത്ത നിറമുള്ള നെഗ്രോ നദി മണ്ണിന്റെ നിറമുള്ള ആമസോൺ അഥവാ റിയോ സോളിമോസുമായി സംഗമിക്കുന്നു. വിശാലമായ ജലപ്പരപ്പിൽ സോളിമോസുമായി റിയോ നെഗ്രോ ചേരുമ്പോൾ കറുത്തവനും വെളുത്തവനും തമ്മിലുള്ള അന്തരം പാടില്ല എന്ന സന്ദേശം പ്രകൃതി മുമ്പേ നൽകിയിരുന്നു എന്നു വേണം കരുതാൻ. നദികളുടെ സംഗമസ്ഥാനത്തെത്തിയപ്പോൾ ബോട്ടിന്റെ വേഗത കുറച്ചു. നദീസംഗമത്തിനു കുറുകേ ബോട്ട് ഓളംവെട്ടി. റോഡ്രിഗസ് തന്റെ വാഗ്ധോരണി ആരംഭിച്ചു. സോളിമോസും റിയോ നെഗ്രോയും തമ്മിലുള്ള ഗാഢമായ ബന്ധത്തെക്കുറിച്ച് അദ്ദേഹം വാചാലനാകുകായിരുന്നു. ബ്രസീലിന്റെ വൈവിധ്യത്തെക്കുറിച്ചും മറ്റും അദ്ദേഹം വാതോരാതെ സംസാരിച്ചു. ആ ജലവിതാനത്തിൽ തൊടാൻ യാത്രികർ മത്സരിച്ചു. നദിയിൽ കൈതൊടുമ്പോൾ അതുവരെ അനുഭവിക്കാത്ത കുളിർമ. ഒരുപക്ഷേ, ഇനിയൊരിക്കലും ഈ സുഖം അനുഭവിക്കാനാവില്ല എന്ന ബോധ്യമുള്ളതുകൊണ്ട് സംഗമസ്ഥാനത്തിന്റെ ഓളത്തെ വീണ്ടും വീണ്ടും തഴുകി.

ഏതാണ്ട് 10 മിനിറ്റുൾക്കുശേഷം അവിടെനിന്ന് ബോട്ട് പുറപ്പെട്ടു. ദൂരമേറെ പിന്നിടുമ്പോഴും നദീയോഗം അങ്ങകലെ തെളിമയോടെ കാണാമായിരുന്നു. മത്സ്യങ്ങളുടെ സമ്പന്നതായണ് ആമസോൺ നദിയുടെ വലിയ പ്രത്യേകത. അത് കണ്ടറിയുകയായിരുന്നു.

ആമോസോണിലെ ഗോത്രർഗക്കാരിയായ ചിപ്ച. വഴി മധ്യേ പരിചയപ്പെട്ടപ്പോൾ..

മത്സ്യങ്ങളുടെ സമ്പന്നത

കുറച്ചുദൂരം പിന്നിട്ടപ്പോൾ വലിയൊരു മീൻ ബോട്ടിനു സൈഡിലൂടെ വലിയ വേഗത്തിൽ വരുന്നു. ആദ്യമൊന്നു ഞെട്ടി. അത്രയ്ക്കു പേടിയാകും അവയുടെ മുഖം കണ്ടാൽ. നീണ്ടുനിൽക്കുന്ന പല്ലുകൾ വെയിലേറ്റു തിളങ്ങുകയാണ്. ഒറ്റനോട്ടത്തിൽ ആരുമൊന്നു പേടിക്കും. എന്നാൽ, റോഡ്രിഗസ് പറഞ്ഞു. ഒന്നും പേടിക്കാനില്ല. പിരാനകൾ ഉപദ്രവകാരികളൊന്നുമല്ലത്രേ. എങ്കിലും കൈയിലോ മറ്റോ മുറിവുള്ളവർ വെള്ളത്തിൽ കൈമുക്കേണ്ട എന്നും അദ്ദേഹം പറഞ്ഞു.

ആമസോൺ നദിയെ സിനിമാക്കാർ എപ്പോഴും ഭീതിദമായാണ് അവതരിപ്പിച്ചിട്ടുള്ളത്. പിരാന സമീപകാല ഉദാഹരണം. മനുഷ്യരെ തിന്നുന്ന ഭീകരമത്സ്യമായാണ് പിരാനയെ അവർ അവതരിപ്പിച്ചത്. എന്നാൽ, പിരാനകൾ ഉപദ്രവകാരികളല്ല. ആമസോൺ നദിയിലെ മത്സ്യസമ്പത്തിൽ മുഖ്യപങ്കുവഹിക്കുന്നത് ഈ പിരാനകളാണ്. മൂവായിരത്തിലേറെ തരം മീനുകൾ ആമസോൺ നദിയിലുണ്ടെന്നാണ് കണക്ക്. ഇതിൽ വിഷമുള്ളവയും ഇല്ലാത്തതുമുണ്ട്. അരപൈമ എന്ന നിറമുള്ള മത്സ്യങ്ങളുമുണ്ട്. ആക്ലിനോപ്ടെർഗി എന്ന മീൻ വലിയ സുന്ദരനാണ്. കോഴിയുടെ അംഗവാൽ എന്നു പറഞ്ഞതുപോലെ ഇവനുമുണ്ട്. അംഗവാൽ. ഏതാണ്ട് മുതലയുടെ ആകൃതിയിലുള്ളവയാണ് ബിക്കൂഡ. ചുവന്ന വാലുകളും കൈകാലുകളുമുള്ള റെഡ്ടെയ്ല് കാറ്റ്ഫിഷും ആമസോണിനെ സമ്പന്നമാക്കുന്നു.

ആമസോണിൽ മാത്രം കാണുന്ന മത്സ്യമാണ് തംബാക്കി അഥവാ കാച്ചാമ. മാർക്കറ്റുകളിൽ ഏറ്റവുമധികം ലഭിക്കുന്ന തംബാക്കി വളരെ വലിയ മീനാണ്. ഒരു മീനുണ്ടെങ്കിൽ മൂന്നുനാലുപേർക്ക് സുഭിക്ഷമായി കഴിക്കാം. ഏറ്റവും രുചിയുള്ള മീനും തംബാക്കി തന്നെ. പിരാപ്പിറ്റിംഗ, നീഡിൽ ജോ, പയാര, അയ്മാര തുടങ്ങിയ മീനുകളും ആമസോണിലുണ്ട്.

ഉച്ചയാകാറായതോടെ ബോട്ട് ഒരു വീടിനടുത്തേക്ക് അടുപ്പിച്ചു. ഫ്ളോട്ടിംഗ് ഹൗസുകൾ ഇവിടത്തെ ഒരു പ്രത്യേകതയാണ്. നിരവധി ഗോത്രവർഗസമൂഹങ്ങൾ ഇവിടെ കഴിയുന്നത് ഫ്ളോട്ടിംഗ് വീടുകളിലാണ്. അവരാണ് യാത്രികർക്ക് ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നത്. അവരുടെ നൈപുണ്യത്തിൽ ഉണ്ടാക്കിയ കരകൗശലവസ്തുക്കളും വില്പനയ്ക്കുണ്ട്.



ആമസോൺ (റിയോ സോളിമോസ്) റിയോ നെഗ്രയുമായി സംഗമിക്കുന്ന ഇടം.

വീട്ടിൽത്തന്നെയുള്ള വിശാലമായ സ്പേസിൽ റസ്റ്ററന്റുമുണ്ട്. അവിടെനിന്നു ലഭിച്ച തംബാക്കിയുടെ രുചി ഇപ്പോഴും നാവിൻതുമ്പത്തുണ്ട്. ഉച്ചയ്ക്കുശേഷം നദീവഴിയിലൂടെ കാട്ടിലേക്ക്...നിരവധി പാമ്പുകളും മറ്റ് ഇഴജന്തുക്കളുമൊക്കെയുള്ള കാട്ടിലേക്ക്. അനാകോണ്ടകളും പുള്ളിപ്പുലിയുമൊക്കെയുള്ള വനാന്തരത്തിലേക്ക്...
(ആമസോൺവിശേഷങ്ങൾ അവസാനിക്കുന്നില്ല)

മണലാരണ്യത്തിൽ നന്മ വിളയിച്ച ലോകജേതാവ്

ബിസിനസ് Cafe

പി.ബി. ബാലു

അന്താരാഷ്ട്ര റീട്ടെയ്ൽ രംഗത്തെ അതികായൻ, ലോകത്തെ ശതകോടീശ്വരൻമാരിൽ ഒരാൾ, ലോകത്തിലെ ഏറ്റവും സമ്പന്നനായ മലയാളി, പശ്ചിമേഷ്യയിലെ ഏറ്റവും സ്വാധീനമുള്ള ഇന്ത്യക്കാരൻ, 28 രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ലുലു ഗ്രൂപ്പിന്റെ അധിപൻ, ലോക വ്യവസായങ്ങളുടെ തലപ്പത്ത് എത്തിയ മുസ്‌ലിയാം വീട്ടിൽ അബ്ദുൾ ഖാദർ യൂസഫലി എന്ന എം.എ. യൂസഫലി. കോടികളുടെ ബിസിനസ് കയ്യാളുമ്പോഴും ലാളിത്യവും എളിമയും കൊണ്ട് സാധാരണക്കാരക്കാർക്കു പോലും പ്രിയങ്കരനാണ് ബിസിനസ് ലോകത്തെ ഈ ആരാധ്യപുരുഷൻ. ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ അവസരങ്ങൾ നൽകിയും ബിസിനസ് സംരംഭങ്ങൾ വളർത്തിയും ശ്രദ്ധേയനായ യൂസഫലി എന്ന മലയാളി വ്യവസായി പറയുന്നത്, എത്ര ചെറിയ തൊഴിലിൽനിന്നും വൻകിട ബിസിനസ് കെട്ടിപ്പടുക്കാം എന്നാണ്. ലോകത്തിലെ ഏതൊരു സംരംഭകനും റോൾ മോഡൽ ആക്കാൻ ആഗ്രഹിക്കുന്നവർക്ക് മുന്നിൽ അദേഹം തുറന്നു വയ്ക്കുന്നത് സ്വന്തം ജീവിത കഥയാണ്.

ഗൾഫിൽ സൂപ്പർമാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളുമുള്ള യൂസഫ് അലിയെ ആണ് പുതു തലമുറയ്ക്ക് പരിചയം. പക്ഷെ ഇന്ത്യയിലെ അഹമ്മദാബാദിൽ നിന്ന് ബിസിനസ് പഠിച്ച് ഗൾഫിലെ ചുട്ടുപൊള്ളുന്ന ചൂടിൽ വിശന്നു കഴിഞ്ഞ ഒരു കാലവും ഉണ്ടായിരുന്നു ലോകത്തിന്റെ പ്രിയപ്പെട്ട യൂസഫ്ഭായ്ക്ക്.

വ്യാപാരത്തിലേക്കുള്ള വഴി

തൃശൂർ നാട്ടിക മുസ്‌ലിയാം കുടുംബക്കാർ പാരമ്പര്യമായി കച്ചവടക്കാരായിരുന്നു. അബ്ദുൾ ഖാദറിന്റെ മകൻ യൂസഫലിയും ആ വഴി തന്നെ തെരഞ്ഞെടുക്കുകയായിരുന്നു. പിതാവായ എം.കെ. അബ്ദുൾ ഖാദർ ഹാജിയും അദ്ദേഹത്തിന്റെ പിതാവ് കുഞ്ഞഹമ്മു ഹാജിയും സഹോദരങ്ങളുമെല്ലാം ബിസിനസ് വഴികളിലായിരുന്നു. ഗുജറാത്ത് വരെ നീണ്ടിരുന്നു ഈ കൊച്ചു കുടുംബ ബിസിനസിന്റെ ശാഖകൾ. പത്താം ക്ലാസ് കഴിഞ്ഞതോടെ പഠിക്കാനും ബിസിനസിൽ സഹായിക്കാനുമായി യൂസഫലിയും ഗുജറാത്തിലേക്ക് തിരിച്ചു. അവിടെ ജനറൽ സ്റ്റോറും പ്രസ്റ്റീജ് കുക്കറുകളുടെ ഏജൻസിയും ഉണ്ടായിരുന്നു. കച്ചവടത്തിൽ സഹായിക്കുന്നതോടൊപ്പം ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമയും കരസ്ഥമാക്കി യൂസഫലി. അവിടെ നിന്ന് ഈ വ്യവസായ പ്രമുഖൻ പഠിച്ച പാഠം

കച്ചവടം സ്കൂളിൽപോയി പഠിക്കാവുന്നതല്ല. അതൊരു കുട്ടി നടക്കാൻ പഠിക്കുന്നതുപോലെയാണ്. എപ്പോഴാണ് പഠിച്ചതെന്നു പറയാനാകില്ല. ഓരോ ചുവടുവയ്പ്പും ഒരു പാഠമാണ്. എനിക്ക് എന്നും ചായ തരുന്ന ഈ കുട്ടിയിൽനിന്നുപോലും ഞാൻ എത്രയോ കാര്യങ്ങൾ പഠിക്കുന്നുണ്ട്. കണ്ടിട്ടും മനസിലാകാത്തതു ചോദിച്ചു മനസിലാക്കണം എന്നുള്ളതാണ്. ഇന്നും അത് പിന്തുടരുന്നു, അതാണ് വിജയ രഹസ്യവും.

കഴിഞ്ഞ തവണ പ്രവാസി ഭാരതീയ സമ്മാൻ വാങ്ങാനായി അഹമ്മദാബാദിൽ പോയ യൂസഫ് അലി പഴയ തെരുവിലൂടെ നടക്കുകയും കീ-ട്രെഡേഴ്സ് എന്ന കട കാണുകയും ചെയ്തു. കച്ചവടമാകെ മാറിയിരിക്കുന്നു. എന്നാലും നാല് പതിറ്റാണ്ടു വർഷം മുമ്പുള്ള നിലം അതേ പോലെ നിലനിർത്തിയിരുന്നു.

ഗൾഫിലേക്കുള്ള യാത്ര

അവസരങ്ങൾ യൂസഫലിയെ കാത്തിരുന്നത് അബുദാബിയിലായിരുന്നു. പിതൃസഹോദരനായ എം.കെ. അബ്ദുള്ള തുടങ്ങിയ എം.കെ. സ്റ്റോറിൽ ചേരാനായി ബോംബെയിൽ നിന്ന് അബുദാബിക്ക് യാത്ര തിരിക്കുമ്പോൾ ആരും കരുതിയില്ല അത് ചരിത്രം സൃഷ്ടിക്കുമെന്ന്. യൂസഫലിക്ക് അന്ന് വയസ് 18. 1973 ഡിസംബറിലായിരുന്നു അത്. ഒൻപതു രാത്രികൾ കടലിൽ ചെലവഴിച്ചത് മറക്കാൻ സാധിക്കില്ല. ഉറങ്ങിയില്ല എന്നതാണ് സത്യം. വാരികകളുടെ രണ്ടു കെട്ട് ഞാൻകൂടെ കൊണ്ടുപോയിരുന്നു.അവ വീണ്ടും വീണ്ടും വായിച്ചു. ബോബനും മോളിയും വായിച്ചാണ് ടെൻഷൻ കുറച്ചത്. രാത്രി ഉറങ്ങാതെ ആലോചിച്ചുകൊണ്ടു കിടക്കും. പുതിയ രാജ്യം, പുതിയ ഭാഷ, പുതിയ കച്ചവടം അങ്ങനെ മനസിൽ പല പേടികളുമുണ്ടായിരുന്നു. 1973 ഡിസംബർ 31ന് മലരാണ്യത്തിൽ എത്തിയത്.

കൊച്ചാപ്പ എം.കെ. അബ്ദുള്ളയാണ് തുറമുഖത്ത് വന്ന് കൂട്ടിയത്. അന്നത്തെ ഗൾഫ് ഇന്ന് കാണുന്ന പകിട്ടുള്ള ഗൾഫല്ല. ശരിക്കും മരുഭൂമിയായിരുന്നു. വലിയ കെട്ടിടങ്ങൾപോലും അപൂർവ്വം. അന്ന് കുറച്ചു സമയമേ വൈദ്യുതി ഉണ്ടാകൂ. രണ്ടു നല്ല റോഡുകളെയുള്ളൂ. എയർകണ്ടീഷനർ വലിയ പണക്കാർക്കു മാത്രമുള്ള ലക്ഷ്വറിയായിരുന്നു. ചൂട് പലപ്പോഴും 50 ഡിഗ്രി കടക്കും.

പാഞ്ച്ക എന്ന സ്ഥലത്തെ ചെറിയൊരു മുറിയിലായിരുന്നു താമസിച്ചിരുന്നത്. നല്ല ഭാവി സ്വപ്നം കണ്ട് കിടക്കുകയായിരുന്നു. തന്നെ രക്ഷിച്ചതും ആ സ്വപ്നങ്ങളാണ്. അന്നൊന്നും രണ്ടു വർഷം കൂടുമ്പോൾപോലും നാട്ടിൽപോകാൻ പറ്റില്ല. ടിക്കറ്റെടുക്കാൻ കാശുണ്ടെങ്കിൽപ്പോലും എടുക്കില്ല. ഇവിടുത്തെ ജോലി മുടങ്ങുമോ എന്ന പേടിയായിരുന്നു. എവിടെയെങ്കിലും എത്തിയിട്ടു നാട്ടിൽ പോകാമെന്നായിരുന്നു അന്നത്തെ ചിന്ത.

ലുലുവിന്റെ തുടക്കം

അഹമ്മദാബാദിൽ കട നടത്തിയ ആത്മവിശ്വാസമാണ് കൈമുതൽ, അതുമായി അത്യാവശ്യ സാധനങ്ങൾ എല്ലാം കിട്ടുന്നൊരു ജനറൽ സ്റ്റോർ എന്നു വിളിക്കുന്ന പലചരക്കു കടയിൽനിന്നാണ് തുടങ്ങിയത്.

പകൽ അധികമാരും പുറത്തിറങ്ങില്ല. കാര്യമായ വ്യവസായങ്ങളുമില്ല. എന്നാലും ഞങ്ങൾ മോശമില്ലാതെ കച്ചവടം ചെയ്തു. പല സാധനങ്ങൾ ഞങ്ങൾ പലരിൽനിന്നു ശേഖരിച്ചു വിൽക്കുന്നുണ്ടായിരുന്നു. എന്തുകൊണ്ട് ഇവ നേരിട്ട് ഇറക്കുമതി ചെയ്തു വിറ്റുകൂടാ എന്നു തോന്നിയ നിമിഷമാണ് ലുലുവിന്റെ ജനനം എന്നു പറയാം. അങ്ങനെ ചിന്തിച്ചില്ലായിരുന്നുവെങ്കിൽ ഒരു സാധാരണ കച്ചവടമായി ഞങ്ങളുടെ കച്ചവടവും മാറിപ്പോയെനെ. ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ വഴി അന്വേഷിച്ചു പോയതോടെ പുതിയ ലോകം തുറന്നു തുടങ്ങി. അവരും ഞങ്ങളും നേരിട്ടായി കച്ചവടം. പിന്നീടു ഞങ്ങൾ ചെറുകിട കച്ചവടത്തോടൊപ്പം ഇറക്കുമതിക്കാരുമായി വളർന്നു. അങ്ങനെയാണ് ലുലു ചെറിയ കടകളും പിന്നീടു വലിയ കടകളും സൂപ്പർമാർക്കറ്റുകളും ഹൈപ്പർമാർക്കറ്റുകളും മാളുകളും തുടങ്ങിയത്.

ആശയം ഹോങ്കോങ്ങിൽ നിന്ന്

1983ൽ ഹോങ്കോങ്ങും ഓസ്ട്രേലിയയും സന്ദർശിച്ച് സിംഗപ്പൂർ വഴി തിരിച്ചുവരുമ്പോൾ അവിടുത്തെ ഏറ്റവും വലിയ ഷോപ്പിങ് മാൾ സന്ദർശിച്ചതോടെയാണ് സൂപ്പർമാർക്കറ്റ് എന്ന ആശയം തനിക്കും സാധിക്കുമോ എന്ന ചിന്ത യൂസഫലിയുടെ മനസിലുടക്കിയത്. സൂപ്പർ മാർക്കറ്റ് എന്ന സ്വപ്നത്തിനായി എല്ലാ കാര്യങ്ങളും പൂർത്തിയാവുന്ന സമയത്താണ് 1990ൽ ഗൾഫ് യുദ്ധമെത്തിയത്. എന്നാൽ അദ്ദേഹം പിൻവാങ്ങിയില്ല. യുദ്ധം മൂർധന്യത്തിൽ നിൽക്കവെ അബുദാബിയിൽ എമിറേറ്റ്സ് ജനറൽ മാർക്കറ്റ് തുടങ്ങാൻ യൂസഫലി തീരുമാനിച്ചത് എല്ലാവരെയും അമ്പരപ്പിച്ചു. എല്ലാ ബിസിനസ് നിയമങ്ങൾക്കും വിരുദ്ധമായിരുന്നു ആ തീരുമാനം.

യുദ്ധകാലത്ത് എല്ലാവരും ഗൾഫിലെ ബിസിനസ് ഉപേക്ഷിക്കുമ്പോൾ വിദേശിയായ യൂസഫലി തുടങ്ങിയ വമ്പൻ സൂപ്പർമാർക്കറ്റ് വാർത്തകളിൽ ഇടം നേടി. ലുലു ശൃംഖലയുടെ തുടക്കമായിരുന്നു അത്. തന്നെ വളർത്തിയ ഈ രാജ്യം പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ വിട്ടുപോകാൻ മനസ് അനുവദിക്കുന്നില്ല എന്ന് അന്നുയർന്ന് ചോദ്യങ്ങൾക്ക് മറുപടിയായി അദ്ദേഹം പറഞ്ഞു.

മനസു നിറച്ച സമ്മാനം

പ്രശ്നഘട്ടത്തിലും തങ്ങളുടെ രാജ്യത്ത് നിക്ഷേപം നടത്താൻ തയാറായ യൂസഫലിക്ക് അബുദാബിയുടെ ഭരണകർത്താക്കളായ അൽ നഹ്യാൻ കുടുംബം നഗരമധ്യത്തിൽ 28 ഏക്കർ സ്ഥലം സ്വന്തമായി വീട് വയ്ക്കാൻ നൽകി. ഇതോടൊപ്പം അനുവദിച്ച സ്ഥലത്താണ് 600 കോടി രൂപ മുടക്കി മുഷ്‌റിഫ് മാൾ യൂസഫലി നിർമിച്ചത്. പിന്നീട് സൂപ്പർ മാർക്കറ്റും ഡിപ്പാർട്ട്മെന്റൽ സ്റ്റോറും ഹൈപ്പർമാർക്കറ്റും കടന്ന് രാജ്യാന്തര ഷോപ്പിങ് അനുഭവവുമായി മാളുകൾ വരെ അദ്ദേഹത്തിന്റെ വ്യവസായ ശൃംഖല നീണ്ടു. റീട്ടെയ്ല് മേഖലയ്ക്കൊപ്പം മൊത്ത വ്യാപാരം, ഭക്ഷ്യസംസ്കരണം, കയറ്റുമതി-ഇറക്കുമതി, ഷിപ്പിങ്, ഐടി, ഹോട്ടൽ തുടങ്ങിയ മേഖലകളിലും ഇന്ന് ലുലു ഗ്രൂപ്പിന്റെ നിറഞ്ഞ സാന്നിധ്യമുണ്ട്.

ആഗോള കൺസൾട്ടി ഡെലോയ്റ്റിന്റെ കണക്ക് പ്രകാരം ഇന്ന് ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പത്ത് റീട്ടെയ്ല് ശൃംഖലകളിലൊന്നാണ് ലുലു. 2022 ആകുമ്പോഴേക്കും 10 ബില്യൺ ഡോളർ അതായത് 60,000 കോടി രൂപ സ്വന്തമാക്കാനാണ് ശ്രമം. കൂടുതൽ രാജ്യങ്ങളിലേക്ക് ലുലു ശ്രദ്ധ പതിപ്പിക്കുന്നതിന്റെ കാരണവും ഇതുതന്നെ. ഇനിയും കൂടുതൽ സ്ഥാപനങ്ങൾ... കൂടുതൽ രാജ്യങ്ങൾ... എന്ന ചിന്തയാണ് ഈ ബിസിനസ് സാമ്രാട്ടിനെ മുന്നോട്ട് നയിക്കുന്നത്.

ഫോബ്സ് മാസികയുടെ പുതിയ കണക്കനുസരിച്ചു ലോകത്തെ ഏറ്റവും ധനികനായ മലയാളി എം.എ. യൂസഫലിയാണ്. 32,500 കോടി രൂപയുടെ ആസ്തിയുമായാണ് ലുലു ഗ്രൂപ്പ് ചെയർമാൻ

എം.എ. യൂസഫലി

കേരള നിക്ഷേപം

എന്തുകൊണ്ട് കേരളത്തിൽ നിക്ഷേപിക്കുന്നില്ല എന്ന ചോദ്യങ്ങൾക്ക് മറുപടിയാണ് കൊച്ചിയിലെ ലുലു മാൾ, തിരുവനന്തപുരത്തെ മാൾ തൃശൂരിലെ ലുലു കൺവൻഷൻ സെന്റർ, മാരിയറ്റ് ഹോട്ടൽ എന്നിവയെല്ലാം. ഹോട്ടൽ വ്യവസായരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി ലുലു ഗ്രൂപ്പ് നെടുമ്പാശേരി അബാദ് ഹോട്ടലും ഏറ്റെടുത്തു. കേരളത്തിൽ ഇനിയും പുതിയ പദ്ധതികൾ പ്ലാൻ ചെയ്യുന്നു യൂസഫലി. ഗൾഫിനൊപ്പം ഇന്ത്യയും മലേഷ്യയും ലുലുവിന്റെ പ്രധാന കേന്ദ്രങ്ങളാണിന്ന്.

കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളിലും ഓഹരിയുള്ള വ്യവസായിയാണ് യൂസഫലി. ഇന്ത്യയുടെ വ്യവസായ രംഗത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് പ്രവാസി ഭാരതീയ സമ്മാൻ അദ്ദേഹത്തെ തേടിവന്നു,പത്മശ്രീയും. ഗൾഫ് നാടുകളിൽ നിന്ന് പത്മ പുരസ്കാരം നേടുന്ന ആദ്യ വ്യക്തിയുമായ യൂസഫലി അബുദാബി ചേംബർ ഒഫ് കൊമേഴ്സിന്റെ ഡയറക്റ്റർ ബോർഡ് അംഗമായ ആദ്യ ഏഷ്യക്കാരനുമാണ്.

എം.എ. യൂസഫലി ഫോബ്സ് പട്ടികയിലെ സമ്പന്നനായ മലയാളിയായത്. സമ്പത്തുണ്ടാക്കുക എന്നതല്ല, മറിച്ച് സ്വത്ത് നിലനിർത്താനാകുകയും സമൂഹത്തിന്റെ നന്മയ്ക്കായി അതിനെ വിനിയോഗിക്കാൻ സാധിക്കുകയും ചെയ്യുക എന്നതാണ് വിജയത്തിന്റെ അടയാളം. എങ്കിൽ മാത്രമേ ജനഹൃദയങ്ങളിൽ ഇടം നേടാനാകൂ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. രാഷ്ട്രീയ, മതഭേദങ്ങളില്ലാതെ എല്ലാ വ്യക്തികളെയും സഹോദരങ്ങളായി കാണാനാവുന്നതും അദ്ദേഹത്തിന്റെ മഹത്വം വർധിപ്പിക്കുന്നു.

എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയുമായി ഭാര്യ സാബിറയുണ്ട്. മൂന്ന് പെൺമക്കളും - ഷബീന, ഷഫീന, ഷിഫ. മരുമക്കളായ ഡോ. ഷംഷീർ, അദീബ് അഹമ്മദ്, ഷാരുൺ എന്നിവർ വ്യത്യസ്ത ബിസിനസുകളിലാണ്. ഒമ്പത് പേരക്കുട്ടികളുമുണ്ട് യൂസഫലിക്ക്.

ഹോട്ടലിനും വരുന്നു, ഇനി കംപ്യൂട്ടർ ഷെഫ്

കൊച്ചി: ലോക്ക്ഡൗണിന്റെ ഭാഗമായി റസ്റ്റോറന്റുകളിലെ ഡൈൻ-ഇൻ സംവിധാനം നിർത്തലാക്കി ഹോം ഡെലിവറി മാത്രം അനുവദിച്ചതോടെ പ്രചാരത്തിലാകുന്നത് ഡാറ്റ അനലിറ്റിക്സ് അനുസരിച്ച് പ്രവർത്തിക്കുന്ന 'ക്ലൗഡ് കിച്ചൺ' ആശയം. വിദേശരാജ്യങ്ങളിലും ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിലും ക്ലൗഡ് കിച്ചണുകളുണ്ടെങ്കിലും കേരളത്തിൽ താരതമ്യേന പുതിയതാണ് ഈ സങ്കൽപ്പം.

അടുക്കളയിൽ നിന്ന് ഷെഫ് തീരുമാനിക്കുന്നതാവില്ല വിഭവം. പകരം ജനങ്ങളുടെ നഷ്ടം അറിഞ്ഞ് കപ്യൂട്ടർ വിദഗ്ധർ നിർദേശിക്കുന്നതാവും വിഭവം. ആളുകൾ ഇരുന്നു കഴിക്കുന്ന ഡൈൻ-ഇൻ ഏരിയ കുറച്ച് കിച്ചൺ സ്പെയ്സ് വർധിപ്പിച്ച് വരുമാനം വർധിപ്പിക്കാൻ കഴിയുന്ന രീതി കൂടിയാണ് ക്ലൗഡ് കിച്ചൺ. ഉപയോക്താവിന്റെ താത്പര്യം, ഡിമാൻഡ് എന്നിവയറിഞ്ഞ് അതിന് ഏറ്റവുമധികം യോജിക്കുന്ന മെനുവായിരിക്കും ക്ലൗഡ് കിച്ചണുകളുടെ പ്രത്യേകത. വിദേശരാജ്യങ്ങളിൽ ഓൺലൈൻ ഫുഡ് ഡെലിവറി പ്ലാറ്റ്ഫോം കമ്പനികളുടെ നിയന്ത്രണത്തിലാണ് പല ക്ലൗഡ് കിച്ചണുകളും. നിലവിലുള്ള റസ്റ്റോറന്റുകളെ തന്നെയാണ് ഓൺലൈൻ കമ്പനികൾ ക്ലൗഡ് കിച്ചണുകളുണ്ടാക്കാൻ സമീപിക്കുന്നത്. ഒരു നഗരത്തിൽ ഒരു നിശ്ചിത സമയത്ത് ഏറ്റവുമധികം ആളുകൾ കഴിക്കുന്ന ഭക്ഷണം, അതിനൊപ്പം വാങ്ങാൻ ജനം ഏറ്റവുമധികം ആഗ്രഹിക്കുന്ന ഡ്രിങ്ക്സ്, കറികൾ, സ്റ്റാർട്ടേഴ്സ്, ശീതളപാനീയമേത് തുടങ്ങിയ വിവരങ്ങൾ പഠിച്ചെടുത്ത് അത് നൽകി അതിനനുസരിച്ച് വിഭവങ്ങൾ ഒരുക്കുകയാണ് രീതി.

ഈ ഡാറ്റ അനലിറ്റിക്സ് ഉപയോഗിച്ച് തയാറാക്കുന്ന ടോപ് 10 മെനുവായിരിക്കും ക്ലൗഡ് കിച്ചണുകൾക്ക് നൽകുക. ഡൈൻ-ഇൻ സംവിധാനമുണ്ടെങ്കിലും കരാറിൽ ഏർപ്പെടുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ മാത്രമേ ഇവ വിൽക്കാൻ അനുവാദമുണ്ടാകൂ. മെനു കാലക്രമത്തിൽ പരിഷ്കരിക്കുകയും ചെയ്യും. അതായത് നിലവിൽ റസ്റ്റോറന്റുള്ളവർക്കുപോലും ഡൈൻ-ഇൻ ഏരിയ കുറച്ച് അതേ കെട്ടിടത്തിൽ മറ്റൊരു ബ്രാൻഡിൽ പുതിയൊരു ക്ലൗഡ് കിച്ചൺ ആരംഭിക്കാം. അതിലെ മെനു പക്ഷേ പൂർണമായും ഓൺലൈൻ ഡെലിവറിക്കു മാത്രമായിരിക്കും.

ലോക്ക് ഡൗണിൽ മറക്കരുതാത്ത കാര്യങ്ങൾ

കൊച്ചി: ഈ കൊവിഡ് കാലത്ത് അസംഘടിത മേഖലയിലുള്ളവർക്കും കൂലിത്തൊഴിലാളികൾക്കും പ്രതിസന്ധി വളരെ രൂക്ഷമാണ്. കൂടുതൽ കാലം ഐസൊലേഷനിൽ കഴിയേണ്ടി വന്നാൽ എങ്ങനെ ഇതിനെ അതിജീവിക്കും, അതിനുള്ള ചില നടപടികൾ ഇങ്ങനെയാണ്.

ചെലവ് നിയന്ത്രിക്കണം

പ്രതിസന്ധിയുടെ ആഴം അറിയനാകാത്തിടത്തോളം കാലം ചുരുങ്ങിയ ജീവതമാണ് ഉത്തമം. ഈ സാഹചര്യത്തിൽ പ്രതിസന്ധിയുടെ ആഴം മനസിലാക്കി അത്യാവശ്യമല്ലാത്ത ചെലവുകൾ നിയന്ത്രിക്കുകയാണ് വേണ്ടത്. ബാങ്കിൽ നിന്നെടുത്ത ബിസിനസ്, ഭവന വായ്പകളും മറ്റ് ബാധ്യതകളും എൻപിഎ ആയി മാറാതെ നോക്കേണ്ടതുണ്ട്.

അത്യാവശ്യമല്ലാത്ത ചെലവുകളും വാങ്ങലുകളും തത്കാലം മാറ്റിവയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യാം. പ്രതിസന്ധിയുടെ ആഴം ദീർഘ കാലയളവിൽ തുടരാൻ സാധ്യതയുള്ളതിനാൽ നിലവിലെ സാമ്പത്തിക അവസ്ഥയെ ആ രീതിയിൽ വേണം കൈകാര്യം ചെയ്യാൻ. ചിലപ്പോൾ വരുമാനം കുറഞ്ഞേക്കാം. ശമ്പളം പ്രതിസന്ധിയിലായേക്കാം. അല്ലെങ്കിൽ ജോലി തന്നെ നഷ്ടമായെന്നു വരാം. സൂക്ഷ്മ-ചെറുകിട-ഇടത്തരം ബിസിനസ് ചെയ്യുന്നവരാണെങ്കിൽ വരാൻ പോകുന്ന റിസ്ക് മുൻകൂട്ടി കണ്ടാവണം പദ്ധതി തയാക്കേണ്ടത്.

റിസ്ക് ഒഴിവാക്കാം

റിസ്ക് കൂടുതലുള്ള നിക്ഷേപങ്ങളോ ബിസിനസോ തത്കാലം വേണ്ടെന്ന് വയ്ക്കുന്നതാണ് ബുദ്ധി. ഓഹരി വിപണി വലിയ ചാഞ്ചാട്ടത്തിനും പതനത്തിനും കാരണമാകുന്നതിനാൽ അധിക പണമില്ലെങ്കിൽ അതിലെ നിക്ഷേപം തത്കാലം മാറ്റിവെക്കാം. റിയൽ എസ്റ്റേറ്റ് പോലുള്ള മേഖലയിലും ഈ സമയത്ത് നിക്ഷേപം വേണ്ട.

ലോണുകൾ

സാമ്പത്തിക പ്രതിസന്ധിയുടെ കാര്യത്തിൽ വളരെ ശ്രദ്ധയോടെ മാത്രം കൈകാര്യം ചെയ്യേണ്ട ഒന്നാണ് ക്രെഡിറ്റ് കാർഡും പേഴ്സണൽ വായ്പകളും. ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വായ്പ വാഗ്ദാനവുമായി എത്തിയേക്കാം. പലിശയില്ലാതെ രണ്ട് മാസത്തിനടുത്ത് തിരിച്ചടവ് സാവകാശം ലഭിക്കുമെങ്കിലും ക്രെഡിറ്റ് കാർഡ് വായ്പകൾക്ക് 36 ശതമാനം വരെ പലിശയുണ്ടെന്ന കാര്യം മറക്കരുത്. വ്യക്തിഗത വായ്പകൾക്കും സാധാരണ വായ്പകളേക്കാൾ വളരെ ഉയർന്ന തോതിലാണ് പലിശ. അതുകൊണ്ട് ഈ പ്രതിസന്ധി കാലത്ത് വലിയ പലിശകളുള്ള വായ്പകൾ ഒഴിവാക്കുന്നത് നന്നാകും.

ചെലവ് കുറഞ്ഞ വായ്പ

പണം അത്യാവശ്യമായി വരികയാണെങ്കിൽ മാത്രം ചെലവ് കുറഞ്ഞ വായ്പയെക്കുറിച്ച് ചിന്തിക്കുക. കിസാൻ ക്രെഡിറ്റ് കാർഡ് വഴി 4 ശതമാനം പലിശയ്ക്ക് വായ്പ ലഭിക്കും. കാർഷിക ആവശ്യത്തിന് ലഭിക്കുന്ന ഈ വായ്പ വർഷാ വർഷം പുതുക്കാവുന്നതുമാണ്. എല്ലാ ദേശസാൽകൃത ബാങ്കുകളിൽ നിന്നും കൃഷി ആവശ്യത്തിന് ഈ വായ്പ ലഭിക്കും.

മീനില്ല; വിലയേറി ചിക്കനും ബീഫും

ബിനീഷ് മള്ളൂശേരി

കോട്ടയം: രാജ്യത്താകെയുള്ള സമ്പൂർണ ലോക്ക്ഡൗണിന്റെ ഭാഗമായി ഹാർബറുകൾ നിശ്ചലമായതോടെ ഊണിന് മീൻ കറി ശീലമാക്കിയിരുന്ന മലയാളി വലഞ്ഞു. മത്സ്യ മാർക്കറ്റ് തുറന്നു പ്രവർത്തിക്കുന്നുണ്ടെങ്കിലും മത്സ്യവരവ് കുറഞ്ഞതോടെ ഇവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്.

കേരളത്തിലെ ഹാർബറുകൾ അടച്ചുപൂട്ടിയതിനു പുറമേ തമിഴ്നാട് സർക്കാരിന്റെ അതിർത്തികൾ കൂടി അടച്ചതോടെ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവ് നിലച്ചതാണ് കാരണം. ഇതോടൊപ്പം ഡാം, പുഴ മീനുകളുടെ ലഭ്യതയും വരവും കുറഞ്ഞു. ദിവസങ്ങൾക്കു മുൻപെത്തി സ്റ്റോക്കുണ്ടായ മത്സ്യം ഇന്നലെ വൻ വിലയ്ക്കാണ് ഗ്രാമ പ്രദേശങ്ങളിലുൾപ്പെടെ പലയിടങ്ങളിലും വിറ്റഴിച്ചത്.

ചെറിയ ചൂര, അയില, മത്തി, കേര തുടങ്ങിയ മത്സ്യങ്ങൾക്ക് കിലോയ്ക്ക് 150 മുതൽ 250 രൂപയ്ക്ക് അടുത്തായിരുന്നു വില. എന്നാൽ പക്ഷിപ്പനി ഭീതികാരണം രണ്ടാഴ്ച മുൻപു വരെ കുറഞ്ഞിരുന്ന കോഴി വില ഇന്നലെ മുതൽ ഉയർന്നു തുടങ്ങി. കഴിഞ്ഞ ദിവസം ചിക്കന് 65 രൂപയായിരുന്നു ഉൾനാടൻ പ്രദേശങ്ങളിലെ ചില്ലറ വിൽപന വിലയെങ്കിൽ ഇന്ന് 5 മുതൽ 10രൂപവരെ കൂടിയിട്ടുണ്ട്. പലയിടത്തും 90-100 രൂപയാണ് കോഴിവില. ലഭ്യത കുറഞ്ഞതോടെ ബീഫ്, മട്ടൻ വിലയും അൽപം ഉയർന്നിട്ടുണ്ട്.

കാർഷിക മേഖലയിലെ തിരിച്ചടി, പരിഹാരമില്ലാതെ കർഷകർ

കൊച്ചി: ലോകമാകെ കൊവിഡ് ബാധിച്ചതോടെ തളർന്നു പോയതിൽ പ്രധാനം കേരളത്തിന്റെ കാർഷിക വിളകളാണ്. ഏലം മുതൽ സ്വപ്ന തുല്യവിലയിലേക്കുയർന്ന് ചക്ക വരയുണ്ട് അതിൽ. സീസൺ ആയതിനാൽ പല വിളകളും വിളവെടുക്കാതെ നശിക്കുന്ന നിലയുണ്ട്.

ഏലവും കുരുമുളകും എങ്ങനെയെങ്കിലും സംഭരിച്ച് വയ്ക്കാനുള്ള തത്രപ്പാടിലാണ് കർഷകർ. മുതലമടയിലെ മാംഗോ സിറ്റിക്ക് 200 കോടിയിലേറെ രൂപയുടെ നഷ്ടമാണ്. 50 മുതൽ 75 ടൺ വരെ മാങ്ങയാണ് ഈ ദിവസങ്ങളിൽ ഉത്തരേന്ത്യൻ വിപണിയിലേക്കു പ്രതിദിനം കയറ്റി അയയ്ക്കുക. വാളയാർ മുതൽ ചെമ്മണാംപതി വരെ 10,000 ഹെക്റ്ററോളം മാന്തോപ്പുകളുണ്ട്. ഈ തോട്ടങ്ങളിൽ ഇനിയും ആയിരക്കണക്കിനു ടൺ മാങ്ങ പറിക്കാനുണ്ട്. അതെല്ലാം നശിച്ചു പോകും എന്നതാണ് അവസ്ഥ. വാഴക്കുളത്തുനിന്ന് 1200 ടൺ പൈനാപ്പിളാണ് പ്രതിദിനം നൂറിലധികം ലോഡുകളായി കയറ്റി അയച്ചുകൊണ്ടിരുന്നത്. 20 കോടിയോളം രൂപയുടെ നഷ്ടമാണ് കയറ്റുമതി നിലച്ചതു മൂലം ഇതിനകം പൈനാപ്പിൾ കർഷകർക്കും വ്യാപാരികൾക്കുമുണ്ടായിരിക്കുന്നത്. നല്ല വില ലഭിക്കേണ്ടുന്ന വേനൽക്കാലത്ത്, ഏകദേശം 5000 ടൺ പൈനാപ്പിളാണ് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലുള്ള തോട്ടങ്ങളിൽ വിളവെടുക്കാതെ കിടക്കുന്നത്.

മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സർക്കാരിന് വിട്ടുനൽകി പ്രവാസി മലയാളി ഡോക്റ്റർ

ഡൽഹിയിലെ ആശുപത്രി കെട്ടിടം

ഡോ. ഷംഷീർ വയലിൽ

കൊച്ചി: കൊവിഡ്-19 രോഗികളെ ചികിത്സിക്കാൻ ആശുപത്രി സജ്ജമാക്കുന്നതിന് സഹായവുമായി പ്രവാസി മലയാളി സംരംഭകൻ ഡോ. ഷംഷീർ വയലിൽ. മിഡിൽ ഈസ്റ്റിലെ പ്രമുഖ ഹെൽത്ത്കെയർ ഗ്രൂപ്പായ വിപിഎസ് ഹെൽത്ത്കെയർ മെഡിയോർ ഡൽഹിയിലെ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കേന്ദ്ര സർക്കാരിന് വിട്ടു നൽകും.

ഡൽഹി എൻസിആറിലെ മനേസറിലെ ആശുപത്രി വിട്ടുനൽകാമെന്നറിയിച്ച് ഡോ. ഷംഷീർ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന് കത്തയച്ചു. കൊറോണയെ ചെറുക്കാനുള്ള സർക്കാർ ശ്രമങ്ങൾക്ക് പൂർണ പിന്തുണ നൽകുന്നതായും ആശുപത്രി സർക്കാരിന് ഉചിതമായ രീതിയിൽ ഉപയോഗിക്കാമെന്നും കേന്ദ്ര ആരോഗ്യ സെക്രട്ടറി പ്രീതി സുതനെ അറിയിച്ചു.

കൊറോണ വൈറസ് ബാധിതരായ രോഗികളെ ചികിത്സിക്കാനായി സ്പെഷ്യലിസ്റ്റ് ഡോക്റ്റർമാർ, നഴ്സുമാർ, മറ്റ് മെഡിക്കൽ വിദഗ്ധർ ഉൾപ്പെട്ട പ്രത്യേക കർമസേനയ്ക്കും ആശുപത്രി അധികൃതർ രൂപം നൽകി. വിപിഎസ് ഹെൽത്ത് കെയറിന് കീഴിലുള്ള മെഡിയോർ ഹോസ്പിറ്റലിന് ഡൽഹിയിൽ മൂന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളാണുള്ളത്. ഇതിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ക്രിട്ടിക്കൽ കെയർ, പൾമണോളജി വിഭാഗങ്ങൾ, ഐസൊലേഷൻ റൂമുകൾ, വെന്റിലേറ്ററുകൾ, മറ്റ് അടിയന്തരസേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങളുള്ളതാണ് മനേസറിലെ മെഡിയോർ ഹോസ്പിറ്റൽ. ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് പരിശോധനകൾ പൂർത്തിയാക്കുകയാണെന്ന് മെഡിയോർ ആശുപത്രി സിഇഒ നിഹാജ് ജി. മുഹമ്മദ് പറഞ്ഞു.

വളർച്ച നിരക്ക് 2.5 ശതമാനത്തിലേക്ക് ചുരുങ്ങും: മൂഡീസ്

ന്യൂഡൽഹി: 2020ലെ കലണ്ടർ വർഷത്തിൽ ഇന്ത്യയുടെ വളർച്ചാ നിരക്ക് 2.5 ശതമാനത്തിലേക്ക് ചുരുങ്ങിയേക്കും. നേരത്തെ 5.3 ശതമാനം വളർച്ചാ നിരക്കാണ് മൂഡിസ് പ്രവചിച്ചത്.

ഗ്ലോബൽ മാക്രോ ഔട്ട്ലുക്ക് 2020-21ൽ മൂഡീസ് പറഞ്ഞത് 'ഇന്ത്യയിലെ വ്യക്തികളുടെ വരുമാനത്തിൽ വലിയ ഇടിവുണ്ടാകും. 2.5 ശതമാനം വളർച്ചാ നിരക്കിലേക്ക് രാജ്യത്തിന് കുത്തനെ ഇടിവുണ്ടാകാനും സാധ്യതയുണ്ട്. ഇത് 2021ലെ ആഭ്യന്തര ഡിമാൻഡും വീണ്ടെടുക്കലിന്റെ വേഗതയെയും സ്വാധീനിക്കും. ഇന്ത്യയിലെ ബാങ്കുകളിലെയും ബാങ്ക് ഇതര ധനകാര്യ മേഖലകളിലെയും പണലഭ്യതയിലെ കടുത്ത പ്രതിസന്ധി മൂലം സമ്പദ്‌വ്യവസ്ഥയിലേക്കുള്ള വായ്പാ പ്രവാഹം ഇതിനകം തന്നെ തടസപ്പെട്ടിരിക്കുകയാണ് എന്നാണ്.'

ഏറ്റവും പുതിയ വളർച്ചാ പ്രവചനത്തിലൂടെ 3-4 ആഴ്ചയ്ക്കുള്ളിൽ 2020ലെ രാജ്യത്തിന്റെ വളർച്ചാ പ്രവചനത്തെ പകുതിയായി മൂഡിസ് ഇപ്പോൾ കുറച്ചിരിക്കുകയാണ്. കഴിഞ്ഞ തവണ റേറ്റിങ് ഏജൻസി വളർച്ച എസ്റ്റിമേറ്റ് 5.4 ശതമാനത്തിൽ നിന്ന് 5.3 ശതമാനമായി പരിഷ്കരിച്ചിരുന്നു. ആഗോള റേറ്റിങ് ഏജൻസി 2021ൽ ഇന്ത്യയുടെ വളർച്ച നിരക്ക് 5.8 ശതമാനം ആയിരിക്കുമെന്നാണ് കണക്കാക്കുന്നത്.

2019ൽ ഇന്ത്യ അഞ്ച് ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരുന്നത്. ഇന്ത്യയിലെ ബാങ്കുകളും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളെല്ലാം വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. വായ്പാ ശേഷിയടക്കം നഷ്ടപ്പെടുകയാണ്. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്താൽ ഒരുവർഷം വേണ്ടി വരും കാര്യങ്ങളെല്ലാം നേരെയാകാൻ. രാഷ്ട്രങ്ങൾ തമ്മിലുള്ള കയറ്റുമതി-ഇറക്കുമതി വ്യാപാരം പോലും നിശ്ചലമായിരിക്കുകയാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിലടക്കം വലിയ ഇടിവാകും രേഖപ്പെടുത്തുക.

കുട്ടി ദിനോസർ എങ്ങനെ അകത്തു കയറി?

കുഞ്ഞാപ്പു കുട്ടി ദിനോസറിനെ മുറിക്കുള്ളിലാക്കിയതു വരെയാണ് ഇന്നലെ പറഞ്ഞു നിർത്തിയത്.

വെളുപ്പാൻ കാലത്ത് മൂന്നു മണിയോടെയാണല്ലോ കുട്ടി ദിനോസർ ജനലിനു വെളിയിൽ പ്രത്യക്ഷപ്പെട്ടത്.

നാടാകെ കൊറോണയെ പ്രതിരോധിക്കാൻ വീടിനുള്ളിൽക്കഴിയുമ്പോൾ പാവം കുട്ടി ദിനോസറിന്റെ വീട് എവിടെയാണ്? അവന് അച്ഛനും അമ്മയും ഒക്കെ ഉണ്ടാവില്ലേ? ആരോടു ചോദിക്കാൻ?

നേരം വെളുത്താൽ ചേട്ടനോടോ ചേച്ചിയോടൊ ചോദിക്കാമായിരുന്നു.

ഇങ്ങനെ പല വിധ ചിന്തയിൽ മുഴുകിയിരുന്നപ്പോഴാണ് കുഞ്ഞാപ്പു അപകടം മണത്തത്.

പുറത്തു നിർത്തുന്നത് അത്ര പന്തിയല്ല. അകത്തേക്ക് കയറ്റുന്നത് സൂക്ഷിച്ചു വേണം. വീട്ടിൽ ഉള്ളവർ സമ്മതിച്ചില്ലെങ്കിലോ?

അമ്മ ആദ്യം പറയുക- ''എടാ ചെക്കാ അത് എങ്ങോട്ടെങ്കിലും വന്ന പോലെ പൊയ്ക്കൊള്ളും. നീ വെറുതെ പൊല്ലാപ്പിനൊന്നും പോവണ്ട. ഇവിടെ ഒള്ളയെണ്ണങ്ങളെക്കൊണ്ടു തന്നെ തോറ്റു''.

ആ പറഞ്ഞത് പിങ്കിപ്പൂച്ചയുടേയും റിച്ചാർഡ് പാർക്കറിന്റെയും കാര്യമാണെന്ന് മനസിലായി.

റിച്ചാർഡ് പാർക്കർ

റിച്ചാർഡ്, ലാബ് ഇനത്തിൽ പെട്ട നായയാണ്. ചേട്ടനാണ് അവന് ഇത്രയും വലിയ പേരിട്ടത്. ഏതോ ഒരു സിനിമയിൽ നിന്ന് കിട്ടിയ പേരാണത്രെ!

അമ്മ ജന്തു എന്നേ പറയൂ, ചേച്ചിയും ഞാനും റിച്ചി എന്നാൺ വിളിക്കുക. പക്ഷെ ചേട്ടൻ മാത്രം റിച്ചാർഡ് പാർക്കർ എന്ന് മുഴുവൻ പേരും വിളിക്കും. അച്ഛൻ പിന്നെ ഞങ്ങളെയൊക്കെ - ഡാ... എന്നേ വിളിക്കൂ...

ഡാ യുടെ ഈണമനുസരിച്ചാൺ വിളിയുടെ കാര്യം മനസിലാക്കേണ്ടത്.

പിങ്കിപ്പൂച്ച

റിച്ചിയെങ്ങാൻ ഈ കുട്ടി ദിനോസറിനെക്കണ്ടാലത്തെ സ്ഥിതി, അയ്യോ! ആലോചിക്കാനേ വയ്യ...

അതു കൊണ്ട് എത്രയും പെട്ടെന്ന് അകത്തു കയറ്റണം.

ഒരു ഐഡിയ തോന്നി.

എന്തായിരുന്നു ആ ഐഡിയ എന്ന് കൂട്ടുകാർക്ക് അറിയണ്ടേ?

കുഞ്ഞാപ്പു പതുങ്ങിച്ചെന്ന് മുൻ വശത്തെ വാതിലിൽ ശക്തിയോടെ തല്ലി ശബ്ദമുണ്ടാക്കി. എന്നിട്ട് ഓടി മുറിയിൽ കയറി ഒളിച്ചു.

ഉദ്ദേശിച്ച പോലെ കാര്യം നടന്നു. അച്ഛൻ ലൈറ്റിട്ട് മുറി തുറന്ന് വെളിയിലേക്ക് നോക്കി. അകത്തുനിന്ന് അമ്മ വിളിച്ചു പറഞ്ഞു - ''സൂക്ഷിക്കണം കൊറോണാ കാലത്ത് വല്ല കള്ളൻ മാരും തുനിഞ്ഞിറങ്ങിയതാവും''.

അച്ഛൻ മുറ്റത്തിറങ്ങി ഗെയിറ്റിലേക്ക് ടോർച്ച് അടിച്ചു. പിന്നെ അങ്ങോട്ടു നടന്നു.

ഇതാണ് സമയം - കുഞ്ഞാപ്പുകുട്ടി ദിനോസറിനെ പിടിച്ച് അകത്തു കയറി.

''ഓ തോന്നിയതായിരിക്കും'' എന്ന് പറഞ്ഞ് അച്ഛൻ കതകടച്ചു കിടന്നു.

കുഞ്ഞാപ്പു അങ്ങനെ കുട്ടി ദിനോസറിന വിജയകരമായി അകത്തെത്തിച്ചു.

ഇനി കൂട്ടുകാരോടാണ് ചോദ്യം

നിങ്ങൾ ഇന്നലത്തെ ചോദ്യത്തിന് എന്താണ് ഒരു വഴി കണ്ടു പിടിച്ചത്? അയച്ചു തന്നത് പരിശോധിച്ച്, നല്ല ഐഡിയ പറഞ്ഞവരുടെ പേര് പ്രസിദ്ധീകരിക്കുന്നതാണ്.

ഇന്ന് മറ്റൊരു ചോദ്യം

റിച്ചാർഡ് പാർക്കർ എന്ന പേര് ഏതു സിനിമയിലാണ് ഉത്തരം അയയ്ക്കൂ.

നിങ്ങൾ വരച്ച ദിനോസറിന്റെ ചിത്രവും പിടിച്ചു നിൽക്കുന്ന മൊബൈലിൽ എടുത്ത നിങ്ങളുടെ ചിത്രം അയച്ചുതരൂ - പേരും വിലാസവും കൂടി എഴുതാൻ മറക്കരുത്. നല്ല ചിത്രങ്ങൾക്ക് സമ്മാനമുണ്ട്.

ഈ കഥയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ - 73040 41234

ഗോ... കൊറോണ... ഗോ... റോബോട്ടുമായി അലോക് ദേവ്

വിരൽ പതിക്കാതെ സാനിറ്റൈസർ തരും

സച്ചിൻ വള്ളിക്കാട്

വേനലവധി ആഘോഷിക്കാനുള്ള തയാറെടുപ്പുകൾ മാസങ്ങൾക്കു മുമ്പ് തന്നെ ആരംഭിക്കാറുണ്ട്. കൊറോണ എന്ന മഹാമാരി എല്ലാ താറുമാറാക്കി. പരീക്ഷകളില്ലാതെ പതിവിലും നേരത്തെ സ്കൂളുകൾ അടച്ചു. അവധിയാഘോഷത്തിന്റെ നാളുകളാണെങ്കിലും എല്ലാവരും കൊറോണ ഭീതിയിലാണ്. കോഴിക്കോട് പൊറ്റമ്മൽ സ്വദേശികളായ പൂർണിമയുടെയും ധനീഷിന്റെയും മകൻ അലോക് ദേവ് കൊറോണയെ ഓടിക്കാനുള്ള തയാറെടുപ്പിലും.

കൊറോണയെ തുരത്താൻ കൈകഴുകലാണ് ഉത്തമം. കൈ കഴുകാൻ സാനിറ്റൈസർ ഉപയോഗിക്കുമ്പോൾ അതിന്റെ ബോട്ടിലിൽ സ്പർശിക്കുന്നത് അത്ര സുരക്ഷിതമല്ല. പല ആളുകൾ ഒരേ സാനിറ്റൈസർ ഉപയോഗിക്കുമ്പോൾ അത് അത്യന്തം അപകടകരമാണ്. സാനിറ്റൈസർ കൈകളിലേയ്ക്ക് ഇറ്റിച്ചു തരാനായി ഒരു റോബോട്ട് ഉണ്ടായാൽ എങ്ങനെയിരിക്കും!.

കൈകൾ അണുവിമുക്തമാക്കാനുള്ള സാനിറ്റൈസർ കൈകളിലേക്ക് പകർന്നു തരുന്ന ഒരു കൊച്ചു കിടിലൻ റോബോട്ടിനെ നിർമിച്ച് അലോക് ദേവെന്ന് ഈ മിടുക്കൻ താരമായിരിക്കുകയാണ്. ഗോവിന്ദപുരം കേന്ദ്രീയ വിദ്യാലയത്തിലെ നാലാം ക്ലാസ് വിദ്യാർഥിയാണ് അലോക്. അൾട്രാ സെൻസർ, ആം പ്രൊസസർ, ലെഗോ കിറ്റ് എന്നിവ ഉപയോഗിച്ചാണ് അലോക് റോബട്ടിനു ജീവൻ നൽകിയത്. കൈകളിലേക്ക് നോക്കി കൃത്യമായ അളവിൽ ഈ റോബട്ട് സാനിറ്റൈസർ നൽകുകയും വൃത്തിയാവുന്നത് നിരീക്ഷിക്കുകയും ചെയ്യും.

തൊണ്ടയാട് റോട്ടെക് എജ്യൂ എന്ന റോബോട്ടിക് ട്രെയ്നിങ് സെന്ററിലെ വിദ്യാർഥി കൂടിയാണ് അലോക്. അച്ഛൻ സമ്മാനമായി നൽകിയ ലെഗോ കിറ്റുകൊണ്ടാണ് അലോക് നാട്ടുകാരെയും വീട്ടുകാരെയുമൊക്കെ അത്ഭുതപ്പെടുത്തി ഈ കുഞ്ഞൻ റോബോട്ട് തയാറാക്കിയത്. സാനിറ്റൈസർ ഡിസ്പെൻസർ എന്നാണ് ഈ കുഞ്ഞു റോബോട്ടിന്റെ പേര്. ഒരു ലെഗോ കിറ്റിന് 45,000 രൂപയാണ്. ഒറ്റ ദിവസം കൊണ്ട് അലോക് റോബോട്ടിനെ ഉണ്ടാക്കി. സാനിറ്റൈസർ നൽകുന്ന റോബോട്ടിന്റെ പ്രവർത്തനം വിവരിച്ച് അലോക്ദേവ് തയാറാക്കിയ വിഡിയോ ഇതിനോടകം സമൂഹമാധ്യമങ്ങളിൽ വൈറലായിക്കഴിഞ്ഞു. ബന്ധുക്കളുടെയും കൂട്ടുകാരുടെയുമൊക്കെ അഭിനന്ദനങ്ങളിൽ സന്തോഷിച്ചിരിക്കുകയാണ് അലോക് ദേവ്.

രോഗങ്ങൾ കഥകളാവുമ്പോൾ

കാക്കനാടൻ

മഹാരോഗങ്ങൾ സമൂഹത്തെ കാർന്നുതിന്നുമ്പോഴൊക്കെ സാഹിത്യത്തിൽ അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടായിട്ടുണ്ട്. വസൂരി രോഗം അങ്ങനെയൊന്നായിരുന്നു.

പകർച്ചവ്യാധി ഒരു ദേശത്തെ ശാരീരികമായും മാനസികമായും കീഴ്പ്പെടുത്തുന്നതെങ്ങനെ എന്ന് ഇന്നു നാം കണ്ടു കൊണ്ടിരിക്കുന്നു. വസൂരിക്കുമിളകൾ പോലെ നമ്മുടെ മനസിൽ പൊന്തിവരുന്ന, ചിലപ്പോഴൊക്കെ ഒന്ന് പ്രലോഭിപ്പിച്ച്, പേടിപ്പിച്ചിട്ട്പതിയെയങ്ങ്മങ്ങുന്ന, പലപ്പോഴും പൊട്ടി ചലവും രക്തവുമൊലിപ്പിച്ച് സർവവും വെണ്ണീറാക്കുന്ന വികാര വിചാരങ്ങളെ പച്ചയായി നമുക്ക് കാട്ടിത്തരികയാണ് കാക്കനാടൻ തന്റെ ''വസൂരി'' എന്ന നോവലിലൂടെ.

ഒരു മഹാ വ്യാധിയെ കച്ചവടച്ചരക്കാക്കുന്ന കള്ള വൈദ്യന്മാരേയും മന്ത്രവാദികളേയും രാഷ്ട്രീയം മറന്നുകഴിഞ്ഞ കക്ഷിരാഷ്ട്രീയ ജീവികളെയും തുറന്നുകാട്ടുന്നുണ്ട് ഈ നോവലിൽ. ജാനകി എന്ന ലൈംഗികത്തൊഴിലാളിയും കൃഷ്ണൻകുട്ടി എന്ന കള്ളുകുടിയനുമാണ് കഥയുടെ കേന്ദ്രം.

ജോർജ് കാക്കനാടന്റെയും റോസമ്മയുടെയും മകനായി 1935 ഏപ്രിൽ 23ന് തിരുവല്ലയിലാണ് ജോർജ് വർഗീസ് കാക്കനാടൻ എന്ന കാക്കനാടന്റെ ജനനം. മലയാള സാഹിത്യത്തിൽ അധുനികതയുടെ അപ്പോസ്തലൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന എഴുത്തുകാരൻ.1960 കളുടെ മധ്യത്തിലാണ് കാക്കനാടൻ എഴുതിത്തുടങ്ങുന്നത് . മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ആധുനിക ചെറുകഥയാണ് കാക്കനാടന്റെ ''കാലപ്പഴക്കം''.

സ്വന്തം മരണത്തിനു മുൻപു വരെയുള്ള ജീവിതാനുഭവങ്ങളെ സവിശേഷമായ മാനസികാവസ്ഥയിൽ അയവിറക്കുന്ന ഒരു വൃദ്ധന്റെ മാനസിക വിക്ഷോഭങ്ങളെ സൂക്ഷ്മമായി പകർത്തിയ ചെറുകഥയാണ് കാലപ്പഴക്കം. ഇതിനു മുൻപ് ചില കഥകൾ എഴുതിയിരുന്നെങ്കിലും കാലപ്പഴക്കമാണ് കാക്കനാടനെ മലയാളത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനാക്കിയത്. 2011ൽ അദ്ദേഹം ജീവിതത്തിൽ നിന്ന് വിടവാങ്ങി.

ഡിജിറ്റൽ വായനാ പുസ്തകങ്ങളും തയാർ

തിരുവനന്തപുരം: അവധിക്കാലത്ത് അർഥപൂർണമായ വായനയ്ക്ക് അവസരമൊരുക്കാൻ പുസ്തകങ്ങളുടെ ശ്രേണിയുമായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി. ആദ്യഘട്ടത്തിൽ 10 പുസ്തകങ്ങളാണ് വെബ്സൈറ്റിൽ ലഭ്യമാക്കിയത്. സാമൂഹ്യ പ്രസക്തിയുള്ള ആശയങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചാണ് പുസ്തകങ്ങൾ തയാറാക്കിയിട്ടുള്ളത്.

ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ദുരന്ത നിവാരണം, സൈബർ സുരക്ഷ, പ്രകൃതിസംരക്ഷണം, ആരോഗ്യം, ജീവിതശൈലീ രോഗങ്ങൾ, ലഹരി വിമുക്തി, വാർധക്യകാല ജീവിതം എന്നീ വിഷയങ്ങളെ അധികരിച്ച് അതത് മേഖലകളിലെ വിദഗ്ധർ ഉൾപ്പെട്ട പാനലാണ് പുസ്തകം തയാറാക്കിയിട്ടുള്ളത്.

പിഡിഎഫ് രൂപത്തിൽ എസ്സിഇആർടി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പുസ്തകം ഡൗൺലോഡ് ചെയ്ത് വായിക്കാം. പുസ്തകത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് ജീവിതത്തിൽ പകർത്താനും മറ്റുള്ളവർക്ക് മാതൃകയാവാനും അധ്യാപകരും വിദ്യാർഥികളും ശ്രമിക്കണമെന്ന് ഡയറക്റ്റർ അറിയിച്ചു.

ഹോം കുക്കിങ്

ബിനിത ദേവസീ

Chunky Mango Jam

മാമ്പഴക്കാലമല്ലേ... സൂപ്പർ മാർക്കറ്റിൽ നിന്നും വാങ്ങുന്ന മാംഗോ ജാം എളുപ്പത്തിൽ വീട്ടിലുണ്ടാക്കിയാലോ.

വേണ്ടത് ഇത്രമാത്രം

നന്നായി പഴുത്ത ഒരു മാങ്ങ ചെറിയ കഷണങ്ങളാക്കി മുറിച്ചെടുത്തത്.
പഞ്ചസാര - 1 കപ്പ്
ഇഞ്ചി - ചെറിയ കഷണം
നാരങ്ങ - 1

തയാറാക്കുന്ന വിധം

മാങ്ങാ കഷണങ്ങൾ ചീനച്ചട്ടിയിൽ ഇട്ട് വേവിക്കാൻ വയ്ക്കുക, അതിലേക്ക് ഒരു നാരങ്ങയുടെ നീര് ഒഴിച്ച് ഇളക്കികൊണ്ടിരിക്കുക. അതിലേക്ക് ഒരു കപ്പ് പഞ്ചസാര ചേർത്ത് ഇളക്കുക (ഒരു മാങ്ങയ്ക്ക് ഒരു കപ്പ് പഞ്ചസാര എന്ന കണക്കിൽ) അതിലേക്ക് ചീന്തിയെടുത്ത ഇഞ്ചി ചേർത്ത് 25 മിനിറ്റ് വേവിക്കുക. ശേഷം ഒരു ഭരണിയിലേക്ക് പകർത്തി മാറ്റിവയ്ക്കുക. ഒന്നോ രണ്ടോ ആഴ്ച ഫ്രിഡ്ജിൽ സൂക്ഷിക്കാവുന്നതാണ്.

പറവകൾക്ക് തണ്ണീർക്കുടങ്ങളുമായി വിദ്യാർഥികൾ

കൊച്ചി: ഈ കൊടുംവേനലിൽ എത്ര വെള്ളംകുടിച്ചാലും നമുക്കു മതിയാവില്ല. അപ്പോൾ മറ്റ് ജീവജാലങ്ങളുടെ കാര്യം പറയാനുണ്ടോ? ഈ ചിന്തയിൽ നിന്നാണ് പറവകൾക്ക് ഒരു തണ്ണീർക്കുടം പദ്ധതിയുമായി എറണാകുളം എടവനക്കാട് എസ്ഡിപിവൈകെപിഎം ഹൈസ്ക്കൂളിലെ വിദ്യാർഥികൾ രംഗത്തു വന്നത്.

വീട്ടുവളപ്പിൽത്തന്നെ മൺചട്ടിയിലോ പാത്രത്തിലോ വെള്ളം വച്ചാൽ കുടിക്കാനായി വിവിധ തരം പക്ഷികളെത്തും. ഇവ പാത്രത്തിന്റെ വക്കുകളിൽ വന്നിരിക്കുമ്പോൾ മറിഞ്ഞു പോകാത്ത വിധത്തിൽ മതിലിലോ, ടെറസിലോ തണ്ണീർക്കുടങ്ങൾ സ്ഥാപിക്കാം. അധികം ഉയരത്തിലല്ലാതെ താഴെ നിന്നും വെള്ളം ഒഴിച്ചു കൊടുക്കാൻ പറ്റുന്ന തരത്തിൽ പാത്രങ്ങൾ മരങ്ങളിലും കെട്ടിവയ്ക്കാം. ദിവസവും രണ്ടു നേരം പാത്രത്തിലെ വെള്ളം മാറ്റി ശുദ്ധമായ വെള്ളം ഒഴിച്ചു കൊടുക്കണം. പക്ഷികൾക്കും മറ്റും ശല്യമുണ്ടാകാത്തതും അധികം വെയിൽ ലഭിക്കാത്തതുമായ ഇടങ്ങളാണ് ഉചിതം.

സാമൂഹ്യമാധ്യമങ്ങൾ വഴി ആരംഭിച്ച ഈ പ്രചരണത്തിന് വലിയ ജനസമ്മിതിയാണ് ലഭിച്ചിരിക്കുന്നതെന്ന് പദ്ധതിയ്ക്ക് നേതൃത്വം വഹിക്കുന്ന സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളിലൊരാളായ കെ.പി. ശ്രീശാന്ത് പറഞ്ഞു. കൗതുകത്തോടൊപ്പം ജീവകാരുണ്യ സന്ദേശം പകരാനും പ്രകൃതിസ്നേഹം വളർത്താനും ഈ പദ്ധതി ഉപകരിക്കുമെന്ന് കുട്ടികൾ പറയുന്നു. തണ്ണീർക്കുടങ്ങൾ തേടി പക്ഷികൾ വെള്ളം കുടിക്കാനെത്തുന്ന ചിത്രങ്ങളും അവർ പങ്കുവച്ചു.

വീട്ടുപരിസരത്തു വച്ച തണ്ണീർക്കുടത്തിൽ നിന്നു പറവ വെള്ളം കുടിക്കുന്നു.